# ക്രൂശിന്റെ വചനവും പുതിയനിയമ ദൈവസഭയും, പാരമ്പര്യ, പെന്തക്കോസ്ത് സഭകളും

## ഒരു താരതമ്യ പഠനം




JINU NINAN

www.cakchurch.com

ക്രൂശിന്റെ വചനവും, പുതിയ നിയമ ദൈവസഭയും, പാരമ്പര്യ , പെന്തക്കോസ്ത് സഭകളും –

തിരുവെഴുത്തുകളുടെയും, സഭാ ചരിത്രത്തിലൂടെയും ഉള്ള ഒരു താരതമ്യ പഠനം

MALAYALAM

AUTHOR

JINU NINAN © 2021

COPYRIGHTED

YOU MAY FREELY USE, SHARE, AND REPRODUCE ENTIRE UNALTERED ORIGINAL CONTENT FOR PERSONAL OR NONCOMMERCIAL USES AS LONG AS YOU PROVIDE AUTHOR'S NAME.

ഈ ഗ്രന്ഥം പൂർണ്ണമായും, വ്യതിയാനങ്ങൾ വരുത്താതെ ഗ്രന്ഥകർത്താവിന്റെ പേരോട് കൂടി സൗജന്യമായി വിതരണം ചെയ്യുവാനോ, ഉപയോഗിക്കുവാനോ അനുവാദം ഉള്ളതാണ്.

FOR FURTHER DETAILS PLEASE CONTACT:

JINU NINAN

EMAIL: ginuninan@gmail.com, info@cakchurch.com

WEBSITE:: WWW.CAKCHURCH.COM

Cover Page Design: Ioana Ninan

=====================================

# ക്രൂശിന്റെ വചനവും പുതിയ നിയമ ദൈവസഭയും , പാരമ്പര്യ, പെന്തക്കോസ്ത് സഭകളും-

# തിരുവെഴുത്തുകളുടെയും, സഭാ ചരിത്രത്തിലൂടെയും ഉള്ള ഒരു താരതമ്യ പഠനം

=====================================

MALAYALAM

Author

JINU NINAN

www.cakchurch.com

=====================================

========================================

## ആമുഖം

========================================

ദൈവത്തിന്റെ മനസ്സിലെ ആത്യന്തികവും, അനാദി കാലം മുതലുള്ള ഉദ്ദേശവും നിർണ്ണയ പദ്ധതിയുമാണ് ദൈവസഭ. യേശുക്രിസ്തുവിന്റെ ക്രൂശിലെ മരണത്തിലൂടെ ദൈവം ആത്യന്തികമായി തന്റെ മണവാട്ടി സഭയെ ഉളവാക്കുകയാണ് ചെയ്തതു. ദൈവത്തിന്റെ ഭൂമിയിലെ എല്ലാക്കാലത്തെയും പ്രവർത്തനം ആത്യന്തികമായി ദൈ വസഭ പണിയപ്പെടുന്നതിനു വേണ്ടിയാണു. പുതിയ നിയമത്തിലെ എല്ലാ ശുശ്രൂഷകളും ദൈവസഭയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്.

ദൈവം ദൈവസഭ എന്ന തന്റെ ശരീരത്തെ ഭൂമിയിൽ ആക്കി വെച്ചിരിക്കുന്നത്, സ്വർഗ്ഗത്തിലെ വാഴ്ചകൾക്കും അധികാരങ്ങൾക്കും മുൻപിൽ തന്റെ നിത്യലക്ഷ്യ പ്രകാരമുള്ള പദ്ധതിയെ; തന്റെ ബഹുവിധ ജ്ഞാനത്തെ വെളിപ്പെടുത്താൻ വേണ്ടിയിട്ടാണ് എന്നാണ് ദൈവവചനം പറയുന്നത് (എഫെസ്യർ 3:10,11).

മാത്രമല്ല, ദൈവസഭയിൽ കൂടി മാത്രമേ ഒരുവന് ആത്മീക വർധനയും, ക്രിസ്തു എന്ന തലയോളമെത്തുന്ന ആത്മീക വളർച്ചയും സാധ്യമാകൂ എന്നും ദൈവവചനം പറയുന്നു. ( എഫെസ്യർ 4:11)

എന്നാൽ യഥാർത്ഥമായി കർത്താവിനെ പിന്തുടരാൻ ആഗ്രഹിക്കുകയും, ദൈവവചന പ്രകാരമുള്ള ദൈവസഭ എന്താണ് എന്ന് ദൈവവചനത്തിൽ നിന്നും മനസ്സിലാക്കിയിരിക്കുകയും ചെയ്യുന്ന ഏതൊരു വ്യക്തിയുടെയും മനസ്സിൽ ഉയരാവുന്ന ചില ചോദ്യങ്ങൾ ഉണ്ട്.

നാം പുതിയനിയമത്തിൽ കാണുന്ന ആദിമ ദൈവസഭയുടെ രഹസ്യം എന്താണ്? ശക്തമായ പീഡനങ്ങളുടെ

മധ്യത്തിൽ അവർ സാക്ഷ്യത്തോടെ നിലനിന്നിരുന്നതിന്റെ കാരണം എന്താണ്? വാഴ്ചകളുടെയും അധികാരങ്ങളുടെയും മുകളിൽ സഭ എങ്ങനെയാണു വിജയം നേടിയത്? എങ്ങനെ സഭ പാതാള ഗോപുരങ്ങളെ ജയിച്ചു? എന്തായിരുന്നു ആദിമ സഭയുടെ സന്ദേശം ?

ഇന്ന് നാം കാണുന്ന നാം ഇന്ന് കാണുന്ന സഭകൾ ദൈവത്തിന്റെ ഈ ഉദ്ദേശം ഭൂമിയിൽ നിവർത്തിക്കുന്നുണ്ടോ? ഇന്ന് നാം കാണുന്ന അനേക സഭകളിൽ ഏതാണ് ദൈവവചന പ്രകാരം ഉള്ള സഭ ? പാരമ്പര്യസഭകളോ, പെന്തക്കോസ്ത് സഭകളോ ? പെന്തെകൊസ്തു സഭകളുടെ ഉപദേശവും പ്രവർത്തനരീതികളും പൂർണ്ണമായും ദൈവവചനപ്രകാരവും ആദിമസഭയിലേതു പോലെയുമാണോ? പല പെന്തെകൊസ്തു സഭകളുടെയും ഇന്നത്തെ ആത്മീയ മൂല്യച്യുതിക്ക് എന്താണ് കാരണം? എന്താണ് ഇതിനു പരിഹാരം? ഇന്നത്തെ കാലത്തു ആദിമ സഭയുടെ ഉപദേശവും,മാതൃകയും പൂർണമായും പ്രായോഗികമാണോ? ദൈവവചനപ്രകാരവും ആത്മീകമായും ഉള്ള ദൈവസഭകൾ ആഗ്രഹിക്കുന്ന യഥാർത്ഥ വിശ്വാസികൾ ഇത്തരം സാഹചര്യങ്ങളിൽ എന്ത് ചെയ്യണം ?

**ഈ ലേഖനത്തിന്റെ ആദ്യഭാഗത്തു പുതിയ നിയമ ദൈവം സഭയെ ഭൂമിയിൽ അക്കിയതിന്റെ ഉദ്ദേശവും, ദൈവസഭയുടെ തുടക്കവും, ആദിമസഭയുടെ സന്ദേശവും, ഉപദേശവും, പ്രവർത്തന രീതികളും വിശദീകരിക്കുന്നു തുടർന്ന് ദൈവസഭക്ക് നൂറ്റാണ്ടുകളിലൂടെ ഉണ്ടായ പിന്മാറ്റവും, ദൈവസഭയിൽ കടന്ന വചനവിരുദ്ധ രീതികളും പാരമ്പര്യങ്ങളും വിശദീകരിക്കുന്നു.**

**തുടർന്ന്, നവീകരണ പ്രസ്ഥാനങ്ങളെക്കുറിച്ചും, അതിനെ തുടർന്നുണ്ടായ പെന്തെകൊസ്തു സഭകളുടെ ഉപദേശവും, സമ്പ്രദായങ്ങളും ദൈവവചന പ്രകാരം പരിശോധിക്കുകയാണ്.**

**അടുത്തതായി യഥാർത്ഥമായ ക്രിസ്തീയ ജീവിതം ആഗ്രഹിക്കുന്ന, ദൈവവചനത്തോട് ചേർന്ന് നിൽക്കുന്ന ദൈവസഭകളുടെ ഭാഗമാകുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇന്നത്തെ ആത്മീക സാഹചര്യങ്ങളിൽ ദൈവവചന അടിസ്ഥാന ത്തിലും പ്രായോഗികമായും എന്ത് ചെയ്യേണം എന്ന വിഷയം പരിശോധിക്കുന്നു.**

**അവസാനമായി വ്യത്യസ്തമായ വീക്ഷണങ്ങളും, ഉപദേശങ്ങളും, ദൈവവചന ബോധ്യങ്ങളും ഉള്ള ക്രിസ്തീയ സഭകൾ തമ്മിൽ ഉണ്ടാകേണ്ട ശരിയായ മനോഭാവം എന്താണ് എന്നും പരിശോധിക്കുന്നു.**

യേശുവിന്റെ ജീവൻ ഉള്ളിലുള്ള വിശ്വാസി, അങ്ങനെ യുള്ള വിശ്വാസികൾ കൂടിചേർന്ന പ്രാദേശിക ദൈവ സഭ, വീണ്ടും ജനിച്ച ദൈവമക്കൾ എല്ലാവരും ഉൾപ്പെ ടുന്ന ആഗോള വ്യാപകമായ (universal) ദൈവസഭ എന്ന മൂന്നു കാര്യങ്ങൾ മാത്രമേ ദൈവവചനപ്രകാരം ഉള്ളൂ. ഇതിൽ ആഗോള വ്യാപകമായ ദൈവസഭ അദൃശ്യ മാണ്, കാരണം അതിൽ ഇന്ന് വരെ ജീ വിച്ചിട്ടുള്ള എല്ലാ ദൈവമക്കളും,ഇനി ജനിക്കാൻ പോകുന്ന എല്ലാ ദൈവമ ക്കളും ഉൾപ്പെടുന്നത് ആണ്.

എന്നാൽ ദൈവമക്കളുടെ കൂട്ടായ്മയായ പ്രാദേശിക ദൈവസഭ ദൃശ്യമാണ്. ഈ പുസ്തകത്തിൽ കൂടി സാർവ ലൗകിക ദൈവസഭയേകുറിച്ചല്ല, പകരം കർത്താവിന്റെ ശരീരത്തിന്റെ ദൃശ്യവെളിപാടായ പ്രാദേശിക ദൈവസ ഭയെ കുറിച്ചാണ് വിശദീകരിക്കുന്നത്.

ദൈവവചനപ്രകാരമുള്ള ഒരു ദൈവസഭയെപറ്റിയുള്ള ഹൃദയഭാരമോ, കാഴ്ചപ്പാടോ മിക്ക വിശ്വാസികൾക്കും ഇല്ല എന്നതാണ് സത്യം. അതിനാൽ ഈ പുസ്തകത്തിലെ വിഷയങ്ങൾ പലർക്കും പ്രസക്തമാകുവാൻ സാധ്യത യില്ല. **എന്നാൽ ദൈവസഭയെപറ്റി യഥാർത്ഥ ഭാര**

**മുള്ള വ്യക്തികൾ ഈ ലേഖനം ശ്രദ്ധാപൂർവ്വം വായിക്കുക.**

ഈ വിഷയത്തിൽ എന്റെ ദൈവവചന ബോധ്യങ്ങൾ മുൻവിധികളില്ലാതെ കഴിവതും നിഷ്പക്ഷമായും, സ്വത ന്ത്രമായും പറയുവാനാണ് ശ്രമിച്ചിട്ടുള്ളത്.ഇതിലെ പല കാര്യങ്ങളും ദൈവവചനപ്രകാരം എന്നത് കൂടാതെ പ്രായോഗികമായി എന്റെ അനുഭങ്ങളുടെ അടിസ്ഥാന ത്തിലുള്ള ബോധ്യങ്ങളും ആണ്. അതിനാൽ വായന ക്കാർ ദൈവവചന പ്രകാരവും, പ്രായോഗികമായും ഈ ലേഖനത്തിലെ വിഷയങ്ങളെ പരിശോധിക്കുക

==========================================

## അധ്യായം 1

# ദൈവം സഭയെ ഭൂമിയിൽ അക്കിയതിന്റെ ഉദ്ദേശം

==========================================

ദൈവത്തിന്റെ സാർവ്വലൗകികമായ സഭയെക്കുറിച്ചു ഏറ്റവും വ്യക്തമായി വെളിപ്പെടുത്തിയിരിക്കുന്ന ലേഖനം ആണ് എഫെസ്യലേഖനം. കർത്താവ് ക്രൂശിൽ ചെയ്ത പ്രവർത്തിയെയും, അതിലൂടെ നമ്മെ മരണത്തിൽ നിന്നും ഉയിർപ്പിച്ചതിനെയും,നമ്മെ ഒരു ശരീരമാക്കി പണിയുന്നതിനെയും കുറിച്ച് പൗലോസ് ആദ്യ രണ്ടു അധ്യായങ്ങളിലൂടെ വ്യക്തമാക്കുന്നു.

ദൈവസഭയെക്കുറിച്ച് പഠിക്കുമ്പോൾ പ്രധാനമായി നാം മനസ്സിലാക്കേണ്ട ഒരു വിഷയമാണ് ദൈവസഭയെ എന്തിനാണ് ദൈവം ഭൂമിയിൽ ആക്കിയിരിക്കുന്നത് എന്നത്. അനേക കാരണങ്ങൾ ദൈവവചനത്തിൽ നിന്നും പറയാൻ കഴിയും എങ്കിലും എഫെസ്യ ലേഖനം അതിന് ഏറ്റവും പ്രധാനപ്പെട്ട കാരണം വിശദീകരിക്കുന്നു.

എഫെസ്യർ 3:10,11 ദൈവത്തിന്റെ ഉദ്ദേശ്യമോ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ അവിടന്നു പരിപൂർണമാക്കിയ നിത്യലക്ഷ്യത്തിനനുസൃതമായി അവിടത്തെ അപരിമേയജ്ഞാനം സ്വർഗത്തിലെ വാഴ്ചകൾക്കും അധികാരങ്ങൾക്കും ഇപ്പോൾ സഭയിലൂടെ വ്യക്തമാക്കുക എന്നതായിരുന്നു

അതായത് ദൈവം ദൈവസഭ എന്ന തന്റെ ശരീരത്തെ ഭൂമിയിൽ ആക്കി വെച്ചിരിക്കുന്നത്, സ്വർഗ്ഗത്തിലെ വാഴ്ചകൾക്കും അധികാരങ്ങൾക്കും മുൻപിൽ തന്റെ നിത്യലക്ഷ്യപ്രകാരമുള്ള പദ്ധതിയെ; തന്റെ ബഹുവിധ

മായ ജ്ഞാനത്തെ വെളിപ്പെടുത്താൻ വേണ്ടിയിട്ടാണ് എന്നാണ് ദൈവവചനം പറയുന്നത്.

=======================================

## വാഴ്ചകൾ അധികാരങ്ങൾ; അവയുടെ പിന്നിൽ പ്രവർത്തിക്കുന്ന പൈശാചിക പ്രമാണം

=======================================

എന്താണ് ഇവിടെ പരാമർശിക്കുന്ന വാഴ്ചകളും അധികാരങ്ങളും? എന്താണ് അവയുടെ പ്രത്യേകത? എന്താണ് ദൈവം ഇവക്കു മുൻപിൽ സഭയെ വെളിപ്പെടുതുന്നതിലൂടെ ഉദ്ദേശിക്കുന്നത്?ഈ വിഷയങ്ങൾ മനസ്സിലാക്കുന്നതിൽ കൂടി മാത്രമേ നമുക്ക് ദൈവസഭുടെ ഈ ഭൂമിയിലെ ഉദ്ദേശം വ്യക്തമായി മനസ്സിലാകുകയുള്ളൂ.

വാഴ്ചകളും അധികാരങ്ങളും എന്ന് പറയുന്നത് സ്വർഗ്ഗത്തിലെ പിശാചിനെയും അവന്റെ ദൂതഗണങ്ങളെയും, അവരുടെ ഭരണത്തെയും കുറിച്ചാണ്. ദൈവസഭയ്ക്ക് പോരാട്ടം ഉള്ളത് ഈ വാഴ്ചകളോടും അധികാരങ്ങളോടും ആണ്.

എഫെസ്യർ 5: 12 നമുക്കു പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും ആത്മീയ അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകതലങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ

ദൈവസഭയെ പറ്റി യേശുക്രിസ്തു ആദ്യമായി പരാമർശിക്കുന്ന ഇടതു തന്നെ താൻ പിശാചിന്റെ അധികാരങ്ങളെ പറ്റിയും ദൈവ സഭയ്ക്ക് അതിനോടുള്ള പോരാട്ടത്തെ പറ്റിയും പരാമർശിക്കുന്നുണ്ട്

എന്നാൽ ഈ പാതാള ഗോപുരങ്ങൾക്ക് ഒന്നിനും ദൈവസഭയെ ജയിക്കാൻ കഴിയുകയില്ല എന്നും, ദൈവസഭ പാതാള ഗോപുരങ്ങളുടെ മേൽ ജയം കൊള്ളും എന്നും കർത്താവ് പറയുന്നു.

മത്തായി 16:18 ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; നരകകവാടങ്ങൾ അതിനെ ജയിച്ചടക്കുക അ സാധ്യം.

## എന്താണ് ഈ വാഴ്ചകളെയും അധികാരങ്ങളെയും അഥവാ പിശാചിന്റെ ലോകത്തെ നിയന്ത്രിക്കുന്ന പ്രമാണം?

അതു മനസ്സിലായാൽ മാത്രമേ പിശാചിന്റെ ലോക ത്തിനു മുൻപിൽ എന്താണ് ദൈവസഭ വഴി വെളിപ്പെടു ത്താൻ ദൈവം ആഗ്രഹിക്കുന്നത് എന്ന് മനസ്സിലാക്കു കയുള്ളൂ.

പിശാചിന്റെ രാജ്യത്തെ നിയന്ത്രിക്കുന്ന പ്രമാണം ഏതു എന്ന് തിരിച്ചറിയണമെങ്കിൽ നാം പിശാച് എങ്ങനെ യാണ് പിശാചായിയിത്തീർന്നത് എന്ന് മനസ്സിലാക്കണം.

ദൈവം സൃഷ്ടിച്ച ആദിമലോകത്തിൽ ദൈവത്തിന്റെ സമ്പൂർണ്ണ ഭരണം ആയിരുന്നു ഉണ്ടായിരുന്നത് . എന്നാ ൽ ദൈവത്തിന്റെ സൃഷ്ടിയായ പ്രധാന ദൂതൻ ആയി രുന്ന ലൂസിഫർ എന്ന ദൂതൻ തന്നെത്താൻ ഉയർത്തി ദൈവത്തോട് സമൻ ആകുവാൻ ശ്രമിച്ചു .

12ഉഷസ്സിന്റെ പുത്രനായ പ്രഭാതനക്ഷത്രമേ, നീ എങ്ങ നെ താഴെ വീണു! ജനതകളെ കീഴടക്കിയ നീ എങ്ങനെ വെട്ടേറ്റു നിലംപതിച്ചു?" **"ഞാൻ** സ്വർഗ്ഗത്തിൽ കയറും; **എന്റെ** സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വയ്ക്കും; ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമപർവ്വതത്തിന്മേൽ **ഞാൻ** ഇരുന്നരുളും; **ഞാൻ** മേഘോന്നതങ്ങൾക്കു മീതെ കയറും; **ഞാൻ** അത്യുന്ന തനോടു സമനാകും" എന്നല്ലയോ നീ **ഹൃദയത്തിൽ** പറഞ്ഞത്.

അതായത് തന്റെ ഹൃദയത്തിൽ ഉയർന്ന, തന്നത്താൻ ഉയ ർത്താനുള്ള മനോഭാവം ആണ് തന്നെ പിശാച് ആക്കി തീർത്തത്. അതേ ഭാവം (പ്രമാണം ) തന്നെയാണ് പിശാ

ചിന്റെ രാജ്യത്തെ നിയന്ത്രിക്കുന്നത്. അതേ **ഞാൻ എന്ന** ഭാവത്തെയാണ് **മത്സരം (rebellion)** എന്ന് ദൈവ വചനം ദൈവവചനം വെളിപ്പെടുത്തുന്നത്. തന്നെ ത്താൻ ഉയർത്തുന്ന, ദൈവത്തോടും ദൈവനിയമിത അധികാരങ്ങളോടും മത്സരിക്കുന്ന, ഈ മനോഭാവം ആണ് പിശാചിന്റെ അഥവാ വാഴ്ചകളുടെയും അധികാര ങ്ങളുടെയും അടിസ്ഥാന സ്വഭാവം

ഈ വാക്യങ്ങൾ ശ്രദ്ധിച്ചാൽ ഇത് സംസാരിക്കുന്നതു ബാബിലോൺ രാജാവിനോടാണ്; അതായതു ബാബി ലോൺ രാജാവിന്റെ ഉള്ളിൽ പ്രവർത്തിക്കുന്ന പിശാചി ന്റെ അത്മാവിനോടാണ് എന്ന് മനസ്സിലാകും.

ബാബിലോൺ എപ്പോഴും ദൈവത്തിനെതിരെ **തന്നെ ത്താൻ ഉയർത്തുന്ന** വ്യവസ്ഥിതി ആണ്. അതിനാൽ തന്നെ ബാബിലോൺ രാജാവായ നെബുക്കദനെസ്സ റിലും, ഒടുവിൽ മഹതിയാം ബാബിലോൺ എന്ന വേശ്യസഭയിലും അതിന്റെ അധികാരിയായ എതിർ ക്രിസ്തുവിലും ഇതേ ഭാവം നമുക്ക് കാണുവാൻ കഴിയും. (ദാനീ. 4:30,1 തെസ്സലൊനീക്യർ 2:3, വെളി.18:7)

പിശാചിന്റെ, എതിർ ക്രിസ്തുവിന്റെ മത്സരഭാവത്തിന്റെ നേരെ എതിരെ ഉള്ള ഭാവമാണ് ക്രിസ്തുവിന്റെ മനോ ഭാവം. അത് തന്നെത്താൻ താഴ്ത്തുന്ന താഴ്മയുടെ ഭാവ മാണ്.

ഈ മനോഭാവമാണ് ദൈവസഭയിൽ കൂടി ദൈവം വാഴ്ചകളുടെയും അധികാരങ്ങളുടെയും മുൻപിൽ വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നത്. (ഫിലിപ്പിയർ 2:5,7)

സാത്താന്റെ രാജ്യത്തിൽ പ്രവർത്തിക്കപ്പെടുന്ന പ്രമാ ണം മത്സരം(Rebellion) ആണ് എങ്കിൽ ദൈവസഭ പ്രവർ ത്തിക്കപ്പെടുന്ന പ്രമാണം താഴ്മ (Submission) ആണ്.

അതായത് ദൈവത്തോട് മത്സരിച്ച, പിശാചിനെയും, വാഴ്ചകളുടെയും അധികാരങ്ങളുടെയും പുറകിൽ പ്രവ

ർത്തിക്കുന്ന മത്സരം ( rebellion ) എന്ന പ്രമാണത്തിനു എതിരായ താഴ്മ ( submission) എന്ന പ്രമാണത്തെ അവ രുടെ മുൻപിൽ വെളിപ്പെടുത്തുക എന്നതായിരുന്നു ദൈവത്തിന്റെ നിത്യലക്ഷ്യപ്രകാരമുള്ള പദ്ധതി.

അത് ദൈവം സാധിക്കുന്നത് ഒരു തലയ്ക്കു ശരീരം കീഴടങ്ങുന്നത് പോലെ, ശരീരത്തിലെ അവയവങ്ങൾ പരസ്പരം കീഴടങ്ങുന്നതു പോലെ താഴ്മ എന്ന പ്രമാണ ത്തിൽ ഭൂമിയിൽ പ്രവർത്തിക്കുന്ന ദൈവസഭയിലൂടെ യാണ്.

ഇന്ന് സഭകൾ എന്ന് അറിയപ്പെടുന്ന പലയിടത്തും നട ക്കുന്ന രാഷ്ട്രീയം, വോട്ടെടുപ്പ്, കൈക്കൂലി,സ്ഥാനമാന ങ്ങൾക്കായുള്ള മത്സരം എന്നിവ വെളിപ്പെടുത്തുന്നത് അതൊക്കെയും പിശാചിന്റെ പ്രമാണത്താൽ നയിക്ക പ്പെടുന്ന മനുഷ്യ നിർമ്മിത സംഘടനകൾ മാത്രമാണ് എന്നാണ്. അവിടെ പണിയപ്പെടുന്നത് ദൈവസഭ എന്ന ശരീരം അല്ല, മറിച്ചു തന്നെത്താൻ ഉയർത്തുന്ന എതി രാളിയായ എതിർക്രിസ്തുവിന്റെ ആത്മാവിനാൽ പണി യപ്പെടുന്ന മഹതിയാം ബാബിലോൺ ആണ്.

ദൈവീക അധികാരത്തിന്റെയും അതിനോടുള്ള താഴ്മ യുടെയും അനുകരണത്തിന്റെയും ഏറ്റവും ഉയർന്ന പ്രദ ർശനം ദൈവം തലയായ ക്രിസ്തുവിന്റെ ജീവിതത്തിൽ ആണ് വെളിപ്പെട്ടത്.

ശരീരത്തിന്റെ അനുസരണം പരിപൂർണ്ണം ആണ്, തല യ്ക്ക് ശരീരത്തോട് അനുസരിക്കുവാൻ വേണ്ടി എഴുത പ്പെട്ടതോ എഴുതപ്പെടാത്തതോ ആയ കൽപ്പനകൾ പുറ പ്പെടുവിക്കുക വേണ്ടിവരുന്നില്ല. പകരം ശരീരം തല യുടെ ഉത്തരവിനു വേണ്ടി ശാന്തമായി ലഭ്യമായി രിക്കുകയും അത് ലഭിക്കുമ്പോൾ തൽക്ഷണം പ്രതിക രിക്കുകയും ചെയ്യുന്നു ശരീരം തലയ്ക്കു വേണ്ടി തനിക്ക് തോന്നുന്നതു എന്തെങ്കിലും ചെയ്യുകയല്ല മറിച്ച് തല പറയുന്നത് മാത്രം ചെയ്യുകയാണ് അഥവാ തല

പറയാതെ ശരീരത്തിന് ഒന്നും തന്നെ ചെയ്യുവാൻ കഴിയുന്നതല്ല.

യേശുക്രിസ്തുവിന്റെ ഈ ഭൂമിയിലെ ജീവിതം തലയ്ക്ക് ശരീരം കീഴടങ്ങുന്നത് പോലെ തന്റെ  തലയായ പിതാവിന് പൂർണ്ണമായും കീഴടങ്ങുന്ന ജീവിതമായിരുന്നു. അതിനാലാണ് പിതാവായ ദൈവത്തെ ക്രിസ്തുവിന്റെ തല എന്ന് വിശേഷിപ്പിക്കുന്നത്. തനിക്കു സ്വതവേ ഒന്നും ചെയ്യാൻ കഴിയില്ല എന്ന് കർത്താവ് പറഞ്ഞത് അതിനാലാണ്.

ക്രൂശിലെ മരണപുനരുദ്ധാനങ്ങളിലൂടെ ക്രിസ്തു സഭയുടെ തലയും, സഭ ക്രിസ്തുവിന്റെ ശരീരവും ആയിത്തീർന്നു. ക്രൂശിലൂടെ ദൈവം സാധിച്ച ഏറ്റവും പ്രാധാന്യമുള്ള കാര്യം ക്രിസ്തു തനിക്കു തലയായിരുന്ന പിതാവിന് കീഴ്പെട്ടതു പോലെ, തലയായ ക്രിസ്തുവിനു പൂർണ്ണമായും കീഴ്പ്പെടുന്ന ശരീരമായ സഭയെ ഉളവാക്കുക എന്നതായിരുന്നു.

അതിനാൽ ഇന്ന് ദൈവീക അധികാരത്തിന്റെയും അതിനോടുള്ള താഴ്മയുടെയും അനുസരണത്തിന്റെയും ഏറ്റവും ഉയർന്ന പ്രദർശനം സഭയായ ക്രിസ്തുവിന്റെ ശരീരത്തിലാണ് വെളിപ്പെടുന്നത്. അതിലൂടെ പൈശാചിക വാഴ്ചകളുടെയും, അധികാരങ്ങളുടെയും മുൻപിൽ അപരിമേയജ്ഞാനവും  നിത്യപദ്ധതിയും വെളിപ്പെടുന്നു.

തുടർന്നുള്ള അധ്യായങ്ങളിൽ ക്രൂശിൽ കർത്താവ് സാധിച്ച ആ വലിയ പ്രവർത്തിയെയും, അതിലൂടെ സഭാശരീരം എന്ന വലിയ മർമ്മം പൂർത്തിയാക്കിയതിനെയും പറ്റി നമുക്ക് ചിന്തിക്കാം.

=======================================

## അദ്ധ്യായം 2

## മനുഷ്യ സൃഷ്ടിയിലെ ദൈവിക ഉദ്ദേശം

=======================================

നാം ചിന്തിച്ചത് ദൈവസഭയെ ദൈവം ഭൂമിയിൽ ആക്കിവച്ചതിന്റെ ഉദ്ദേശം ആയിരുന്നു, അത് പിശാചിന്റെ മത്സരഭാവത്തിന്റെ നേരെ എതിരെ ഉള്ള യേശുക്രിസ്തുവിന്റെ മനോഭാവം, തലയായ ക്രിസ്തുവിനു പരിപൂർണ്ണമായും കീഴ്പ്പെടുന്ന ശരീരമായ ദൈവസഭയിൽ കൂടി വാഴ്ചകളുടെയും അധികാരങ്ങളുടെയും മുൻപിൽ വെളിപ്പെടുത്തുക എന്നതായിരുന്നു.

ഇതേ ഉദ്ദേശത്തോട് കൂടിയായിരുന്നു ദൈവം ആദ്യകുടുംബത്തെ ഭൂമിയിൽ സൃഷ്ടിച്ചു ആക്കി വച്ചതു. ഏദനിലെ ആദ്യകുടുംബം ദൈവം തല ആയിരിക്കുന്ന ശരീരമാകുന്ന സഭയുടെ, ഒരു പ്രതീകമായിരുന്നു.

ദൈവത്തിന്റെ അനാദി നിർണയത്തിൽ ദൈവം ദൈവസഭയിൽ കൂടി എന്ത് ആഗ്രഹിച്ചുവോ അതു തന്നെയാണ് ദൈവം ആദിയിൽ മനുഷ്യസൃഷ്ടിയിൽ കൂടി ഉദ്ദേശിച്ചത്.

ദൈവ വ്യവസ്ഥയിൽ ആദത്തിന് തലയായി, അധികാരസ്ഥാനിയായി ദൈവം ഇരുന്നതു പോലെ ഹവ്വായുടെ തലയായി ആദത്തെ വെച്ചിരുന്നു.

ഈ ഒരു ദൈവ വ്യവസ്ഥയാണ് 1 കൊരിന്ത്യർ 14 അധ്യായത്തിൽ പൗലോസിലൂടെ ദൈവം വെളിപ്പെടുത്തുന്നത്. ഇതിന്റെ തുടർച്ചയാണ് ദൈവ സഭയിലൂടെ ദൈവം വഴ്ചകളുടെയും അധികാരങ്ങളുടെയും മുൻപിൽ പ്രദർശിപ്പിക്കുന്നത്..

ആദിമ കുടുംബത്തിൽ ദൈവ നിയമിത അധികാരങ്ങ ൾക്ക് കീഴടങ്ങുന്നവരായി പിശാചിന്റെ രാജ്യത്തിന് എതിരായ പ്രമാണത്തിൽ ഈ ഭൂമിയിൽ ദൈവീക വ്യവസ്ഥ എന്താണ് എന്ന് വെളിപ്പെടുതെണം എന്നും ദൈവം രാജാവായിരുന്ന ദൈവരാജ്യത്തിന്റെ പ്രതീക മായി ഭൂമിയിൽ വാഴേണം എന്നും ദൈവം ആഗ്രഹിച്ചു.

എന്നാൽ ദൈവം നിയമിച്ച ഈ വ്യവസ്ഥയെ തകർക്കു വാൻ ; പിശാചിന്റെ ഹൃദയത്തിൽ തുടങ്ങിയ മത്സരം അവൻ ഉപായത്താൽ ആ കുടുംബത്തിലും പ്രവേശിപ്പി ക്കുന്നു. അങ്ങനെ പിശാച് ഹവ്വയെ വഞ്ചിക്കുകയും, ദൈവം നിയമിച്ച അധികാരത്തോട് മത്സരിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തു.

=========================================

## ദൈവിക ഉദ്ദേശത്തിൽ നിന്നുള്ള മനുഷ്യന്റെ പതനം

=========================================

പിശാചിന്റെ പതനം ദൈവീക അധികാരത്തിനു കീഴട ങ്ങാതെ ഉള്ള മത്സരത്തിൽ നിന്നും ആയിരുന്നു എങ്കി ൽ; മനുഷ്യന്റെ പതനവും ദൈവ അധികാരത്തിനു കീഴടങ്ങാത്ത മത്സരത്തിൽ നിന്നാണ് ഉണ്ടായത് . ഹവ്വാ തനിക്കു ദൈവം നിയമിച്ച അധികാരമായിരുന്ന ആദാ മിനോട് ആലോചിക്കാതെ തീരുമാനമെടുത്തു.ഹവ്വക്കു പിന്നാലെ ആദം ദൈവത്തോട് മത്സരിച്ചു തനിക്കു നൽ കിയ ഏക കൽപന ലംഘിക്കുകയും ചെയ്തു.

ആദാമിന്റെ ലംഘനം എല്ലാ മനുഷ്യരെയും പാപത്തി ന്റെ അധീനതയിലാക്കി. കാരണം, ആദം എല്ലാ മനുഷ്യ രെയും പ്രതിനിധാനം ചെയ്യുന്നവൻ ആയി രു ന്നു. എല്ലാ മനുഷ്യരും അവനിൽ ഉൾപ്പെട്ടിരുന്നു. അങ്ങനെ ആദാ മിന്റെ ലംഘനത്താൽ എല്ലാ മനുഷ്യരും ആദമിൽ പാ പത്തിന്റെ ദാസൻമാരായി മാറി.

മാത്രമല്ല മനുഷ്യന്റെ ഉള്ളിൽനിന്നും ദൈവാത്മാവ് വിട്ടുമാറുകയും മനുഷ്യൻ ആത്മീയമായി മരിക്കുകയും ചെയ്തു . അതിനേക്കാൾ ഉപരിയായി മനുഷ്യന്റെ ഉള്ളിൽ പിശാചിന്റെ മനോഭാവം, മത്സരസ്വഭാവം കടക്കുകയും ചെയ്തു

ഈ പൈശാചികമായ പാപസ്വഭാവം ദൈവത്തിനും ദൈവ അധികാരങ്ങൾക്കും എതിരെ മത്സരിക്കുന്ന പിശാചിന്റെ സ്വഭാവമാണ്. അതാണ് ഈ ലോകത്തിലെ അനുസരണം കെട്ടവരുടെ ഉള്ളിൽ വ്യാപരിക്കുന്ന ആത്മാവ്. (റോമർ 8:4 ,എഫെസ്യർ 2:2)

പാപ സ്വഭാവം, അല്ലെങ്കിൽ മത്സര സ്വഭാവം എന്ന വാക്ക് നമുക്ക് തിരുവെഴുത്തിൽ കാണുവാൻ കഴിയില്ല എന്നാൽ ജഡസ്വഭാവം, ഹൃദയത്തിൽ നിന്നുള്ള പാപം, പഴയ ഹൃദയം, കല്ലായുള്ള ഹൃദയം, ഹൃദയത്തിന്റെ അഗ്രചർമ്മം, ജഡശരീരം, പാപശരീരം, പാപപ്രമാണം, തന്നെത്താൻ ഉയർത്തുന്ന ഭാവം എന്നീ വാക്കുകൾ കൊണ്ട് ഉദ്ദേശിക്കുന്നതു ആദമിൽ നിന്നും പകരപ്പെട്ട മനുഷ്യന്റെ പാപസ്വഭാവത്തെ തന്നെയാണ്.

നാം വ്യക്തമായി മനസ്സിലാക്കേണ്ട ഒരു ദൈവവചന സത്യം ഉണ്ട് നാം പാപം ചെയ്യുന്നത് കൊണ്ട് പാപികൾ ആയിത്തീതീരുകയല്ല, പകരം നാം ജന്മനാ പാപികൾ ആയതു കൊണ്ട്, പാപസ്വഭാവം ഉള്ളത് കൊണ്ട്, പാപം ചെയ്യുകയാണ് ചെയ്യുന്നത്. നമ്മിൽ വസിക്കുന്ന പാപം “വേരും” പുറത്തു വരുന്ന പാപപ്രവർത്തികൾ “ഫലങ്ങളും” ആണ്. ഫലങ്ങൾ വ്യത്യസ്ഥ നിലകളിൽ പാപങ്ങളായി വെളിപ്പെട്ടു കൊണ്ടിരിക്കും. അതുകൊണ്ട് പാപസ്വഭാവം മാറാതെ പ്രവൃത്തികൾ മാറ്റുന്നതു കൊണ്ട് കാര്യമില്ല.

മനുഷ്യന്റെ വീഴ്ച്ച സംഭവിച്ചപ്പോൾ തന്നെ മനുഷ്യനെ പാപസ്വഭാവത്തിൽ നിന്നും വിടുവിക്കപ്പെടുവാൻ ഉള്ള

ദൈവീക പദ്ധതിയെക്കുറിച്ചു ഉത്പത്തിയിൽ തന്നെ ദൈവം അരുളിച്ചെയ്തു.

അത് പിശാചിന്റെ തല തകർത്തു, അവന്റെ പ്രവർത്തികളെ അഴിച്ചു മനുഷ്യനെ എന്നെന്നേക്കുമായി പാപത്തിൽ നിന്നും സ്വതന്ത്രൻ ആക്കുന്ന ദൈവപുത്രന്റെ വരവ് ആയിരുന്നു

"സ്ത്രീയുടെ സന്തതി നിന്റെ (പിശാചിന്റെ) തല തകർക്കും." ( ഉല്പത്തി 3 :15 )

ദൈവീക പദ്ധതിപ്രകാരം കലസമ്പൂർന്നതയിൽ ദൈവപുത്രനായ യേശുക്രിസ്തു സ്ത്രീയുടെ സന്തതിയായി ജനിച്ചു. (ഗലാത്യർ 4:4)

പിശാചിന്റെ പ്രവൃത്തികളെ നശിപ്പിക്കുവാൻ തന്നേ ദൈവപുത്രൻ പ്രത്യക്ഷനായി. ( 1യോഹന്നാൻ 5:8)

=======================================

## അധ്യായം 2

## ദൈവീക പദ്ധതിയുടെ പുനഃസ്ഥാപനം : ക്രൂശിലൂടെ

=======================================

യേശുക്രിസ്തുവിന്റെ ക്രൂശുമരണം എന്നത് മനുഷ്യചരിത്രത്തിലെ ഏറ്റവും അതിപ്രധാനമായ സംഭവവും സുവിശേഷത്തിന്റെ കേന്ദ്രബിന്ദുവുമാണ്. ആത്യന്തികമായ തന്റെ പദ്ധതിയിലേക്ക് മനുഷ്യവർഗ്ഗത്തെ പുനഃസ്ഥാപിക്കുവാൻ വേണ്ടിയാണു ക്രിസ്തു ക്രൂശിൽ മരിച്ചത്, തന്റെ അനാദിനിർണ്ണയമായ പുതിയനിയമ ദൈവസഭാമന്ദിരത്തിന്റെ അടിസ്ഥാനം ഇടുകയാണ് യേശുവിന്റെ ക്രൂശുമരണത്തിൽ കൂടി ദൈവം ചെയ്തത്.

യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിലൂടെ ദൈവം അതിപ്രധാനമായി ഉദ്ദേശിച്ചത് കുറെ ആളുകളെ നരകത്തിൽ നിന്നും രക്ഷിച്ചു സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുക എന്നതായിരുന്നില്ല, പകരം നാം ചിന്തിച്ചത് പോലെ തലയായ ക്രിസ്തുവിനു പരിപൂർണ്ണമായും കീഴ്പ്പെടുന്ന ശരീരമായ സഭയെ ഉളവാക്കുക എന്നതായിരുന്നു. അത് താൻ സാധിച്ചെടുത്തത്, തന്റെ ഭൂമിയിലെ ജീവിതത്തിലൂടെയും ക്രൂശിലെ മരണത്തിലൂടെയും ആയിരു ന്നു

ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവൻ എങ്ങനെ ജീവിക്കണം എന്ന് ഉദ്ദേശിച്ചിരുന്നു എന്ന് വെളിപ്പെടുത്തുന്ന ജീവിതം ആയിരുന്നു. യേശുക്രിസ്തുവിന്റെ ഈ ഭൂമിയിലെ ജീവിതം

ദൈവം മനുഷ്യനെ സൃഷ്ടിച്ചത് താൻ തലയായിരിക്കുന്ന ശരീരം പോലെ പ്രവർത്തിക്കുവാൻ ആയിരുന്നു. ദൈവം പൂർണ്ണമായും ഭരണം നടത്തുന്ന ദൈവരാജ്യം

ആയിരിക്കുവാൻ ആയിരുന്നു. ആദ്യ മനുഷ്യനായ ആദം അതിൽ പരാജയപ്പെട്ടു എങ്കിൽ യേശുക്രിസ്തുവിന്റെ ജീവിതത്തിൽ ദൈവത്തിന്റെ ഭരണം പരിപൂർണമായിരുന്നു .

യേശുക്രിസ്തുവിന്റെ ഈ ഭൂമിയിലെ ജീവിതം തലയ്ക്ക് ശരീരം കീഴടങ്ങുന്നത് പോലെ തന്നെ തലയായ പിതാവിന് പൂർണ്ണമായും കീഴടങ്ങുന്ന ജീവിതമായിരുന്നു അതിനാലാണ്,പിതാവായ ദൈവത്തെ ക്രിസ്തുവിന്റെ തല എന്ന് വിശേഷിപ്പിക്കുന്നത്,

ഈ ഭൂമിയിലെ ജീവിതത്തിൽ തനിക്ക് സ്വയമായി ഒന്നും ചെയ്യാൻ കഴിയുകയില്ല എന്ന് കർത്താവ് തുടർച്ചയായി പ്രഖ്യാപിച്ചു. ഒരു ശരീരത്തിന് തലയെക്കൂടാതെ ഒന്നും ചെയ്യാൻ കഴിയാത്തതു പോലെ തനിക്ക് സ്വയമായി ഒന്നും ചെയ്യുവാനോ, സംസാരിക്കുവാനോ, പ്രവർത്തിക്കുവാനോ കഴിയുകയില്ല എന്നും തന്റെ തലയായ പിതാവ് പറയുന്നത് താൻ കേൾക്കുകയും പറയുകയും പ്രവർത്തിക്കുകയും മാത്രം ആണ് ചെയ്യുന്നത് എന്നും താൻ സ്വന്തം ഇഷ്ടമല്ല പിതാവിന്റെ ഇഷ്ടം മാത്രം ചെയ്യുന്നുവെന്നും കർത്താവ് പറഞ്ഞു. അതിനെയാണ് ദൈവവചനം ക്രിസ്തുവിന്റെ ഭാവം എന്ന് വിശേഷിപ്പിക്കുന്നത്. (യോഹന്നാൻ 5:30,യോഹന്നാൻ 8:28, എഫെസ്യർ 2:4).

ശരീരം തലയിൽ നിന്നും ഒരിക്കലും വേർപെടുന്നില്ല, വേർപെടുന്ന നിമിഷം അവിടെ മരണം ഉണ്ടാകും, ക്രിസ്തു തലയായ പിതാവിൽ നിന്നും ഒരിക്കലും വേർപെടാത്ത ജീവിതം ആണ് നയിച്ചത്, അതിനാൽ തന്നെ യേശു ക്രിസ്തുവിന്റെ ക്രൂശിലെ മരണം, തലയിൽ നിന്നും ശരീരം വേർപെടുന്നത് പോലെ വേദനാജനകമായിരുന്നു. എന്നാൽ ക്രൂശിലെ വേർപാട് വഴി താൻ പിതാവായ ദൈവവുമായുള്ള ബന്ധത്തിലേക്ക് നമ്മെ പുനഃസ്ഥപിക്കുകയും, നമ്മെ തന്റെ ശരീരമാക്കുകയും , താൻ സഭയുടെ തലയാകുകയും ചെയ്തു.

പാപം ചെയ്തു വീഴ്ച സംഭവിച്ച മനുഷ്യനു വന്ന രണ്ട് പ്രധാനപ്പെട്ട കാരണങ്ങളാണ് ദൈവത്തിനു തന്റെ ജീവനാൽ മനുഷ്യനെ നയിക്കുവാൻ കഴിയാതെ വന്നത്

1 പാപം ചെയ്തപ്പോൾ മനുഷ്യൻ ദൈവവുമായുള്ള ബന്ധത്തിൽ നിന്നും വേർപെട്ടു,തലയുമായുള്ള ജീവാത്മബന്ധം വിച്ഛേദിക്കപ്പെട്ടു

2. മനുഷ്യന്റെ ഉള്ളിലൊരു പാപഹൃദയം ഉളവായി, ദൈവത്തോട് എതിർത്തു നിൽക്കുന്ന പൈശാചിക മത്സര സ്വഭാവം മനുഷ്യന്റെ ഉള്ളിൽ കടന്നു.

പാപഹൃദയത്തെ നന്നാക്കിയെടുക്കുകയോ, മെച്ചപ്പെടുത്തുകയോ അല്ല, പകരം പാപഹൃദയത്തെ നീക്കുകയും പുതിയ ഹൃദയം തരികയും, ജീവന്റെ ഉറവയായ ദൈവവുമായി ബന്ധിപ്പിക്കുകയും പാപത്തിന്റെ മലിന ജലം വസിച്ചിരുന്ന ഇടത്ത് നിന്നും ജീവജല നദികൾ ഒഴുക്കുകയും ചെയ്യുക എന്നതാണ് ദൈവീക പദ്ധതി.( യോഹന്നാൻ 7 :38)

എന്താണ് ക്രൂശിൽ സംഭവിച്ചത്? ക്രൂശിൽ യേശുക്രിസ്തു മനുഷ്യന്റെ പാപസ്വഭാവം ഏറ്റെടുക്കുകയായിരുന്നു. വേറൊരു വിധത്തിൽ പറഞ്ഞാൽ നമ്മുടെ പാപ ഹൃദയം, ദൈവത്തോട് എതിർത്തു നിൽക്കുന്ന മത്സര സ്വഭാവം, ദൈവം യേശു ക്രിസ്തുവിനോടൊപ്പം ക്രൂശിൽ തറച്ചു നമ്മിൽ നിന്നും എന്നെന്നേക്കുമായി നീക്കിക്കളഞ്ഞു. ( റോമർ 6 :3, കൊലൊസ്സ്യർ 2:12, 1 കൊരിന്ത്യർ 12:13, ഗലാത്യർ 3:27, ഗലാത്യർ 2:20, ഗലാത്യർ s 5:1)

ആദാമിന്റെ പാപത്തിൽ കൂടി മനുഷ്യവർഗ്ഗത്തിലേക്കു പകരപ്പെട്ട മരണത്തെ യേശുക്രിസ്തു ക്രൂശിൽ ഏറ്റെടുത്തു മരിച്ചു, പകരം തന്റെ ജീവൻ അവനിൽ വിശ്വസിക്കുന്നവരുടെ ഉള്ളിൽ നൽകി അവരെ മരണത്തിൽ നിന്നും ഉയിർത്തെഴുന്നേൽപ്പിച്ചു, തലയുമായുള്ള ജീവാ

ത്മബന്ധം പുനഃസ്ഥാപിക്കപ്പെട്ടു. (കൊലൊസ്യർ 3:1, എഫെസ്യർ 2:1)

ക്രൂശിലെ തന്റെ മരണത്തിലൂടെ താൻ പിശാചിനെയും, വാഴ്ചകളെയും അധികാരങ്ങളെയും, പരാജയപ്പെടുത്തി ആയുധവർഗ്ഗം വെപ്പിച്ചു. മനുഷ്യനെ പാപത്തിൽ നിന്നും, മരണഭീതിയിൽ നിന്നും സ്വതന്ത്രനാക്കി. മാത്രമല്ല യേശുക്രിസ്തു മരിച്ചവരിൽ നിന്നും ആദ്യഫല മായി ഉയിർത്തെഴുന്നേറ്റു സഭയുടെ തലയായി, മൂലക്ക ല്ലായിത്തീർന്നു. (കൊലൊ. 2:15, കൊലൊ. 1:18, എഫെ സ്യർ 2:1)

=======================================

## അധ്യായം 3

## ദൈവസഭ; ആരംഭവും, പ്രവർത്തനവും

=========================================

പുതിയനിയമ ദൈവസഭയുടെ ആരംഭം പെന്തെകൊസ്തുനാളിൽ ആണ്. പെന്തക്കോസ്റ്റ് എന്ന പദത്തിന്റെ അർത്ഥം അമ്പതാം ദിവസം എന്നാണ്. പഴയ നിയമത്തിൽ ആദ്യഫല കൊയ്ത്തിനു ശേഷമുള്ള അമ്പതാം ദിനത്തിലെ വാരോത്സവത്തിനാണ്പെന്തക്കോസ്റ്റ് ദിനം എന്ന് പറയുന്നത്.

ജീവുള്ള ഗോതമ്പ് മണിയായ യേശുക്രിസ്തു നിലത്തു വീണു ചത്ത്, ആദ്യഫലമായി മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേറ്റതിനുശേഷം അമ്പതാം ദിവസം പരിശുദ്ധാത്മാവ് ഭൂമിയിലേക്ക് എന്നേക്കും ഇരിക്കേണ്ടതിനായി വരികയും; ആ ദിവസത്തിൽ, **ക്രിസ്തുവിന്റെ ജീവൻ** പ്രാപിച്ച അനേകർ ആദ്യഫലമായ യേശുക്രിസ്തുവിനോട് കൂടെ ആത്മീയമായി ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. അങ്ങനെ ക്രിസ്തു തലയും, ക്രിസ്തുവിന്റെ ജീവൻ പ്രാപിച്ചവരുടെ കൂട്ടം സഭ എന്ന ശരീരമായും രൂപപ്പെട്ടു.

=========================================

## ദൈവീക ശരീരത്തിലെ ദൈവീക ജീവൻ

=========================================

ദൈവവചനത്തിൽ ജീവനെ സൂചിപ്പിക്കുവാൻ മൂന്നു വ്യത്യസ്ത പദങ്ങൾ ആണ് ഉപയോഗിക്കുന്നത് **ദൈവീക ജീവൻ (Divine Life-Zoe), ദേഹീപരമായ ജീവൻ (soul-life-psyche), ശാരീരിക ജീവൻ ( physical life- bios)**

**യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിലൂടെ അവനിൽ വിശ്വസിക്കുന്നവർക്ക് ലഭിക്കുന്ന ഏറ്റവും പ്രധാനമായ കാര്യം എന്നുള്ളത് ക്രിസ്തുവിന്റെ തന്നെ ജീവനായ ദൈവീക ജീവൻ ( Zoe ) ആണ്. അത് ലഭിച്ചതിനാൽ ആണ് അവർ ക്രിസ്തുവിനെപ്പോലെ ദൈവീക ജീവൻ ഉള്ളിലുള്ള ഗോതമ്പ് മണികൾ ആയി ഉയിർത്തെഴുനേറ്റത്.**

**എന്നാൽ ദൈവീക ജീവൻ ലഭിച്ച ഗോതമ്പ് മണികൾ ഫലം കൊടുക്കണം എങ്കിൽ അവരുടെ സ്വാഭാവികമായ, ദേഹീപരമായ ജീവൻ (psyche) വിട്ടു കളയണം എന്നും അത് ക്രൂശു എടുത്തു കർത്താവിനെ അനുഗമിക്കുന്നതിൽ മാത്രമേ സാധ്യമാകുകയുള്ളൂ എന്നും അങ്ങനെ മാത്രമേ ജീവനുള്ള ഗോതമ്പ് മണികൾ, ജീവനുള്ള അപ്പമായിത്തീരുകയുള്ളൂ എന്നും കർത്താവ് പറഞ്ഞിരുന്നു.( യോഹന്നാൻ 12:24)**

അതിനാൽ അവർ ജീവനുള്ള ഗോതമ്പ് മണികളായി നില നിൽക്കുകയല്ല ചെയ്തത്, അവർ തങ്ങളുടെ കർത്താവ് കാണിച്ചു കൊടുത്ത മാതൃകയിൽ നിലത്തു വീണു ചാവുകയും, ക്രൂശെടുക്കുകയും ചെയ്തു കൊണ്ട് ഒരു ജീവനുള്ള അപ്പവും, ശരീരവും, മന്ദിരവും, മണവാട്ടിയും (Bread, Body, Buiding and Bride) ആയിത്തീർന്നു. അഥവാ പുതിയനിയമ സഭയായി കൂടിവന്നു

ആദിമ ദൈവസഭ വിശ്വാസികൾ കൂടിവരുന്ന കെട്ടിടമായിരുന്നില്ല , ദൈവസഭ ദൈവത്തിന്റെ ആത്മാവിനാൽ ജീവനുള്ള കല്ലുകളായ ദൈവമക്കൾ ചേർന്ന് പണിയപ്പെടുന്ന ജീവനുള്ള ദൈവാലയമായിരുന്നു .(1പത്രോസ് 2:5, 1 തിമോത്തിയോസ് 4:16)

ദൈവസഭ എന്നത് സമാന ചിന്താഗതിക്കാരായ വ്യക്തികളുടെ സമിതിയായിരുന്നില്ല , ആത്മാവിന്റെ ഐക്യതയിൽ നയിക്കപ്പെടുന്ന വ്യത്യസ്തവ്യക്തികളുടെ കൂട്ടായ്മ

യായിരുന്നു,വ്യത്യസ്ത ഗോതമ്പ് മണികൾ പൊടിഞ്ഞു ചേർന്ന് ഉണ്ടാക്കപ്പെട്ട ഏക അപ്പം ആയിരുന്നു (1 കൊരിന്ത്യർ 10:17)

ദൈവസഭ എന്നത് മാനുഷിക നേതാകന്മാരാൽ നയിക്കപ്പെടുന്ന മാനുഷിക സംഘടനയായിരുന്നില്ല . തലയായ ക്രിസ്തുവിനാൽ നിയന്ത്രിക്കപ്പെടുന്ന ജീവനുള്ള അവയവങ്ങൾ ചേർന്ന ജൈവശരീരമായിരുന്നു. (1കൊരിന്ത്യർ 12:12)

കർത്താവിന്റെ ഉയിർപ്പിന് ശേഷം താൻ അപ്പോസ്തോലന്മാർക്ക്, തന്റെ ക്രൂശിലെ പൂർത്തീകരിച്ച പ്രവർത്തിയെക്കുറിച്ചും,അതിലൂടെ അവർക്ക് ലഭിച്ച ആത്മീക നന്മകളെക്കുറിച്ചും,പുതിയനിയമ ദൈവസഭയെക്കുറിച്ചും വെളിപാട് നൽകി.

ക്രൂശിലൂടെ പാപത്തിന്റെ ശിക്ഷയിൽ നിന്ന് മാത്രമല്ല, പാപത്തിന്റെ ശക്തിയിൽ നിന്നുള്ള സ്വാതന്ത്ര്യവും ദൈവം ഒരുക്കിയിരുന്നു എന്നും. യേശുക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ അവൻ നമ്മുടെ പാപങ്ങൾക്ക് വേണ്ടി മരിക്കുക മാത്രമല്ല നാം അവനോടു കൂടെ മരിച്ചു എന്നും, വിശ്വാസത്താൽ അവന്റെ മരണത്തിൽ പങ്കാളികൾ ആകുന്നതിൽ കൂടി പാപത്തിന്റെ ശക്തിയിൽ നിന്നും സ്വതന്ത്രമായി എന്നും, ദൈവീക ജീവനെ ഉള്ളിൽ പ്രാപിച്ചു എന്നുള്ള സത്യം അവർക്ക് വെളിപാടായി ലഭിക്കുകയും, അവർ അത് പ്രസംഗിക്കു കയും പഠിപ്പിക്കുകയും ചെയ്തു. ( റോമർ 6:6)

മാത്രമല്ല അങ്ങനെ പാപത്തിൽ നിന്നും സ്വതന്ത്രർ ആയവർ ദൈവീകജീവൻ **( Zoe)** ലഭിച്ചവർ ക്രൂശു എടുത്തു കർത്താവിനെ അനുഗമിക്കണം എന്നും, സ്വയജീവനെ (**psyche)** വിട്ടുകളയണം അങ്ങനെ മാത്രമേ അവർക്ക് ഒരു ശരീരമായി പണിയപ്പെടുവാൻ കഴിയുകയുള്ളൂ എന്നും അവർ പഠിപ്പിച്ചു.

**അതിനാൽ ക്രൂശിക്കപ്പെട്ട ക്രിസ്തുവും, ക്രൂശിന്റെ വചനവും ആയിരുന്നു അപ്പോസ്തോലന്മാരുടെ പ്രസംഗവിഷയവും പുതിയനിയമസഭയുടെ അടിസ്ഥാന ഉപദേശവും**

ക്രൂശിന്റെ സന്ദേശം, യേശുക്രിസ്തുവിന്റെ ക്രൂശിലെ മരണപുനരുദ്ധാനത്തിലൂടെ പാപത്തിന്റെയും മരണത്തിന്റെയും മുകളിൽ താൻ നേടിയ പരിപൂർണ്ണ വിജയത്തെ പ്രസ്താവിക്കുന്നു.

അതോടൊപ്പം, ക്രൂശിന്റെ സന്ദേശം ക്രിസ്തുവിന്റെ മരണപുനരുദ്ധാനത്തിൽ പങ്കാളികളായ നമ്മുടെ പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തെയും, പാപത്തിനു മുകളിലുള്ള വിജയത്തെയും പ്രസ്താവിക്കുന്നു.

നാം ദൈവവചനം പഠിക്കുമ്പോൾ ആദിമ ദൈവസഭ പ്രസംഗിക്കുകയും, പഠിപ്പിക്കുകയും, ജീവിതത്തിൽ പ്രായോഗികമാക്കുകയും ചെയ്ത ക്രൂശിന്റെ സന്ദേശം ആയിരുന്നു അവരുടെ വിശുദ്ധിയുടെയും, ശക്തിയുടെയും രഹസ്യം എന്ന് മനസ്സിലാക്കാം

മാത്രമല്ല അവർ പഠിപ്പിക്കുകയും, പ്രാവർത്തികമാക്കുകയും ചെയ്ത ക്രൂശിന്റെ സന്ദേശമായിരുന്നു അവരെ ക്രിസ്തു എന്ന തലയാൽ നിയന്ത്രിതമായ ശരീരമായി നിലനിർത്തുകയും, അവയവങ്ങളായി പ്രവർത്തിപ്പിക്കുകയും ചെയ്തിരുന്നത്.

നാം തുടർന്നുള്ള അധ്യായങ്ങളിൽ ഒരു ശരീരമായി കൂടിവന്നിരുന്ന ആദിമ സഭയുടെ ഉപദേശങ്ങളും രീതികളും, സവിശേഷതകളും അപ്പോസ്തല പ്രവൃത്തികളിൽ നിന്നും ലേഖനങ്ങളിൽ നിന്നും പഠിക്കുന്നതാണ്.

=====================================

## അധ്യായം 4

## പുതിയ നിയമ ദൈവസഭയുടെ സവിശേഷ തകൾ

=====================================

=====================================

## ആദിമസഭ ഒരു കുടുംബം

=====================================

യഹൂദ മതത്തിൽ നിന്നും രക്ഷിക്കപ്പെട്ടവരായ ആദിമ സഭയിലെ അംഗങ്ങൾ യഹൂദ ദൈവാലയത്തിലായി രുന്നു ഒരുമിച്ചുകൂടി വന്നിരുന്നത്. എന്നാൽ പിന്നീട് അവർ ദൈവാലയത്തിൽ നിന്ന് പുറത്തു വരികയും ഭവനങ്ങളിൽ കൂടുകയും ചെയ്തതായി നാം കാണുന്നു.

ആ ഭവനങ്ങളിൽ ഉൾക്കൊള്ളുവാൻ കഴിയാതെ വന്ന പ്പോൾ അവർ മറ്റു ഭവനങ്ങളിലേക്ക് കൂടി പ്രാദേശി കമായി അവരുടെ കൂടിവരവുകളിൽ മാറ്റിയിരുന്നു. (പ്രവ്യ. 2:46; 5:42; 20: 20; റോമർ 16: 5; 1 കൊരിന്ത്യർ 16:19; കൊ ലോസ്യർ 4:15; ഫിലേമോൻ 1: 2) വീടുകളിൽ ഇവർ കൂടിവരാനുള്ള കാരണം ദൈവസഭ തന്നെ ഒരു കുടും ബമാണ് എന്നതാണ്.

ഈ ഭവനങ്ങളിലെ കൂടിവരവുകൾ ലളിതവും, അനുപ ചാരികമായുള്ളതും ആയിരുന്നു, ഇത്തരം ലളിതമായ അനൗപചാരികമായ ഭവനങ്ങളിലെ കൂടിവരവുകളിൽ വിശ്വാസികൾ തമ്മിലുള്ള കൂട്ടായ്മയും പരസ്പരസ്നേഹ വും സഹകരണവും വർധിച്ചിരുന്നു. മാത്രമല്ല അതിഥി സൽക്കാരവും അവർക്ക് പ്രായോഗികമായി ചെയ്യു വാൻ കഴിഞ്ഞിരുന്നു.

സഭയിൽ എല്ലാവരും സഹോദരങ്ങളാണ്. എങ്കിലും അവരിൽ ആത്മീയ പിതാക്കന്മാരും ജേഷ്ഠസ ഹോദര ങ്ങളും കുഞ്ഞുങ്ങളും ഉള്ളതായ ഒരു വലിയ കുടുംബ മാണ് ദൈവസഭ. ഭവനങ്ങളിൽ കൂടി വരുമ്പോൾ അവ ർക്ക് അന്യോന്യമുള്ള ആഴത്തിലുള്ള കൂട്ടായ്മയും പങ്കു വയ്ക്കലും സാധ്യമായിരുന്നു.

"അവരുടെ വീട്ടിലെ സഭയെയും വന്ദനം ചെയ്‌വിൻ; (റോമർ 16:5)

"ആസ്യയിലെ സഭകൾ നിങ്ങളെ വന്ദനം ചെയ്യുന്നു; അകിലാവും പ്രിസ്കയും അവരുടെ ഭവനത്തിലെ സഭ യോടുകൂടെ കർത്താവിൽ നിങ്ങളെ വളരെ വന്ദനം ചെയ്യുന്നു."(1 കൊരിന്ത്യർ 16:19)

"ലവുദിക്യയിലെ സഹോദരന്മാർക്കും നുംഫെക്കും അവളുടെ വീട്ടിലെ സഭെക്കും വന്ദനം ചൊല്ലുവിൻ. "(കൊലൊസ്യർ 4:15)

"സഹോദരിയായ അപ്പിയെക്കും ഞങ്ങളുടെ സഹഭട നായ അർക്കിപ്പൊസിന്നും നിന്റെ വീട്ടിലെ സഭെക്കും എഴുതുന്നത്:"(ഫിലേമോൻ 1:2)

അവർ കൂടി വന്നിരുന്ന ഭവനം ആയിരുന്നില്ല മറിച്ച് ഭവനത്തിൽ കൂടിവന്നിരുന്ന വ്യക്തികൾ ചേർന്നതായി രുന്നു ദൈവസഭ."കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു."( പ്രവൃ ത്തികൾ 2:47)

അവർ ഭവനത്തിൽ കൂടിവരുമ്പോൾ ഭവനത്തിൽ ദൈവസഭ ഉണ്ടാവുകയാണ്. ദൈവസഭ വലിയ കുടുംബം ആണ്.

=====================================

## ആദിമ ദൈവസഭ ഒരു ദൈവീക കൂട്ടായ്മ

=====================================

ആദിമ ദൈവസഭയിലെ കൂടിവരവ് വെറുമൊരു സൗഹൃദ കൂടിവരവുകൾ ( Frendship ) ആയിരുന്നില്ല മറിച്ച് ദൈവീകമായ കൂട്ടായ്മയായിരുന്നു **(Fellowship Greek - Koinonia).**

പിതാവും പുത്രനും തമ്മിലുള്ള അതെ കൂട്ടായ്മയാണ് ദൈവസഭയിലെ കൂട്ടായ്മ. യേശുക്രിസ്തു എന്ന തലയുമായി ബന്ധപ്പെട്ട വിശ്വാസികൾ തമ്മിലും വിശ്വാസികൾക്ക് പിതാവിനോടും പുത്രനോടും ഉണ്ടാവേണ്ടതും ഒരേ കൂട്ടായ്മ ആണ്.

"ഞങ്ങൾ കണ്ടും കേട്ടുമുള്ളതു നിങ്ങൾക്കു ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകേണ്ടതിന്നു നിങ്ങളോടും അറിയിക്കുന്നു. ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു." (1 യോഹന്നാൻ 1:3)

പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ഒന്നായിത്തീർന്ന്, അങ്ങാണ് എന്നെ അയച്ചിരിക്കുന്നത് എന്ന് ലോകം വിശ്വസിക്കാനിടയാകേണം എന്നാണ് ഞാൻ പ്രാർഥിക്കുന്നത് (യോഹന്നാൻ 17: 21)

ദൈവീക കൂട്ടായ്മ **(Divine Fellowship- Koinonia**) എന്നത് ദൈവീക സ്നേഹത്തിൽ **(Divine Love- Agape,)** നിന്നും, ദൈവീക സ്നേഹം എന്നത് ദൈവീക ജീവനിൽ **(Divine Life-Zoe)** നിന്നും ഉളവാകുന്നതുമാണ്. ദൈവീകജീവനിൽ നിന്ന് ഉളവാക്കുന്ന, ദൈവീക സ്നേഹത്തിലൂടെയുള്ള ദൈവീക കൂട്ടായ്മ മാത്രമേ ദൈവസഭയിലെ യഥാർത്ഥമായ കൂട്ടായ്മ ആകുന്നുള്ളൂ.

ലോകത്തിലെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളിലെ അംഗങ്ങൾ തമ്മിലോ,ഒരേ സംഘടനയിലെ അംഗങ്ങൾ തമ്മിലോ അടുത്ത സൗഹൃദം ഉണ്ടാകും. എന്നാൽ അത് ദേഹീപരമായ സ്നേഹത്തിൽ **( phileo – Greek )** നിന്നും ഉണ്ടാകുന്ന ഉണ്ടാകുന്ന സൗഹൃദം **( Friendship)** മാത്രമാണ്

യേശുക്രിസ്തുവിന്റെ ക്രൂശിലെ പ്രവൃത്തിയാൽ പാപത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ച, ദൈവീക ജീവൻ ഉള്ളിൽ പ്രാപിച്ചവർ, ക്രൂശു എടുത്തു അനുദിനം കർത്താവിനെ അനുഗമിക്കുമ്പോൾ അവർ കർത്താവിനു വേണ്ടിയും മറ്റുള്ളവർക്ക് വേണ്ടിയും അവരുടെ ദേഹീപരമായ ജീവൻ **(പ്രാണൻ/ psyche)** വിട്ടുകളയുകയും, അവരിൽ ദൈവീകജീവൻ **(Zoe)** നിറയുകയും ചെയ്യുന്നു.

അങ്ങനെ അവർക്കു അന്യോന്യവും, തലയായ ക്രിസ്തുവിനോടും ആഴത്തിലുള്ള കൂട്ടായ്മ ഉണ്ടാകുകയും, തലയാൽ നിയന്ത്രിതമായ ഒരു ശരീരമായി അവർ പ്രവർത്തിക്കുകയും ചെയ്തിരുന്നു.

അതിനാൽ ദൈവീക കൂട്ടായ്മ ഒരിക്കലും ഒരു സംഘടനയുടെയോ, സമിതിയുടെയോ അംഗമാകുന്നതിലൂടെ ലഭിക്കില്ല. യേശുകർത്താവിന്റെ ദൈവീക ജീവൻ ഒഴുകുന്ന ജൈവശരീരത്തിലെ അംഗങ്ങൾ തമ്മിൽ മാത്രം ഉണ്ടാകുന്നതാണ്.

ഒന്നാം നൂറ്റാണ്ടിലെ സഭയുടെ, ആഴത്തിലുള്ള ഇത്തരം കൂട്ടായ്മയുടെ പ്രതിഫലനം ആയിരുന്നു അവർ കൂടി വന്നപ്പോൾ ഉണ്ടായിരുന്ന കർത്താവിന്റെ അത്താഴം.

"അവർ നാൾ തോറും നിരന്തരമായി ദൈവാലയാങ്കണത്തിൽ **ഏകഹൃദയത്തോടെ** കൂടിവരികയും വീടുകൾതോറും അപ്പംനുറുക്കുകയും **ആനന്ദത്തോടെയും ആത്മാർഥതയോടെയും** ഭക്ഷണം കഴിക്കുകയും

ദൈവത്തെസ്തുതിക്കുകയുംചെയ്തു.."(അപ്പ-പ്രവൃത്തിക ൾ 2: 46)

ആദിമ സഭയിലെ ഭവന കൂടി വരവുകളിൽ ദൈവശരീരത്തിലെ അംഗങ്ങൾക്ക് പരസ്പരവും, പിതാവിനോടും പുത്രനോടും ഉള്ള യഥാർത്ഥ കൂട്ടായ്മ പരിശുദ്ധാത്മാവിൽ സാധ്യമായിരുന്നു. അവർ പരസ്പരം സ്വയജീവനെ (Soul) മറ്റുള്ളവർക്കു വേണ്ടി വച്ചു കൊടുക്കുവാനും പരസ്പരം ഭാരങ്ങൾ ചുമക്കുവാനും സന്തോഷവും, സങ്കടവും പങ്കിടുവാനും കഴിഞ്ഞിരുന്നു. അത്തരം ഭവന കൂട്ടായ്മകളിലൂടെ അംഗങ്ങൾ തമ്മിൽ തമ്മിൽ സഹോദരി സഹോദരന്മാർ, ആത്മീയപിതാക്കന്മാർ, ആത്മീയ മാതാക്കൾ എന്നീ തരത്തിലുള്ള ബന്ധവും സാധ്യമായിരുന്നു. (പ്രവൃ. 2: 42-47; 4: 32-33; 1 കൊരിന്ത്യർ 12: 12-27; എഫെസ്യർ 4: 15-16; ഫിലിപ്പിയർ 2: 1-5; 1 യോഹന്നാൻ 1: 3; 3:16).

=========================================

## ആദിമ ദൈവസഭ ജീവനുള്ള ശരീരം

=========================================

യഥാർത്ഥ സഭയെ തിരിച്ചറിയുന്ന പ്രാഥമിക സവിശേഷത ക്രിസ്തുവിന്റെ ജീവനാണ്, അല്ലാതെ അവരുടെ പ്രവർത്തനരീതികളല്ല "അവർക്ക് ജീവൻ ലഭിക്കുവാനും സമൃദ്ധമായി ലഭിക്കുവാനും ഞാൻ വന്നിരിക്കുന്നു" എന്ന് യേശു പറഞ്ഞപ്പോൾ വിവരിച്ച നിത്യജീവനാണത് (യോഹന്നാൻ 10:10) പുത്രനെ സ്വീകരിക്കുന്നവർക്കു ലഭിക്കുന്ന നിത്യജീവനാണത് "പുത്രനുള്ളവന്നു ജീവൻ ഉണ്ട്; ദൈവപുത്രനില്ലാത്തവന്നു ജീവൻ ഇല്ല (1 യോഹന്നാൻ 5:12).

ഒരു അവയവം ശരീരത്തിന്റെ ഭാഗം ആകണം എങ്കിൽ ആ ശരീരത്തിലെ അതേ ജീവൻ തന്നെ അവയവത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

ഉദാഹരണത്തിന് ഒരു കൈ ഒരു ശരീരത്തിന്റെ ഭാഗമായിത്തീരുന്നതിന് കാരണം ശരീരത്തിൽ ഉള്ള അതേ രക്തം അഥവാ ജീവൻ ആ കയ്യിലും വ്യാപരിക്കുന്നതിനാൽ മാത്രമാണ്.

അതിനു പകരം ഒരു അവയവത്തിന്റെ രൂപമുണ്ടെങ്കിലും, ശരീരത്തോട് ചെർന്നിരുന്നാലും, മറ്റു അവയവങ്ങളെപ്പോലെ എല്ലാ പ്രവർത്തനങ്ങളും അനുകരിച്ചാലും, അത് ശരീരത്തിന്റ ഭാഗമല്ലാത്ത ജീവനില്ലാത്ത കൃത്രിമ അവയവം ആയിരിക്കും.

സഭ എന്ന ശരീരത്തിലൂടെ ഒഴുകുന്നത് യേശുക്രിസ്തുവിന്റെ രക്തം അഥവാ ജീവൻ ആകയാൽ ആ രക്തം ഒഴുകപ്പെടുന്ന അവയവങ്ങൾ മാത്രമാണ് ദൈവസഭയുടെ ഭാഗമാകുന്നത്

അതുപോലെ തന്നെ ദൈവസഭ എന്ന ശരീരത്തിലൂടെ ഒഴുകുന്ന ക്രിസ്തുവിന്റെ ജീവൻ **( Zoe)** അഥവാ രക്തം, ഉള്ളിൽ വരുമ്പോൾ മാത്രമേ ഒരു വ്യക്തിയ്ക്ക് ജീവൻ പ്രാപിക്കുവാനും ക്രിസ്തുവിന്റെ ശരീരമാകുന്ന ജീവനുള്ള ദൈവസഭയുടെ ഭാഗമാകുവാനും കഴികയുള്ളൂ.

യഥാർത്ഥ സഭ. ജീവനുള്ള ദൈവത്തിന്റെ സഭ – ക്രിസ്തുവിന്റെ ജീവനുള്ള ശരീരമാണ്. "ഇപ്പോൾ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും വ്യക്തിപരമായി അതിന്റെ അംഗങ്ങളുമാണ് (1കൊരിന്ത്യർ12:27)." സഭ ക്രിസ്തുവിന്റെ ശരീരമായതിനാൽ, ശരീരത്തിന്റെ അവയവങ്ങൾക്ക് ശരിയായ രീതിയിൽ ഒരുമിച്ച് പ്രവർത്തിക്കാനും വളരാനും സഭ തലയായ യേശു ക്രിസ്തുവിന് പൂർണ്ണമായും സമർപ്പിക്കണം.അങ്ങനെയുള്ള സമർപ്പണത്തിൽ ഓരോ അംഗങ്ങൾക്കും പ്രവർത്തിക്കുവാനുള്ള ജീവൻ ക്രിസ്തുവിൽ നിന്നും ലഭിക്കും.

അതിനാൽ ആണ് അപ്പോസ്തോലൻ ഇപ്രകാരം പറയുന്നത്;

(കൊലോസ്യർ 2:18,19) അവിടന്ന് സഭയെന്ന ശരീരത്തിന്റെ ശിരസ്സ് ആകുന്നു. ശിരസ്സുമായി ഉറ്റ ബന്ധം പുലർത്തുക, ശിരസ്സായ ക്രിസ്തുവിൽനിന്നാണല്ലോ ശരീരം മുഴുവൻ സന്ധിബന്ധങ്ങളാലും,നാഡീഞരമ്പുകളാലും ഏകീഭവിച്ചും പോഷണം സ്വീകരിച്ചും ദൈവത്തിൽ നിന്നുള്ള വളർച്ച പ്രാപിക്കുന്നത്.

ആദിമ സഭ അപ്രകാരം ദൈവീക ജീവനാൽ നിറഞ്ഞ, തലയായ ക്രിസ്തുവിനാൽ നയിക്കപ്പെടുന്ന,നിയന്ത്രിക്കപ്പെടുന്ന ജൈവശരീരം ആയിരുന്നു.

========================================

**രാജകീയ പുരോഹിതരുടെ ശുശ്രൂഷകൾ**

=========================================

ഇത്തരം പുതിയ നിയമസഭകളിൽ ഏറ്റവും പ്രധാനമായിരുന്നത് കർത്താവിന്റെ കുരിശുമരണത്താൽ ലഭ്യമായ എല്ലാ വിശ്വാസികളുടെയും രാജകീയ പൗരോഹിത്യ ശുശ്രൂഷകൾ ആയിരുന്നു.

പുതിയനിയമ ദൈവസഭ ജീവനുള്ള ആർജ്ജവമുള്ള, ഊർജ്ജസ്വലമായ രാജകീയ പുരോഹിതന്മാരുടെ ശുശ്രൂഷകൾ കൊണ്ട് സമ്പന്നമായിരുന്നു. എല്ലാവരും തന്നെ യേശുക്രിസ്തു എന്ന തലയുമായി നേരിട്ടുള്ള ബന്ധത്തിൽ ജീവന്റെ **(Zoe)** സമൃദ്ധി ഉള്ളവരും ആത്മാവിന്റെ ശക്തിയിൽ പരസ്പരം ശുശ്രൂഷിക്കുന്നവരും ആത്മീക വർധന വരുത്തുന്നവരും ആയിരുന്നു. അങ്ങനെ ദൈവസഭ എന്ന ശരീരം പണിയപെടുകയും ചെയ്തി രുന്നു.

"ഓരോരുത്തന് വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെക്കൊണ്ട് **അന്യോന്യം** ശുശ്രൂഷിപ്പിൻ."(1 പത്രൊസ് 4:10)

"നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മികഗൃഹമായി യേശുക്രിസ്തുമുഖാന്തരം ദൈവത്തിന്നു പ്രസാദമുള്ള ആത്മികയാഗം കഴിപ്പാന്തക്ക വിശുദ്ധ പുരോഹിതവർഗ്ഗമാകേണ്ടതിന്നു പണിയപ്പെടുന്നു." - 1 പത്രൊസ് 2:5

അതിനാൽ തന്നെ ദൈവസഭയുടെ തലയായ ക്രിസ്തുവിന്റെ നേതൃത്വത്തിൽ കൂടിവരുമ്പോൾ ഓരോ അംഗങ്ങൾക്കും തലയായ ക്രിസ്തുവിൽ നിന്നും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട സങ്കീർത്തനങ്ങളും സ്തുതികളും പ്രബോധനങ്ങളും ഉപദേശങ്ങളും അന്യഭാഷയും വ്യാഖ്യാനവും ലഭിക്കുകയും അതിനാൽ അവർ പരസ്പരം ആത്മികവർദ്ധന വരുത്തുകയും ചെയ്തിരുന്നു.

"ആകയാൽ എന്ത്? സഹോദരന്മാരേ, നിങ്ങൾ കൂടിവരുമ്പോൾ ഓരോരുത്തന്നു സങ്കീർത്തനം ഉണ്ട്, ഉപദേശം ഉണ്ട്, വെളിപ്പാട് ഉണ്ട്, അന്യഭാഷ ഉണ്ട്, വ്യഖ്യാനം ഉണ്ട്, സകലവും ആത്മികവർദ്ധനയ്ക്കായി ഉതകട്ടെ."-1 കൊരിന്ത്യർ 14:26.

എല്ലാം തന്നെ തലയായ ക്രിസ്തുവിന്റെ നിയന്ത്രണത്തിൽ ആയിരുന്നതിനാൽ അതെല്ലാം തന്നെ ഉചിതമായും ക്രമമായുള്ളതും പൊരുത്തമുള്ളതുമായിരുന്നു. യാന്ത്രികവും ഔപചാരികവും,അരോചകവും, ആവർത്തന വിരസമായതുമായിരുന്നില്ല.

ദൈവീക ജീവനിൽ നിന്നും ഉളവാകാത്ത ശുശ്രൂഷകൾ എല്ലാം,ദേഹിയിൽ നിന്നും ഉണ്ടാക്കപ്പെടുന്ന ആവർത്തനവിരസമായ കാര്യപരിപാടികളും,പ്രകടങ്ങളും ആയിരിക്കും. പുറമെ വ്യത്യാസം പലർക്കും തോന്നുകയില്ലെങ്കിലും ഹൃദയങ്ങളെയും, ഉൾപ്പൂവുകളെയും കാണുന്ന ദൈവത്തിനും, വിവേചനം ഉള്ള ആത്മീയർക്കും ഇവ തമ്മിലെ വ്യത്യാസം തിരിച്ചറിയാൻ കഴിയും

വിശ്വാസികളുടെ ഈ രാജകീയ പൗരോഹിത്യം ദൈവ സഭയുടെ അടിസ്ഥാന കല്ലുകൾ ജീവനുള്ള കല്ലുകൾ ആയിരുന്നു. ഈ ആത്മീയ സ്വാതന്ത്ര്യത്തിൽ വിശ്വാസികൾക്കു കർത്താവിനെ അടുത്തറിയുവാനും അവർക്ക് ലഭിച്ച കൃപാവരങ്ങൾ പ്രായോഗികമായി ഉപയോഗിക്കുവാനും ദൈവശരീരത്തിലെ മറ്റുള്ളവരെ ഫലപ്രദമായി സേവിക്കാനും കഴിഞ്ഞിരുന്നു.

(റോമർ 12: 3-8; 1 കൊരിന്ത്യർ 12: 1-12; എഫെസ്യർ 4:11 - 13, 15-16; കൊലോസ്യർ 2:19; 1 പത്രോസ് 2: 9; 4: 10-11; വെളിപ്പാടു 1: 6; 5:10).

ഇത് തലയായ ക്രിസ്തുവിനു ഇടനിലക്കാരായ പുരോഹിതന്മാരോ, പാസ്റ്റർമാരോ ഇല്ലാതെ  തന്നെ ഓരോ അംഗത്തെയും നേരിട്ട് നയിക്കുവാനും ഓരോ അംഗത്തിനും കർത്താവിൽ ദൃഷ്ടി ഉറപ്പിച്ചു, തന്നെ അനുഗമിക്കുവാനും കഴിഞ്ഞിരുന്നു.

========================================

## ആദിമ ദൈവസഭയുടെ നേതൃത്വം; നിയമനങ്ങൾ

========================================

ക്രിസ്തുശരീരത്തിലെ എല്ലാ അംഗങ്ങളും തമ്മിൽ സഹോദരങ്ങളും രാജകീയപുരോഹിതന്മാരും ആണെങ്കിലും, ആത്മീയമായി പക്വതയുള്ളവരും എളിയവരുമായ മൂപ്പന്മാർ എന്ന് വിളിക്കപ്പെടുന്ന സഹോദരന്മാർ സാധാരണയായി ഓരോ സഭയിലും പരിപാലനം ചെയ്തിരുന്നു.

പുതിയനിയമ ദൈവ സഭയെ മേൽനോട്ടം ആത്മീയ പക്വതയുള്ള പ്രാദേശികമായ സഭയിൽ നിന്നു തന്നെ ഉയർന്നു വന്ന താഴ്മയുള്ള സഹോദരന്മാർ തന്നെയായ മൂപ്പ ന്മാർ ആയിരുന്നു.

അവർ ദാസന്മാരായ നേതാക്കളായിരുന്നു. അവർ സഭയുടെയും സംഘടനയുടെയോ ശമ്പളക്കാർ ആയിരുന്നില്ല. സ്വന്തം കൈ കൊണ്ട് അദ്ധ്വാനിച്ചിരുന്നവരും ദൈവസഭയ്ക്കും സഭയുടെ വലിയ ഇടയനായ ക്രിസ്തുവിനോടും ഉത്തരവാദിത്വമുള്ളവരും കണക്ക് ബോധിപ്പിക്കുന്നവരും മാതൃകയുള്ളവരും കുടുംബത്തെ നന്നായി പരിപാലിക്കുന്നവരും ആയിരുന്നു.

അവർ ദൈവസഭയുടെ മേൽനോട്ടം വഹിക്കുന്നവരായിരുന്നു അല്ലാതെ വിശ്വാസികളുടെ ഓരോ ചെറിയ കാര്യത്തിലും ഇടപെടുന്നവർ ആയിരുന്നില്ല.

അവർ വിശ്വാസികളെ അവരവരുടെ പൗരോഹിത്യ ശുശ്രൂഷകൾ ചെയ്യുവാൻ സഹായിക്കുകയും അവരെ പരിശീലിപ്പിക്കുകയും അവർക്ക് മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. അവർ ദൈവജനത്തിന്റെ ശുശ്രൂഷകളെല്ലാം വിഴുങ്ങുകയും എല്ലാ ശുശ്രൂഷയും ചെയ്യുകയുമായിരുന്നില്ല,അവർ ജനത്തിനും, ദൈവത്തിനും നടുവിൽ നിൽക്കുന്ന പുരോഹിതർ ആയിരുന്നില്ല. അത് ക്രിസ്തുവും പരിശുദ്ധാത്മാവും ചെയ്യുന്ന ശുശ്രൂഷയാണ് എന്ന് ബോധ്യമുള്ളവരും ജനത്തെ ദൈവത്തോട് നേരിട്ട് ബന്ധിപ്പിക്കുന്നവരുമായിരുന്നു

അത്തരം സഭകൾ വളരുകയും ആത്മീയ ശുശ്രൂഷ ചെയ്യുവാൻ വിശ്വാസികൾ പ്രാപ്തർ ആവുകയും ചെയ്യുമ്പോൾ മൂപ്പന്മാർ അവരെ കൈവെച്ച് ശുശ്രൂഷകൾക്കു വേണ്ടി വേർതിരിക്കുമായിരുന്നു. ദൈവസഭ മൂപ്പന്മാരാൽ നയിക്കപ്പെടണം എന്നുള്ളത് മാറ്റമില്ലാത്ത ദൈവവചന വ്യവസ്ഥയാണ്.

ഇത്തരം ഒരു പ്രാദേശിക സഭയിൽ കൂടി, ദൈവം നിയമിച്ച അധികാരങ്ങൾക്കു കീഴടങ്ങി മാത്രമേ ഒരു ആത്മീയ ശിശു, ക്രിസ്തുവിന്റെ സമ്പൂർണ്ണത എന്ന പ്രായത്തിന്റെ അളവ് പ്രപിക്കുവോളം വളരുകയും പകത

പ്രാപിക്കുകയും അതുവഴി ക്രിസ്തുവിന്റെ ശരീരം പണിയപ്പെടുകയും ഉള്ളൂ.

അതിനായി അവരെ ഒരുക്കുവാൻ ദൈവം പ്രാദേശിക സഭയിൽ പ്രാവാചകന്മാർ, സുവിശേഷകന്മാർ, ഇടയർ, ഉപദേഷ്ടാക്കന്മാർ എന്നിവരെ നിയമിച്ചിരുന്നു. ഇവർ തങ്ങൾക്ക് ലഭിച്ച വരങ്ങളെ സ്വകാര്യ ലാഭത്തിനു ഉപയോഗിക്കുകയായിരുന്നില്ല. പകരം ദൈവസഭയുടെ പണിക്കു വേണ്ടി ഓരോ വിശ്വാസിയെയും ഒരുക്കുകയും, ദൈവസഭയുടെ പണിയിൽ അവർക്കു ലഭിച്ച വരത്തിനു ഒത്തവണ്ണം പങ്കാളികൾ ആകുകയും ചെയ്തിരുന്നു.

“ദൈവത്തിന്റെ ജനത്തെ ശുശ്രൂഷിക്കുകയും ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയ്ക്ക് ആത്മികവർദ്ധന വരുത്തുകയും സഭയെ പണിയുകയും ചെയ്യുന്നതാണ് ദൈവത്താൽ നിയമിക്കപ്പെട്ട ഈ ശുശ്രൂഷകന്മാരുടെ വേല. എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം ഈ വേല തുടരും.” (എഫെസ്യർ 4:11)

========================================

## ആദിമ ദൈവസഭയിലെ ശിക്ഷണം ( Decipline)

========================================

ആദിമസഭ ഒരു കുടുംബമായി പ്രവർത്തിക്കുകയായിരുന്നു എന്ന് നാം കണ്ടുവല്ലോ . ഏതു കുടുംബത്തിലും അച്ചടക്കം ഉണ്ടാകണം എങ്കിൽ ശിക്ഷണം ആവശ്യമാണ്. അതിനാൽ തന്നെ ആദിമസഭയിലും ശിക്ഷണം എങ്ങനെ വേണം എന്നുള്ളത് സഭയുടെ തലയായ യേശുക്രിസ്തു തന്നെ പഠിപ്പിച്ചിരുന്നു. കർത്താവ് ആദ്യമായി സഭയെപറ്റി പറയുമ്പോൾ അവിടെ പ്രാദേശിക സഭ

യിലെ ശിക്ഷണ നടപടികളെ പറ്റി വിശദീകരിക്കുന്നു. (മത്തായി 18 : 15)

ദൈവസഭ ഒരു പുളിപ്പില്ലാത്ത പിണ്ഡമാകണം എന്നാണ് ദൈവത്തിന്റെ ഉദ്ദേശം. പിണ്ഡത്തിൽ പുളിപ്പ് കട ക്കു കയും, അത് നീക്കാതെയും ഇരുന്നാൽ സഭ എന്ന പിണ്ഡം മുഴുവനായി പുളിച്ചു പോകും എന്നുള്ള മുന്ന റിയിപ്പ് പൗലോസും കൊടുക്കുന്നു. (1 കൊരിന്ത്യർ 5:6)

അതിനാൽ സഭയിൽ ഒരുവൻ പാപം ചെയ്താൽ, അതി നുള്ള ശിക്ഷണ നടപടിക്കുള്ള മാതൃക കർത്താവ് പഠി പ്പിച്ചത് ഇപ്രകാരമാണ്; പാപം ചെയ്ത ആളെ വ്യക്തിപര മായി ശാസിക്കുകയും പാപത്തെ ബോധ്യപ്പെടുത്തുക യും ചെയ്യുക, കേൾക്കാഞ്ഞാൽ രണ്ടു മൂന്നു സാക്ഷിക ളുടെ വായാൽ സകല കാര്യവും ഉറപ്പാകേണ്ടതിന് ഒന്നു രണ്ടു പേരെ കൂട്ടിക്കൊണ്ടു ചെല്ലുക. അവരെ കൂട്ടാ ക്കാഞ്ഞാൽ സഭയോട് ആ വ്യക്തിയുടെ പാപത്തെ അറിയിക്ക; സഭയെയും പാപം ചെയ്ത വ്യക്തി കൂട്ടാക്കാ ഞ്ഞാൽ അവനെ പുറത്താക്കുകയും ഇതായിരുന്നു കർ ത്താവിന്റെയും അപ്പോസ്തലൻമാരുടെയും ഉപദേശം. (മത്തായി 18 : 15-19)

കർത്താവിന്റെ ഈ ഉപദേശം ആദിമസഭ അതു പോലെ പാലിച്ചിരുന്നു എന്ന ലേഖനങ്ങളിൽ കൂടി നമുക്ക് മന സ്സിലാകും.

സഭയുടെ ശിക്ഷണ നടപടിയെ കൂട്ടാക്കാത്ത ഒരുവനെ ജഡസംഹാരത്തിനായി പിശാചിനെ എല്പ്പിക്കുവാൻ വ രെയുള്ള അധികാരം ദൈവസഭക്ക് ഉണ്ടായിരുന്നു. (1 കൊരിന്ത്യർ 5:5)

അങ്ങനെ സഭ ഒരുമിച്ച് എടുക്കുന്ന നടപടിക്കു മേൽ ദൈവീക അംഗീകാരമുണ്ട് എന്നും, സഭ അങ്ങനെ ഒരുമിച്ചു എടുക്കുന്ന ശിക്ഷണ നടപടി സ്വർഗ്ഗത്തിലും

അംഗീകരിക്കപ്പെട്ടിരിക്കുന്നു യേശുക്രിസ്തു വ്യക്തമാക്കിയിരുന്നു. (മത്തായി 18 : 19)

ദൈവീകശിക്ഷണം ദൈവീകസ്നേഹത്തിൽ നിന്നും വരുന്നു എന്നാണ് ദൈവവചനം പറയുന്നത് (ഹെബ്രായർ 12:5,6. വെളിപാട് 3:19) അതിനാൽ ദൈവസഭയിലെയും ശിക്ഷണം ദൈവീകജീവനിൽ നിന്നും, ദൈവീകസ്നേഹത്തിൽ നിന്നും ഉള്ളതാവണം. ശിക്ഷണം നടപ്പിലാക്കാത്ത സഭകൾ ദൈവീക ജീവനിലും, ദൈവീക സ്നേഹത്തിലും അല്ല പ്രവർത്തിക്കുന്നത്.

പലപ്പോഴും ദൈവസഭകളിൽ, ദൈവ സ്നേഹത്തിനും, ദൈവീക കൂട്ടായ്മക്കും പകരം മാനുഷിക സ്നേഹവും, മാനുഷിക സൗഹൃദവും ആണ് പ്രകടിക്കപ്പെടുന്നത്. അതിനാൽ തന്നെ ദൈവീക സ്നേഹത്തിൽ നിന്നും വരുന്ന ശിക്ഷണങ്ങൾ ഉണ്ടാകുകയില്ല.

പലപ്പോഴും ദൈവസഭയെ നയിക്കുന്ന മൂപ്പന്മാർ വരെ 'സമാധാനം' ഉണ്ടാക്കുവാൻ ശിക്ഷണ നടപടികൾ ഒഴിവാക്കുന്നു. എന്നാൽ അതിന്റെ ഫലം എന്നത് സഭയിൽ ദൈവനിയമിത അധികാരങ്ങൾക്ക് എതിരെ മത്സരിക്കുന്ന, തന്നെത്താൻ ഉയർത്തുന്ന വ്യക്തികൾ ഉണ്ടായേക്കാം എന്നതാണ് . എന്നാൽ ഒരു യഥാർത്ഥ ദൈവസഭയിൽ അത്തരം പ്രവണതകൾ വെളിപ്പെടുകയും, തിരുത്തപ്പെടുകയും ശിക്ഷണം നൽകപ്പെടുകയും ചെയ്യും.

ഭവനത്തെയും , സഭയേയും പരിപാലിക്കുവാൻ നിയമിക്കപ്പെട്ടിരിക്കുന്ന വ്യക്തികൾ സഭയിലോ, കുടുംബത്തിലോ ഒത്തുതീർപ്പുകരായി “സമാധാനം” ഉണ്ടാക്കുവാൻ വേണ്ടി മത്സരസ്വഭാവത്തിനു മുൻപിൽ കണ്ണടയ്ക്കുന്നവർ ആകരുത്. അങ്ങനെ ചെയ്താൽ അത് അനേകരെ നശിപ്പിക്കുന്നതരത്തിൽ ആ മത്സരം പടർന്നു പിടിച്ചെന്നുവരാം. പല സഭകളും നശിക്കുന്നതിനു കാരണം ഇത്തരം ഒത്തുതീർപ്പുകരായ നേതാക്കൾ ആണ്.

ദൈവത്തിന്റെ ദാസന്മാർ എല്ലായ്പ്പോഴും ദൈവത്തിന്റെ അധികാരം, ദൈവത്തിൽ ആശ്രയിച്ചു നിർവഹിക്കേണ്ടുന്നവരാണ്.

നാം ദൈവീക സത്യങ്ങൾക്ക് വേണ്ടി നിലകൊള്ളുമ്പോൾ നാം ചിലപ്പോൾ ഒറ്റപ്പെട്ടേക്കാം, എന്നാൽ ദൈവം നമ്മോടു കൂടെ നിൽക്കുകയും പിന്തുണക്കുകയും ചെയ്യും. എന്നാൽ താൽക്കാലിക സമാധാനം ഉണ്ടാക്കാൻ വേണ്ടി നാം ദൈവീക സത്യങ്ങളെ തള്ളിക്കളഞ്ഞാൽ. നമ്മുടെ ജീവിതത്തിലോ ശുശ്രൂഷയിലോ ദൈവീക അധികാരം ഉണ്ടാകില്ല. (ലൂക്കോസ് 12: 51)

ദൈവസഭ ഒരു ശരീരമായും ഒരപ്പമായും ഒരു കുടുംബമായും ഐക്യതയോടെ പ്രവർത്തിക്കുമ്പോൾ ഉള്ള ദൈവീക അധികാരത്തിനെയാണ് ഈ വാക്യങ്ങൾ സൂചിപ്പിക്കുന്നത്. എന്നാൽ ഒരു ശരീരമായി ഐക്യതയോടെ പ്രവർത്തിക്കാത്ത മാനുഷിക സംഘടനകൾക്ക് ഇത്തരം ആത്മീക അധികാരം ഉപയോഗിക്കുവാൻ കഴിയില്ല.അവർക്ക് അതിനുള്ള അധികാരം ദൈവം കൊടുക്കുകയും ഇല്ല.

========================================

## ആദിമ ദൈവസഭയുടെ സന്ദേശം: ക്രൂശിന്റെ സന്ദേശം

========================================

യേശുക്രിസ്തുവിന്റെ ക്രൂശു മരണം എന്ന മഹാസംഭവം ആണ് ദൈവസഭയുടെ ഉത്ഭവത്തിനു കാരണം, അതിനാൽ ആദിമസഭയുടെ സന്ദേശം ക്രൂശിന്റെ വചനം ആയിരുന്നു. അതായിരുന്നു ആദിമസഭ തുടർച്ചയായി പ്രസംഗിച്ചതും, പഠിപ്പിച്ചതും. എന്നാൽ ആ സന്ദേശം മൂന്ന് തലങ്ങളിൽ ഉള്ളതായിരുന്നു

**യേശുക്രിസ്തു നിങ്ങൾക്കു വേണ്ടി മരിച്ചു** അതിനാൽ അവനിൽ വിശ്വസിച്ചാൽ നിങ്ങൾക്ക് പാപമോചനം ഉണ്ട് എന്നാണ് അവർ അവിശ്വാസികളോട് പ്രസംഗിച്ചി രുന്നത്,

എന്നാൽ; **നിങ്ങൾ ക്രിസ്തുവിനോട് കൂടെ മരിച്ചു** , നിങ്ങളുടെ പഴയ മനുഷ്യൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടു എന്നും, അതിലൂടെ നിങ്ങൾ പാപത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചു, ദൈവീകജീവൻ ലഭിച്ചു എന്നുമുള്ള സത്യം ആണ് വിശ്വാസികളോട്, അവർ പഠിപ്പിച്ചിരുന്നത്.

അങ്ങനെ **ക്രിസ്തുവിനോട് കൂടെ മരിച്ചു,** യേശുക്രിസ്തുവിന്റെ ക്രൂശിലെ മരണത്താൽ പാപത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചു എന്ന വെളിപാട് ലഭിച്ചവർ, **ക്രൂശെടുത്തു കർത്താവിനെ അനുഗമിക്കാനും**, സ്വയ ജീവനെ വിട്ടുകളയുവാനും അവർ പഠിപ്പിച്ചു.

**ഇത് വളരെ പ്രാധാന്യമുള്ള ഒരു വിഷയമാണ്**. ക്രൂശിന്റെ സന്ദേശം യഥാർത്ഥത്തമായി പഠിപ്പിക്കുകയും, ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുന്നതിൽ കൂടിയായിരുന്നു ആദിമസഭ യേശുക്രിസ്തു എന്ന തലയുടെ കീഴിൽ ഒരു ശരീരമായി പ്രവർത്തിച്ചിരുന്നത്. അതിനാൽ ഈ വിഷയം വിശദമായി പറയുവാൻ ആഗ്രഹിക്കുന്നു.

========================================

## ക്രൂശിന്റെ സന്ദേശം: പാപത്തിൽ നിന്നും സ്വതന്ത്രം ആക്കുന്ന ഉപദേശരൂപം

========================================

1 കൊരിന്ത്യർ 1:23 "ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു;"

ആദിമ ദൈവസഭയുടെ ആത്മീക ശക്തിയുടെ അടിസ്ഥാനം എന്നത് അവർ പ്രസംഗിച്ചിരുന്ന ക്രൂശിന്റെ വചനമാകുന്ന സുവിശേഷത്തിന്റെ നിർമ്മലതയും, ശക്തിയുമായിരുന്നു.

ക്രൂശിൽ എന്താണ് യഥാർത്ഥത്തിൽ നടന്നത് എന്നുള്ളതിന്റെ വ്യക്തമായ വെളിപാട് അവർക്കു ഉണ്ടായിരുന്നു.അതിനാൽ അവർക്കു ക്രൂശു എടുത്തു കർത്താവിനെ അനുഗമിക്കുവാനും, **സ്വയജീവനെ സ്നേഹിക്കാതെ വിട്ടുകളയുവാനും** കഴിഞ്ഞു. അതിലൂടെ അതിശക്തമായ പീഢനങ്ങളുടെ നടുവിലും സഭ അജയ്യമായി, പാതാളഗോപുരങ്ങൾക്കു എതിരെ നില നിന്നു.

അവസാന കാലത്തു വരാനിരിക്കുന്ന മഹാപീഡനത്തിലും സഭ പിശാചിനെ ജയിക്കുന്നത് കർത്താവ് ക്രൂശിൽ ചൊരിഞ്ഞ രക്തത്താലും, അവരുടെ സാക്ഷ്യവചനത്താലും, **സ്വയജീവനെ സ്നേഹിക്കാതെ ഇരുന്നതിനാലുമാണ്** എന്ന് ദൈവവചനം പറയുന്നു. (വെളിപാട് 12:11)

കർത്താവ് പറഞ്ഞ കാര്യങ്ങളിൽ നാൽ സുവിശേഷങ്ങളിലും ഏറ്റവും കൂടുതൽ ആവർത്തിച്ച് പറഞ്ഞിട്ടുള്ള ഒരു കാര്യമാണ് **" ക്രൂശു എടുത്തു കൊണ്ട് തന്നെ അനുഗമിക്കുക, അതിലൂടെ സ്വയ ജീവനെ ത്യജിക്കുക, കളയുക, സ്നേഹിക്കാതിരിക്കുക"** എന്നത്. അങ്ങനെ ചെയ്യാത്തവർ തങ്ങളുടെ ജീവനെ കളയും എന്നും, ചെയ്യുന്നവർക്കു മാത്രമേ തങ്ങളുടെ ജീവനെ നിത്യതക്കായി സൂക്ഷിക്കുവാൻ കഴിയൂ എന്നും കർത്താവ് പഠിപ്പിച്ചു**. (മത്തായി 10:38, മർക്കോസ് 10:25,14:26, ലൂക്കോസ് 17:33, യോഹന്നാൻ 12:25 )**

എന്നാൽ എങ്ങനെയാണു ഒരുവന് ക്രൂശെടുക്കാനും സ്വയജീവനെ ത്യജിക്കുവാനും കഴിയുക? പാപത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കാത്ത, അത് തിരിച്ചറി

യാത്ത ഒരുവന് ക്രൂശെടുത്ത് കർത്താവിനെ അനുഗമിക്കാനോ, സ്വയജീവനെ ത്യജിക്കുവാനോ കഴിയില്ല.

വിശുദ്ധ ജീവിതത്തെപ്പറ്റി പഠിപ്പിക്കുന്ന, പ്രസംഗിക്കുന്ന മിക്ക സന്ദേശങ്ങളിലും കാണുന്ന അടിസ്ഥാനപരമായ ഒരു പ്രശ്നം ഉണ്ട്. അത് ക്രൂശിൽ എന്ത് നടന്നു എന്ന് പഠിപ്പിക്കാതെ , ക്രൂശു എടുത്തു, കർത്താവിനെ അനുഗമിക്കുന്നതിനെയും,സ്വയജീവനെ ത്യജിക്കുന്നതിനെയും, വിജയകരമായ ക്രിസ്തീയജീവതം നയിക്കുന്നതിനെയും പഠിപ്പിക്കുന്നതാണ്.

നാം, അഥവാ ആദമിൽ കൂടി നമ്മിൽ കടന്ന നമ്മുടെ പാപസ്വഭാവം അവനോടു കൂടെ മരിച്ചു, അടക്കപ്പെട്ടു, നീക്കപ്പെട്ടു, അങ്ങനെ ഞാൻ പാപത്തിന്റെ അടിമത്വത്തിൽ നിന്നും സ്വതന്ത്രൻ ആയി എന്ന ദൈവീകമായ വെളിപാട് ഇല്ലാത്ത വ്യക്തികൾക്ക്, പാപത്തിൽ നിന്നുള്ള യഥാർത്ഥമായ സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിയില്ല. (റോമർ 6 :6, ഗലാത്യർ 2:21, കൊലൊസ്യർ 2:11)

പാപത്തിൽ നിന്നുമുള്ള സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിയാത്ത വ്യക്തികൾക്ക് ക്രൂശു എടുത്തു കൊണ്ട് കർത്താവിനെ അനുഗമിക്കുവാനും, അതിലൂടെ സ്വയജീവനെ ത്യജിക്കുവാനും കഴിയില്ല,

ക്രൂശു എടുത്തു കർത്താവിനെ അനുഗമിക്കാത്ത, സ്വയജീവനെ ത്യജിക്കാത്ത വ്യക്തികൾക്ക് ദൈവസഭ എന്ന ശരീരത്തിലെ അവയവങ്ങൾ ആയി, ജീവനുള്ള കല്ലുകൾ ആയി പണിയപ്പെടുവാനും കഴിയില്ല.

അത് കൊണ്ട് തന്നെ അപ്പോസ്തോലന്മാരുടെ എഴുത്തുകളിൽ ഏറ്റവും കൂടുതൽ വ്യക്തമായി അവർ പഠിപ്പിക്കുവാൻ ശ്രമിച്ചത് **ക്രൂശിൽ എന്ത് നടന്നു** എന്നതിനെപ്പറ്റിയാണ്.

കാരണം, **ആ ഉപദേശം, ആ സത്യം** മാത്രമേ വിശ്വാസികളെ പാപത്തിൽ നിന്നുള്ള യഥാർത്ഥ സ്വാതന്ത്ര്യ

ത്തിലേക്ക് നടത്തുകയുള്ളു എന്ന് അവർക്കു അറിയാമായിരുന്നു.

അപ്പോസ്തോലനായ പൗലോസ് റോമർക്കും കൊലോസ്യർക്കും എഴുതിയ ലേഖനങ്ങളിലെ വാക്യങ്ങൾ ശ്രദ്ധിക്കുക

റോമർ 6 : 17എന്നാൽ നിങ്ങൾ *പാപത്തിന്റെ ദാസന്മാർ ആയിരുന്നുവെങ്കിലും **നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപത്തെ** ഹൃദയപൂർവം അനുസരിച്ച് പാപത്തിൽനിന്നു സ്വാതന്ത്ര്യം ലഭിച്ചു* നീതിക്കു ദാസന്മാരായിത്തീർന്നതുകൊണ്ട് ദൈവത്തിനു സ്തോത്രം

ഈ വാക്യങ്ങളിൽ നിന്നും പൗലോസ് റോമയിലെ വിശ്വാസികളെ **ഒരു ഉപദേശ രൂപം** പഠിപ്പിച്ചു എന്നും, *ആ ഉപദേശരൂപം അവർ ഹൃദയപൂർവം അനുസരിച്ചപ്പോൾ അവർ പാപത്തിൽ നിന്നും എന്നെന്നേക്കുമായി സ്വതന്ത്രർ ആയി എന്നും നമുക്ക് മനസിലാക്കാം*

അത് പോലെ, കൊലോസ്യയിലെ വിശ്വാസികളെ പൗലോസ് താൻ **പഠിപ്പിച്ച ഉപദേശത്തിൽ** ഉറച്ചു നില്ക്കാൻ ആവശ്യപ്പെടുന്നു.

കൊലോസ്യർ 2 :6 ആകയാൽ നിങ്ങൾ കർത്താവായ ക്രിസ്തുയേശുവിനെ കൈക്കൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പിൻ; അവനിൽ വേരൂന്നിയും ആത്മികവർധന **പ്രാപിച്ചും *നിങ്ങൾക്ക് ഉപദേശിച്ചുതന്നതിന് ഒത്തവണ്ണം** വിശ്വാസത്താൽ ഉറച്ചും* സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പിൻ.

എന്താണ് പൗലോസ് റോമയിലെയും , കൊലോസ്യയിലെയും വിശ്വാസികളെ പഠിപ്പിച്ച, പാപത്തിൽ നിന്നും എന്നെന്നേക്കുമായി ***അവരെ സ്വതന്ത്രർ ആക്കിയ ആ ആ ഉപദേശ രൂപം.?***

അത് മനസ്സിലാക്കണമെങ്കിൽ ഈ റോമാ ലേഖനത്തിലെയും, കൊലോസ്യ ലേഖനത്തിലെയും ഇതുമായി ബന്ധപ്പെട്ടു പൗലോസ് എഴുതുന്ന കാര്യങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ചാൽ മതിയാകും. അതിലെ പ്രധാനപ്പെട്ട ചില വാക്യങ്ങൾ എടുത്തെഴുതുന്നു.

## റോമാ ലേഖനം അധ്യായം 6

6 ***നാം ഇനി പാപത്തിന് അടിമകളായി തീരാത വണ്ണം നമ്മുടെ പാപസ്വഭാവം നശിക്കേണ്ടതിന്*** നമ്മിലുള്ള പഴയ മനുഷ്യൻ അവിടുത്തോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നു നാം അറിയുന്നു.(BSI Translation)

7 മരിച്ചവൻ പാപത്തിൽ നിന്ന് ***അങ്ങനെ മോചനം പ്രാപിച്ചിരിക്കുന്നു.***

11 അവ്വണ്ണം **നിങ്ങളും *പാപസംബന്ധമായി മരിച്ചവർ എന്നും*** ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവർ എന്നും ***നിങ്ങളെത്തന്നെ എണ്ണുവിൻ*.**

14 നിയമത്തിനല്ല, ദൈവകൃപയ്ക്കത്രേ നിങ്ങൾ വിധേയരായിരിക്കുന്നത്; അതുകൊണ്ട് ***പാപം ഇനി മേൽ നിങ്ങളെ ഭരിക്കുകയില്ല.***

**1**7 നിങ്ങളെ പഠിപ്പിച്ച ഉപദേശ രൂപത്തെ ഹൃദയപൂർവം അനുസരിച്ച് **പാപത്തിൽനിന്നു സ്വാതന്ത്ര്യം ലഭിച്ചു*** നീതിക്കു ദാസന്മാരായിത്തീർന്നതുകൊണ്ട് ദൈവത്തിനു സ്തോത്രം

22 ഇപ്പോൾ ***പാപത്തിൽനിന്നു നിങ്ങൾ സ്വതന്ത്രരാക്കപ്പെട്ടിരിക്കുന്നു****;

റോമാ ലേഖനത്തിലെ നാം കണ്ട വാക്യങ്ങളിൽ കൂടി പൌലോസ് വ്യക്തമായി അവരെ പഠിപ്പിച്ച ഉപദേശം ഇതാണ്. നിങ്ങൾ കർത്താവിൽ വിശ്വസിച്ചപ്പോൾ നിങ്ങൾ അവനോടു കൂടെ മരിച്ചു, നിങ്ങളുടെ പാപ

സ്വഭാവം ക്രിസ്തുവിനോട് കൂടെ ക്രൂശിൽ തറക്കപ്പെട്ടു, അടക്കപ്പെട്ടു നിങ്ങളിൽ നിന്നും നീക്കപ്പെട്ടു.**അങ്ങനെ നിങ്ങൾ പാപത്തിൽ നിന്നും സ്വതന്ത്രർ ആയി ത്തീർന്നു. അത് നിങ്ങൾ വിശ്വസിക്കുകയും, പാപ ത്തിൽ നിന്നും സ്വതന്ത്രർ എന്ന് നിങ്ങളെ തന്നെ എണ്ണുകയും വേണം.**

## കൊലോസ്യ ലേഖനം അധ്യായം 2,3

2:11 നിങ്ങൾ *ക്രിസ്തുവിനെ സ്വീകരിച്ചപ്പോൾ നിങ്ങ ളുടെ **ജന്മനാലുള്ള പാപസ്വഭാവത്തെ നീക്കം ചെയ്യുന്ന ഒരു ആത്മികപരിച്ഛേദന** നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു*. ഇത് ഒരു ശാരീരികപ്രക്രിയ അല്ല. (https://www.bible.com/bible /2431 /COL.2 .msv)

3:9,10 നിങ്ങൾ ***പഴയ മനുഷ്യനെ അവന്റെ പ്രവൃ ത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞു*,** തന്നെ സൃഷ്ടിച്ചവന്റെ പ്രതിമ പ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരി ക്കുന്നുവല്ലോ.

കൊലോസ്യ സഭക്ക് എഴുതിയ ഈ വാക്യങ്ങളിൽ കൂടി പൗലോസ് പ്രസ്താവിക്കുന്നത്, നിങ്ങൾ *ക്രിസ്തുവിനെ സ്വീകരിച്ചപ്പോൾ നിങ്ങളുടെ ജന്മനാലുള്ള പാപസ്വ ഭാവത്തെ നീക്കംചെയ്യുന്ന ഒരു ആത്മികപരിച്ഛേദന നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു, ആ പരിച്ഛേദനയാൽ ഒരുവന്റെ ജഡശരീരം അധവാ പഴയ മനുഷ്യനെ ഉരി ഞ്ഞുകളഞ്ഞു, അതിനാൽ നിങ്ങൾ പാപത്തിൽ നിന്നും സ്വതന്ത്രർ ആയി എന്നീ സത്യങ്ങൾ ആണ്.

അതായത് ചുരുക്കത്തിൽ പൗലോസ് റോമയിലെയും , കൊലോസ്യയിലെയും , മറ്റു എല്ലാ സഭകളിലും പഠിപ്പി ച്ച **പാപത്തിൽ നിന്നും മനുഷ്യനെ സ്വതന്ത്രൻ ആ ക്കുന്ന ഉപദേശ രൂപം ഇതാണ്**:

ഒരുവൻ മാനസാന്തരപ്പെട്ടുയേശുക്രിസ്തുവിൽ വിശ്വസിച്ച നിമിഷം , അവന്റെ പഴയ മനുഷ്യൻ അഥവാ പാപസ്വഭാവം ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടു, അടക്കപ്പെട്ടു നീങ്ങിപ്പോയി.അവൻ ഒരു പുതിയ സൃഷ്ടിയായി ഉയിർത്തെഴുന്നേറ്റു എന്ന് റോമാലേഖനത്തിൽ കൂടി പൗലോസ് സ്ഥാപിക്കുന്നു ( റോമർ 6 :1 -11 ) .

അതെ കാര്യം വേറൊരു രീതിയിൽ കൊലോസ്യ ലേഖനത്തിലും ഉറപ്പിക്കുന്നു.ഒരുവൻ മാനസാന്തരപ്പെട്ടു യേശുക്രിസ്തുവിൽ വിശ്വസിച്ച നിമിഷം അവന്റെ ജഡശരീരം അധവാ പാപസ്വഭാവം , ഹൃദയത്തിന്റെ അഗ്രചർമ്മം, പാപശരീരം, പരിച്ഛേദന ചെയ്യപ്പെട്ടു, മുറിച്ചു മാറ്റപ്പെട്ടു,എന്നെന്നേക്കുമായി നീക്കിക്കളഞ്ഞു. ( കൊലൊസ്യർ 2:6 -11 )

ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിന്മേൽ മരണത്തിനു അധികാരം ഇല്ലാതിരുന്നതു പോലെ, ക്രിസ്തുവിനോട് കൂടെ ഉയിർത്തെഴുന്നേറ്റവരുടെ മേൽ പാപത്തിനു ഇനി അധികാരമില്ല. *അങ്ങനെ അവൻ പാപത്തിൽ നിന്നും, പാപത്തിന്റെ അടിമത്വത്തിൽ നിന്നും എന്നെന്നേക്കുമായി സ്വതന്ത്രൻ ആയിത്തീർന്നു" ( റോമർ 6:10,11)

ഈ രണ്ടു ലേഖനങ്ങളിൽ; വീണ്ടും ജനിച്ച ഒരുവനിൽ പാപസ്വഭാവം അഥവാ പഴയ മനുഷ്യൻ എന്നെന്നേക്കുമായി അവനിൽ നിന്നും നീക്കപ്പെട്ടു എന്നും അവൻ പാപത്തിന്റെ അടിമത്വത്തിൽ നിന്നും എന്നെന്നേക്കുമായി സ്വതന്ത്രൻ ആയി എന്നും തെളിയിക്കുവാൻ രണ്ടു സാദൃശ്യങ്ങൾ ആണ് പൗലോസ് ഉപയോഗിക്കു ന്നത്.

ഒന്ന് ക്രൂശീകരണത്തിൽ കൂടിയുള്ള മരണവും അടക്കപ്പെടലും, മറ്റൊന്ന് പരിച്ഛേദനയും. മരിച്ചു കുഴിച്ചിടപ്പെട്ട മനുഷ്യൻ തിരിച്ചു വരാത്തത് പോലെയും, മുറിച്ചു മാറ്റപ്പെട്ട അഗ്രചർമ്മം തിരിച്ചു ചേർക്കാൻ പറ്റാത്തത് പോലെയും ഒരിക്കലും തിരിച്ചു വരാതെ വണ്ണം ഉള്ള

പഴയ മനുഷ്യന്റെ, പാപഹൃദയത്തിന്റെ, പാപസ്വഭാവ തിന്റെ മാറ്റപ്പെടൽ ആണ് ഇവിടെ സാദൃശ്യമാക്കുന്നതു.

ഈ മഹാസത്യം ഹൃദയപൂർവ്വം വിശ്വസിക്കാത്ത ഒരു വ്യക്തിക്കും ക്രൂശിൽ അവർക്ക് സൌജന്യമായി ലഭിച്ച പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യം അനുഭവിക്കുവാൻ കഴിയില്ല.

## പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യവും, പാപത്തിൽ നിന്നുള്ള വിജയവും

വിജയകരമായ ക്രിസ്തീയ ജീവിതത്തെക്കുറിച്ചു പഠിപ്പി ക്കുന്ന അനേകർക്കും പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യ വും, പാപത്തിൽ നിന്നുള്ള വിജയവും തമ്മിലുള്ള വ്യത്യാസം അറിയില്ല.

അതിനാൽ തന്നെ പലരും പാപത്തിനു മേൽ വിജയ മുള്ള ക്രിസ്തീയജീവിതതിനുള്ള പല തരത്തിലുള്ള മാർഗ്ഗങ്ങൾ പഠിപ്പിക്കാറുണ്ട്. ഉപവാസം, പ്രാർത്ഥന, പാപസാഹചര്യങ്ങളെ ഒഴിഞ്ഞിരിക്കുക, കൂട്ടായ്മ ആച രിക്കുക, പാപങ്ങളെ മനുഷ്യരോട് ഏറ്റുപറയുക, ശാരീ രിക അച്ചടക്കം പാലിക്കുക, ജഡത്തെ ക്രൂശിക്കുക തുടങ്ങി അനേക മാർഗ്ഗങ്ങൾ

എന്നാൽ പാപത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപി ക്കാത്ത, അത് തിരിച്ചറിയാത്ത ഒരുവന് ഒരിക്കലും ഇത്തരം കാര്യങ്ങളിലൂടെ പാപത്തിനു മേൽ വിജയം ഉണ്ടാകുകയില്ല. കാരണം സ്വാതന്ത്ര്യം പ്രാപിക്കാത്ത ഒരുവന് വിജയിക്കാൻ കഴിയില്ല എന്നുള്ളത് ലളിതമായ സത്യമാണ്.

ഉദാഹരണത്തിന് ഇസ്രയേൽ ജനം, മിസ്രയീമിന്റെ അടി മത്വത്തിൽ സ്വാതന്ത്ര്യം പ്രാപിക്കത്തിടത്തോളം, പ്രാപിച്ചു എന്ന് അറിയാത്തിടത്തോളം കനാൻ കീഴട ക്കുവാൻ അവർക്ക് കഴിയുന്നതല്ല.

ഇസ്രയേൽ മക്കൾക്ക് സ്വയമായി ഫറവോനിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കുവാൻ കഴിയാത്തതിനാൽ; ദൈവം തന്റെ വലങ്കരത്താലും, മഹാശക്തിയാലും ഫറവോനെ നശിപ്പിക്കുകയും, ഇസ്രയേൽ ജനത്തിനെ സ്വതന്ത്രർ ആക്കുകയും ചെയ്തു. അത് പോലെ നമുക്ക് സ്വയമായി പാപത്തിന്റെ അടിമത്വത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കുവാൻ കഴിയില്ല എന്നറിയുന്ന ദൈവം, ക്രൂശിലെ പ്രവർത്തിയാൽ നമ്മിലെ പഴയ മനുഷ്യനെ (പാപസ്വഭാവത്തെ) നശിപ്പിച്ചു നമ്മെ പാപ ത്തിന്റെ അടിമത്വത്തിൽ നിന്നും സ്വതന്ത്രർ ആക്കി. ( റോമർ 6 :6, കൊലൊസ്യ ർ 2:6 ) .

ചുരുക്കത്തിൽ പാപത്തിനു മുകളിലുള്ള വിജയവും (Vic tory over Sin) പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യവും (Free dom from Sin) തികച്ചും വ്യത്യസ്തം ആയ രണ്ടു പദങ്ങൾ ആണ്. പാപത്തിനു മേലുള്ള വിജയത്തിന്റെ മുന്നുപാധിയാണ് പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യം.

അടിസ്ഥാനപരമായ ഈ കാര്യത്തിൽ പലരും അജ്ഞർ ആണ്.ഈ അടിസ്ഥാന കാര്യത്തിൽ ഉള്ള അജ്ഞത പല രുടെയും ക്രിസ്തീയ ജീവിതം സ്വന്തശക്തിയിൽ ആശ്ര യിച്ചുള്ള പരിശ്രമങ്ങൾ മാത്രം ആയിത്തീർക്കുന്നു.

ക്രിസ്തുവിനോട് കൂടെ മരിച്ചു അടക്കപ്പെട്ടു, ഉയിർത്തെ ഴുന്നേറ്റു,പാപത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചു എന്ന ക്രൂശിലെ മഹൽസത്യം ഹൃദയപൂർവ്വം മനസ്സിലാ ക്കാതെ, അത് വഴി അവർ ശിരസ്സാകുന്ന ക്രിസ്തുവിനോട് ഗാഢബന്ധം പുലർത്താതെ ചെയ്യുന്ന ഇത്തരം എല്ലാ പരിശ്രമങ്ങളും നിഷ്ഫലം ആണ് എന്നും, ഭക്തിയുടെ രൂപം മാത്രമുള്ളതും, മനുഷ്യനിർമിതമായ ചട്ടങ്ങളും ഉപദേശങ്ങളുമാകുന്നു എന്നും, അതിനാൽ ജഡാഭിലാ ഷങ്ങളെ നിയന്ത്രിക്കുന്നതിന് ഇവയൊന്നും പര്യാപ്തമല്ല എന്നും പൗലോസ് കൊലോസ്യ ലേഖനത്തിൽ തന്നെ വീണ്ടും മുന്നറിയിപ്പ് തരുന്നു. കൊലോസ്യർ ( 2:6-21)

അതിനാൽ ആണ് പൗലോസ് വ്യക്തമായും ഈ ക്രമത്തിൽ തന്നെ കാര്യങ്ങളെ റോമാ ലേഖനത്തിൽ വിശദീകരിക്കുന്നത്.

റോമർ 6: 13 **നിങ്ങളെത്തന്നേ മരിച്ചിട്ട് ജീവിക്കുന്നവരായും** നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും ദൈവത്തിന് സമർപ്പിച്ചു കൊൾവിൻ.

പാപത്തിൽ നിന്നും പൂർണ്ണമായി സ്വാതന്ത്ര്യം പ്രാപിച്ചു എന്ന് തിരിച്ചറിയുന്ന ഒരു വ്യക്തിക്ക് തന്റെ ദേഹിയെ കർത്താവിന്റെ കയ്യിൽ വിട്ടുകളയുവാനും,അവയവങ്ങളെ നീതിയുടെ ആയുധങ്ങൾ ആയി സമർപ്പിക്കുവാനും കഴിയും.

കൊലോസ്യ ലേഖനത്തിനും ഇതേ ക്രമത്തിൽ ആണ് പൗലോസ് വിജയകരമായ ക്രിസ്തീയ ജീവിതം വിവരിക്കുന്നത്, നമ്മുടെ പാപസ്വഭാവം പരിച്ഛേദന ചെയ്തു നീക്കപ്പെട്ടു, മരിച്ചു, അടക്കപ്പെട്ടു, നാം ക്രിസ്തുവിനോട് കൂടെ ഉയിർത്തെഴുന്നേറ്റു, **അതിനാൽ** നാം ഉയരത്തിലുള്ളത് ചിന്തിക്കുകയും, പാപകരമായ ചിന്തകളെ നാം ക്രൂശിൽ മരിപ്പിക്കുകയും വേണം. (കൊലോസ്യർ 2:11, 12, 3:1,5)

## <u>വിശുദ്ധീകരണവും, പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യവും</u>

ഇന്ന് വിശുദ്ധജീവിതത്തെ പറ്റി പഠിപ്പിക്കുന്ന അനേക സന്ദേശങ്ങൾ നമുക്ക് കേൾക്കാൻ കഴിയും, എന്നാൽ യഥാർത്ഥ വിശുദ്ധീകരണം നമ്മുടെ ശക്തിയാൽ സാധിക്കുന്ന ഒന്നല്ല പകരം പാപത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ച ഒരു വ്യക്തിയിൽ ഉണ്ടാകുന്ന ഫലമാണ്.

റോമർ 6: 22 **എന്നാൽ ഇപ്പോൾ പാപത്തിൽനിന്ന് സ്വാതന്ത്ര്യം പ്രാപിച്ചു ദൈവത്തിന് ദാസന്മാരായിരിക്കയാൽ** നിങ്ങൾക്ക് ലഭിക്കുന്ന **ഫലം വിശുദ്ധീക**

**രണവും** അതിന്റെ അനന്തരഫലം നിത്യജീവനും ആകുന്നു.

ദൈവം നമ്മിൽ ചെയ്യുന്ന വിശുദ്ധീകരണത്തിന്റെ പ്രത്യക്ഷ അടയാളം ആത്മാവിന്റെ ഫലം ആണ്. അതും നാം കർത്താവിൽ വസിക്കുമ്പോൾ, കർത്താവ് നമ്മിൽ വസിച്ചു തന്റെ ജീവന്റെ ഫലം നമ്മിൽ പുറപ്പെടുവിക്കുന്നതാണ്

യോഹന്നാൻ 15: 4 എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും; ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു;ഒരുവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്വാൻ കഴിയുകയില്ല.

നമ്മുടെ സ്വന്തം പ്രവൃത്തിയിലൂടെ ആത്മീയ ഫലം കായ്ക്കാൻ കഴിയുമെന്ന് ഇപ്പോഴും കരുതുന്നുണ്ടെങ്കിൽ, ക്രിസ്തുവിന്റെ ക്രൂശിന്റെ ശക്തി നമുക്ക് ആവശ്യ മില്ല (ഗലാത്യർ 2: 20-3: 3). എന്നാൽ കർത്താവിൽ നാം വസിച്ചു, കർത്താവ് നമ്മിൽ വസിച്ചു പുറപ്പെടുവിക്കാത്ത ഫലങ്ങൾ ഒന്നും തന്നെ ദൈവസന്നിധിയിൽ സ്വീകാര്യം ആവുകയില്ല

നാം കർത്താവിൽ വസിക്കണമെങ്കിൽ അതിനു മുൻപായി നമ്മെ ദൈവം ആദമിൽ നിന്നും,ആദാമ്യ പാപസ്വഭാവത്തിൽ നിന്നും വേർപെടുത്തി, സ്വതന്ത്രൻ ആക്കി, ക്രിസ്തുവിൽ ഒട്ടിച്ചുചേർത്തു എന്ന് തിരിച്ചറിയേണ്ടത് തികച്ചും ആവശ്യമാണ്. (റോമ. 11:17.7:3)

*അങ്ങനെ നാം അറിയുകയും പഠിപ്പിക്കുകയും ചെയ്യാതെ നാം വിശുദ്ധീകരണത്തിനുള്ള മാർഗ്ഗങ്ങൾ പഠിപ്പി ക്കുമ്പോൾ നാം ചെയ്യുന്നത് കുതിരയെ വണ്ടിയുടെ പുറകിൽ കെട്ടുക (putting the cart before the horse) എന്ന പഴഞ്ചൊല്ല് പോലെയാണ്.*

ശ്രമകരമായ, മാനുഷിക പ്രവർത്തികൾ ആയി അത്തരം വിശുദ്ധീകരണത്തിനുള്ള മാർഗ്ഗങ്ങൾ തീരും. ഇത്തരം ശ്രമങ്ങളിലൂടെ വിശുദ്ധി പ്രാപിക്കാനുള്ള തത്വജ്ഞാനപരമായ ഉപദേശത്തെ പൗലോസ് ശക്ത മായി എതിർക്കുന്നു ( കൊലോസ്യർ 2:8,23)

## <u>സത്യം അറിയുക , സ്വതന്ത്രർ ആകുക</u>

ദൈവം പഴയ നിയമ പ്രവാചകനായ ഹോശയയിൽ കൂടി പറയുന്നു "പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ചുപോകുന്നു" ഇന്നും അനേകർ നശിച്ചു പോകുന്ന തിനു കാരണം ക്രൂശിൽ കർത്താവ് പൂർത്തീകരിച്ച പ്രവർത്തിയെ പറ്റി യഥാർത്ഥ പരിജ്ഞാനം ഇല്ലാത്തതു കൊണ്ടാണ്.ദൈവവചനം പഠിപ്പിക്കുന്നവർക്കും അതി ല്ലാത്തതിനാൽ, പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തി നായി അവർ മാനുഷിക കൽപ്പനകൾ പഠിപ്പിക്കു ന്നു.

ശ്രദ്ധിക്കുക, *രക്ഷിക്കപ്പെട്ടവരോട് പാപത്തിൽ നിന്നു മുള്ള സ്വാതന്ത്ര്യത്തെക്കുറിച്ച് ദൈവവചനം പറയുന്ന ഒരുസ്ഥലത്തു പോലും, നിങ്ങൾ പാപത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കണം എന്നുള്ള കല്പനയോ, നിങ്ങൾ സ്വാതന്ത്ര്യം പ്രാപിക്കും എന്നുള്ള വാഗ്ദാനമോ, പാപ ത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കാനുള്ള മാർഗ്ഗ ങ്ങളോ ദൈവ വചനം പഠിപ്പിക്കുന്നില്ല.*

മറിച്ചു വീണ്ടും ജനിച്ചവരോട്, നിങ്ങളുടെ പഴയ മനു ഷ്യൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടു , പഴയ പാപ ഹൃദയം മാറ്റപ്പെട്ടു , ജഡശരീരം, ഹൃദയത്തിന്റെ അഗ്രച ർമ്മം, പാപശരീരം ഇവ പരിഛേദന ചെയ്യപ്പെട്ടു, മുറിച്ചു മാറ്റപ്പെട്ടു, നീക്കിക്കളഞ്ഞു, കുഴിച്ചിടപ്പെട്ടു . അതിലൂടെ നിങ്ങൾ പാപത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചു, യേശുക്രിസ്തു നിങ്ങളിൽ ജീവിക്കുന്നു എന്നുമുള്ള സത്യം വ്യക്തമായി പഠിപ്പിക്കുകയാണ് .ഒരുവൻ ക്രിസ്തു വിൽ ആകുമ്പോൾ പഴയതു, കഴിഞ്ഞു പോയി, ആ

സത്യം **നിങ്ങൾ അറിയേണം** എന്ന് അവരെ പഠിപ്പി ക്കുകയാണ്.

എന്നാൽ എന്ത് കൊണ്ട് യഥാർത്ഥത്തിൽ വീണ്ടും ജനിച്ച പലരും ഇന്നും പാപത്തിനു അടിമയായി ജീവി ക്കുന്നു എന്നും, വിജയകരമായ ക്രിസ്തീയ ജീവിതം സാധ്യമാകുന്നില്ല എന്നും ഒരു ചോദ്യം നിങ്ങളുടെ മന സ്സിൽ ഉയരുന്നുണ്ടാകാം,

*അതിനു പല കാരണങ്ങൾ ഉണ്ട്, എന്നാൽ അതിൽ ഏറ്റവും പ്രധാന കാരണം കർത്താവ് തന്നെ പറയുന്നു.*

*യോഹന്നാൻ 8:32 **സത്യം അറികയും** സത്യം നിങ്ങ ളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും.*

യേശുക്രിസ്തു എന്റെ പാപങ്ങൾക്ക് പകരമായി മരിച്ചു എന്നുള്ള സുവിശേഷം വിശ്വസിക്കുന്ന പലരും,ഞാൻ, എന്റെ പഴയ മനുഷ്യൻ അവനോടു കൂടെ ക്രൂശിക്ക പ്പെട്ടു എന്നും, പഴയ പാപഹൃദയം മാറ്റപ്പെട്ടു അതിലൂടെ നാം പാപത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചു എന്നുള്ള സത്യം വിശ്വസിക്കുന്നില്ല, വിശ്വസിക്കാത്ത തിന്റെ കാരണവും ദൈവവചനം പറയുന്നു.

**റോമർ 10:17 വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു**.

യേശുക്രിസ്തു നമ്മുടെ പാപങ്ങൾക്ക് പകരമായി മരിച്ചു, അതിനാൽ വിശ്വാസത്താൽ പാപമോചനം പ്രാപക്കാം എന്നുള്ള സുവിശേഷം പ്രസംഗിക്കുന്ന മിക്കവരും,നാം വിശ്വസിക്കുമ്പോൾ നമ്മുടെ പഴയ മനുഷ്യൻ അവ നോടു കൂടെ മരിക്കുന്നു, നീക്കപ്പെടുന്നു എന്നും അതി നാൽ വിശ്വാസത്താൽ നമുക്ക് പാപത്തിന്റെ അടിമത്വ ത്വതിൽ നിന്നും എന്നെന്നേക്കും സ്വതന്ത്രർ ആകാം എന്നുമുള്ള സുവിശേഷം പ്രസംഗിക്കുന്നില്ല, അതി നാൽ അത് വിശ്വാസമാകുന്നില്ല അതിനാൽ തന്നെ പലരും സ്വതന്ത്രർ ആകുന്നുമില്ല.

**റോമർ 10:14 ആരെങ്കിലും പ്രസംഗിക്കാതെ എങ്ങനെ കേൾക്കും?**

*ഇത് വായിക്കുന്ന, വീണ്ടും ജനിച്ച നിങ്ങൾ സ്വയം ചോദിച്ചു നോക്കൂ,നിങ്ങൾ ഏതെങ്കിലും സഭകളിൽ എപ്പോഴെങ്കിലും ഈ സത്യം കേൾക്കുകയോ വിശ്വസിക്കുകയോ ചെയ്തിട്ടുണ്ടോ?

നിങ്ങളുടെ പഴയമനുഷ്യൻ അഥവാ പാപത്തിന്റെ ഉറവയായിരുന്ന പാപസ്വഭാവം ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടു, നിങ്ങളിൽ നിന്നും നീക്കപ്പെട്ടു എന്ന സത്യമാണോ, അതോ നിങ്ങൾ വീണ്ടും വീണ്ടും പഴയ മനുഷ്യനെ ക്രൂശിച്ചു കൊണ്ടേയിരിക്കണം എന്ന സന്ദേശം ആണോ നിങ്ങൾ കേട്ടിരിക്കുന്നത്?

*നിങ്ങൾ പാപത്തിൽ നിന്നും സ്വതന്ത്രർ ആയി എന്നുള്ള സത്യം ഹൃദയ പൂർവ്വം വിശ്വസിക്കാതെ , കർത്താവിൽ വസിക്കുക. ക്രൂശു എടുത്തു കർത്താവിനെ അനുഗമിക്കുക എന്ന സത്യം അനുസരിക്കാൻ ശ്രമിക്കുന്നവരാണോ നിങ്ങൾ?*

*നിങ്ങൾ പാപത്തിൽ നിന്നും സ്വതന്ത്രർ ആയി എന്നുള്ള സത്യം അറിയാതെ, വിശുദ്ധ ജീവിതത്തിനുള്ള മാർഗ്ഗങ്ങൾ ആരായുന്നവർ ആണോ നിങ്ങൾ ?*

ഒരുവൻ യേശുക്രിസ്തു തന്റെ പാപങ്ങൾക്ക് വേണ്ടി മരിച്ചു (റോമർ 5 :8) എന്ന് കേൾക്കുകയും ഹൃദയപൂർവ്വം വിശ്വസിക്കുകയും ചെയ്യുമ്പോൾ അവൻ പാപത്തിന്റെ ശിക്ഷയിൽ നിന്നും നിന്നും വിടുതൽ പ്രാപിക്കുന്നു.

അത് പോലെ തന്നെ ഒരുവൻ താൻ ക്രിസ്തുവിനോട് കൂടെ മരിച്ചു (റോമർ 6 :8) എന്ന് കേൾക്കുകയും ഹൃദയപൂർവ്വം വിശ്വസിക്കുകയും ചെയ്യുമ്പോൾ അവൻ പാപത്തിന്റെ ശക്തിയിൽ നിന്നും വിടുതൽ പ്രാപിക്കുന്നു .അത് അനുഭവിക്കാൻ കഴിയുന്നു.അവനു തുടർന്ന്

ക്രൂശു എടുത്തു കൊണ്ട് കർത്താവിനെ അനുഗമിക്കുവാനും കഴിയുന്നു.

ദൈവവചനത്തിലെ ഏതു സത്യവും, നാം വിശ്വാസത്താൽ ഏറ്റെടുത്തില്ല എങ്കിൽ നമുക്ക് പ്രയോജനം ആകുകയില്ല.

എന്നാൽ ഈ രണ്ടു സത്യങ്ങളും അറിയുകയും ഹൃദയപൂർവ്വം വിശ്വസിക്കുകയും ഏറ്റെടുക്കുകയും ചെയ്യുന്ന വ്യക്തികൾ, പാപക്ഷമ പ്രാപിക്കുക മാത്രമല്ല, പാപത്തിന്റെ അടിമത്വത്തിൽ നിന്നും സ്വതന്ത്രർ ആകുകയും ചെയ്യും.

യേശുക്രിസ്തു ക്രൂശിൽ മരിച്ചതു നിങ്ങൾക്ക് പാപക്ഷമ ലഭിക്കുവാൻ മാത്രമായിരുന്നില്ല, പകരം നിങ്ങളുടെ പാപഹൃദയം മാറ്റപ്പെടുവാൻ കൂടിയായിരുന്നു. യേശുക്രിസ്തുവിൽ കൂടി ദൈവം ക്രൂശിൽ ചെയ്ത ഹൃദയമാറ്റ ശസ്ത്രക്രിയയിൽ കൂടി നിങ്ങൾക്കു ഒരു പുതിയ ഹൃദയത്തെ കർത്താവ് തന്നു .ആ ഹൃദയത്തിൽ കർത്താവ് തന്റെ ആത്മാവിൽ വസിക്കുന്നു.( ഗലാത്യർ 2:20)

ക്രൂശിൽ നടന്ന ദൈവീക കൈമാറ്റത്തിൽ (Devine Exchange) കൂടി, ക്രിസ്തു നിങ്ങളുടെ പാപസ്വഭാവം ക്രൂശിൽ ഏറ്റെടുത്തു നീക്കി, തന്റെ ദിവ്യസ്വഭാവും, നിത്യജീവനും നിങ്ങൾക്കു തന്നു. നാം ക്രൂശു എടുത്തു കർത്താവിനെ അനുഗമിക്കുമ്പോൾ നാം ദൈവീക ജീവനിൽ നിറയുകയും, ജീവനുള്ള കല്ലുകളായി ദൈവസഭയുടെ പണിയിൽ പങ്കാളികൾ ആയിത്തീരുകയും ചെയ്യും

പ്രധാന വിഷയത്തിലേക്ക് മടങ്ങിവരട്ടെ, നാം ആദിമ സഭയുടെ സന്ദേശം ആണ് വിശദീകരിക്കുന്നത്. ആദിമ സഭയിൽ തുടർച്ചയായി പഠിപ്പിക്കപ്പെട്ട സന്ദേശം ആയിരുന്നു, നാം രക്ഷിക്കപ്പെട്ടപ്പോൾ നാം പാപത്തിന്റെ ശിക്ഷയിൽ നിന്നും മാത്രമല്ല, പാപത്തിന്റെ ശക്തിയിൽ നിന്നും സ്വതന്ത്രർ ആയി എന്ന സത്യം.

അതുപോലെ തന്നെ പാപത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചവർ, ആ സത്യം മനസ്സിലാക്കിയവർ അനുദിനം ക്രൂശ് എടുത്ത് കൊണ്ട് കർത്താവിനെ അനുഗമിക്കണം എന്നും, ജഡത്തെ ക്രൂശിക്കേണം എന്നും അവർ തുടർച്ച യായി പഠിപ്പിച്ചു.

ഒരു ഗോതമ്പ് മണി അപ്പമായി തീരുന്നതിനും ഒരു കല്ല് മന്ദിരം ആയി തീരുന്നതിനും ഒരു അവയവം തലയാൽ നിയന്ത്രിക്കപ്പെടുന്ന ശരീരമായി പ്രവർത്തിക്കുന്ന തിനും ഒരു പ്രക്രിയയിലൂടെ കടന്നുപോകേണ്ടതുണ്ട്. ഗോതമ്പുമണി പൊടിഞ്ഞ അതിന്റെ സ്വത്വം അഥവാ തനിമ നഷ്ടപ്പെടാതെ അതിന് അപ്പം ആകാൻ കഴിയില്ല അതിന് തന്റെ തനിമ നിലനിർത്തണം എങ്കിൽ അതിന് ഒരു ഗോതമ്പുമണി ആയി തന്നെ നിൽക്കേണ്ടിവരും എന്നാൽ പൊടിഞ്ഞ അപ്പമായി തീർന്നാൽ അതിനെ പിന്നീട് തിരിച്ചറിയാൻ പോലും കഴിയില്ല എന്നാൽ അപ്പോൾ മാത്രമേ മറ്റുള്ളവർക്ക് രുചിക്കുവാൻ കഴിയു കയുള്ളൂ

അങ്ങനെ മാത്രമേ നമുക്ക് ഒരു ശരീരമായി, ഒരു അപ്പ മായി, ജീവനുള്ള കല്ലുകൾ ചേർന്ന വിശുദ്ധ മന്ദിരമായി പണിയപ്പെടാൻ കഴിയുകയുള്ളൂ അവർ പഠിപ്പിച്ചിരു ന്നു.

അങ്ങനെ,ഒരു തലയ്ക്കു ശരീരം കീഴടങ്ങുന്നത് പോലെ, ശരീരത്തിലെ അവയവങ്ങൾ പരസ്പരം കീഴടങ്ങുന്നതു ഭൂമിയിൽ പ്രവർത്തിക്കുന്ന ദൈവസഭയെ, വാഴ്ചകളു ടെയും അധികാരങ്ങളുടെയും മുൻപിൽ വെളിപ്പെടു ത്തുവാൻ ദൈവത്തിനു കഴിഞ്ഞു.

ആദിമ ദൈവസഭയെ ഒരു ശരീരമായി,വിശുദ്ധമന്ദിര മായി, അപ്പമായി നിലനിർത്തിയിരുന്നത് അവർ പ്രസം ഗിക്കുകയും, പഠിപ്പിക്കുകയും, ജീവിതത്തിൽ പ്രാവർ ത്തികമാക്കുകയും ചെയ്ത ക്രൂശിന്റെ യഥാർത്ഥ സന്ദേ ശം ആയിരുന്നു.

അതിനാൽ അവരുടെ വ്യക്തമായ സന്ദേശം, അവിശ്വാസികളോടും, വിശ്വാസികളോടും ക്രൂശിന്റെ വചനം ആയിരുന്നു.

"ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു;......." -1 കൊരിന്ത്യർ 1:23

"ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു." -1 കൊരിന്ത്യർ 2:2

നാം ഇനി പാപത്തിന്നു അടിമപ്പെടാതവണ്ണം പാപശരീരത്തിന്നു നീക്കംവരേണ്ടതിന്നു നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു. റോമർ 6:6

ക്രിസ്തുവിനോടുകൂടി ഞാൻ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല; എന്നിൽ ജീവിക്കുന്നതു ക്രിസ്തുവാകുന്നു ഗലാ. 2:21

=======================================

## ആദിമ ദൈവസഭയുടെ അനുഷ്ഠാനങ്ങൾ

=======================================

ക്രൂശിലെ വചനം ആദിമ ദൈവസഭയുടെ പ്രധാനപ്പെട്ട സന്ദേശമായിരുന്നു എന്നതിന് തെളിവാണ് അവർ ആചരിച്ചു പോന്ന സ്നാനവും കർതൃമേശയും.

സ്നാനം ഒരിക്കലായി ചെയ്യേണ്ടതും കർത്തൃമേശ തുടർച്ചയായി ആചരിച്ചു പോരേണ്ടതും ആകുന്നു.

അതിനു കാരണം ഒരിക്കലായി നടക്കുന്നതും, തുടർച്ചയായി നടക്കേണ്ടതുമായ രണ്ടു ആത്മീയ സത്യങ്ങളുടെ ദൃശ്യമായ വെളിപ്പെടുത്തൽ ആണ് സ്നാനവും, കർത്തൃമേശയും. ഞാൻ കർത്താവിനോട് കൂടെ ക്രൂശിക്കപ്പെട്ടു

എന്നതും, കർത്താവ് എന്നിൽ ജീവിക്കുന്നു എന്നതു മാണ് ആ രണ്ടു സത്യങ്ങൾ ( ഗലാത്യർ 2: )21

ഞാൻ കർത്താവിൽ വിശ്വസിച്ചപ്പോൾ എന്റെ പഴയ മനുഷ്യൻ, പാപസ്വഭാവം ഒരിക്കലായിട്ടും എന്നെന്നേ ക്കുമായിട്ടും യേശുക്രിസ്തുവോടു കൂടെ ക്രൂശിൽ തറ ക്കപ്പെട്ടു, അടക്കപ്പെട്ടു, എന്നെന്നേക്കമായി മാറ്റപ്പെട്ടു, അതിലൂടെ ഞാൻ പാപത്തിൽ നിന്നും സ്വതന്ത്രനായി, പാപത്തിനു അധികാരം ഇല്ലാത്ത പുതിയ സൃഷ്ടിയായി ഉയർത്തെഴുന്നേറ്റു, ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ഭാഗമായിത്തീർന്നു.

ഈ സത്യത്തെ ഞാൻ പരസ്യമായി അംഗീകരിക്കു കയും പ്രഖ്യാപിക്കുകയും ചെയ്യുന്ന തിരുകർമ്മം ആണ് ക്രിസ്തീയ ജലസ്നാനം.

അത് കൊണ്ടാണ് ആദിമ സഭയിൽ ഒരുവൻ രക്ഷിക്ക പ്പെട്ടാൽ ഉടനെ തന്നെ അവനെ ജലത്തിൽ സ്നാനപ്പെടു ത്തുവാൻ പഠിപ്പിച്ചിരുന്നത്.

ആദിമ സഭ തുടർച്ചായി ആചരിച്ചിരുന്ന അടുത്ത ഒരു തിരുകർമ്മമായിരുന്നു കർത്താവിന്റെ അത്താഴം

ഒരുമിച്ച് അപ്പം നുറുക്കുമ്പോൾ അവർ പ്രഖാപിച്ചി രുന്നത് അനേക വ്യത്യസ്ത ഗോതമ്പ്മണികൾ പൊടി ഞ്ഞു ചേർന്ന് ഉണ്ടാക്കപ്പെട്ട ഒരു അപ്പമാണ് തങ്ങളായ സഭ എന്നാണ് (1കൊരിന്ത്യർ10:17).

വീണ്ടും ജനിച്ച, പാപത്തിൽ നിന്നും സ്വതന്ത്രൻ അയ ഒരുവൻ അനുദിനവും ക്രൂശു എടുത്തുകൊണ്ട് കർത്താ വിനെ അനുഗമിക്കുമ്പോൾ മാത്രമേ അവന്റെ ജഡം ക്രൂശിക്കപ്പെടുകയും, അവനു പൊടിഞ്ഞു ചേർന്ന് ഒരു അപ്പം ആയി ത്തീരാൻ കഴിയുകയും ഉള്ളൂ. അല്ലാത്ത വ്യക്തികൾ ഒറ്റപ്പെട്ട ഗോതമ്പ് മണികൾ മാത്രമായി അപ്പത്തിൽ അവശേഷിക്കും.

അവർ ഒരുമിച്ച് വീഞ്ഞിൽ പങ്കാളികൾ ആകുമ്പോൾ അവർ കർത്താവിന്റെ രക്തത്തെ, ജീവനെ ദിവസവും പാനം ചെയ്യുന്നു എന്നുള്ളതും,കർത്താവ് അവരിൽ വസിക്കുന്നു എന്നും, കർത്താവിന്റെ രക്തം അഥവാ ജീവൻ ഒഴുകുന്ന ശരീരത്തിലെ അവയങ്ങൾ ആണ് എന്നുള്ളതും ആണ് അവർ പ്രഖ്യാപിച്ചിരുന്നത് (യോഹ 6:56).

അനുദിനവും ക്രൂശു എടുത്തു കൊണ്ട് കർത്താവിനെ അനുഗമിക്കുമ്പോൾ മാത്രമേ നമുക്ക് കർത്താവിന്റെ ജീവനിൽ നിറയുവാൻ കഴിയുകയുള്ളൂ. അങ്ങനെ മാത്രമേ നമുക്ക് ക്രിസ്തു എന്ന തലയാൽ നിയന്ത്രിക്കപ്പെടുന്ന ഒരു ശരീരമായി പണിയപ്പെടാൻ കഴിയുകയുള്ളു.

ആദിമ സഭയിലെ ഓരോ വിശ്വാസിയും തുടർച്ചായി ക്രൂശു എടുത്തു, സ്വയജീവനെ വിട്ടുകളഞ്ഞു കർത്താവിനെ പിന്തുടരുന്നു എന്നും, കർത്താവ് വസിക്കുന്ന ശരീരമാണ് അവർ ഓരോരുത്തർ വ്യക്തിപരമായും , ഏകോപിത സഭയായും എന്നുമായിരുന്നു തുടർച്ചയായി അചരിച്ചിരുന്ന കർത്തൃമേശ എന്ന ശുശ്രൂഷയിലൂടെ വെളിപ്പെടുത്തിയിരുന്നത്.

ഈ കൂട്ടായ്മയുടെ ഭക്ഷണം ഒരുമിച്ച് കഴിക്കുന്നതിന്റെ മറ്റൊരു ലക്ഷ്യം "അപ്പവും പാന പാത്രവും" പങ്കിട്ടു കൊണ്ട് കർത്താവിന്റെ മരണത്തെ സ്മരിക്കുക എന്നതും, ക്രിസ്തുവിന്റെ ജീവനിൽ ( രക്തത്തിൽ ) പങ്കാളികളായ ഒരു ശരീരം , (ഒരു അപ്പം) ആണ് തങ്ങൾ എന്ന് പരസ്പരം ഓർമ്മിപ്പിക്കുകയും ആയിരുന്നു.(1 കൊരിന്ത്യർ 11: 23-26).

ഒന്നാം നൂറ്റാണ്ടിലെ സഭയുടെ, ആഴത്തിലുള്ള കൂട്ടായ്മയുടെ പ്രതിഫലനം ആയിരുന്നു കർത്താവിന്റെ അത്താഴം

കർത്താവിന്റെ ദിനത്തിൽ (ഞായർ), വിശ്വാസികൾ സാധാരണയായി അവരുടെ വീടുകളിൽ ഒത്തുചേരു

കയും, "കർത്താവിന്റെ അത്താഴം" ഒരു പൂർണ്ണ കൂട്ടായ്മയോട് കൂടിയ ഭക്ഷണമായി പങ്കിടുകയും ചെയ്തിരുന്നു. (പ്രവൃ. 20: 7; 1 കൊരിന്ത്യർ 11:20).

അതിനാൽ ആദിമ സഭക്ക് ഈ രണ്ടു കർമ്മങ്ങളും, വെറും അനുഷ്ഠാനങ്ങൾ ആയിരുന്നില്ല. ക്രൂശിന്റെ ദ്വിമുഖമായ സന്ദേശത്തെ; ഞാൻ ക്രൂശിൽ കർത്താവിനോട് കൂടെ മരിച്ചു എന്നും, ക്രൂശു എടുത്തു കർത്താവിനെ പിന്തുടരുന്നു എന്നുമുള്ള ആത്മീയ യാഥാർഥ്യത്തെ; ആദിമ സഭയുടെ സന്ദേശം അയ ക്രൂശിന്റെ സന്ദേശത്തെ വെളിപ്പെടുത്തുന്ന വിശുദ്ധ കർമ്മങ്ങൾ ആയിരുന്നു .

**************************************************************

## മാതൃക അനുകരിക്കുകയല്ല, ജീവനിൽ നിറയുക എന്നതാണ് പ്രധാനം

**************************************************************

പുതിയനിയമസഭയുടെ അടിസ്ഥാന സവിശേഷതകൾ ആണ് നാം ഈ അധ്യായത്തിൽ ചിന്തിച്ചത് . ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ നിർമ്മലതയും , വിശുദ്ധിയും , ശക്തിയും സംരക്ഷിക്കുന്നതിനും സഭയെ ലൗകിയതയിൽ നിന്നും ദൈവവചന വിരുദ്ധ പാരമ്പര്യങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുമായി ഈ അടിസ്ഥാന തത്ത്വങ്ങളിൽ നിലനിന്നു കൊണ്ട് പുതിയനിയമസഭ പണിയുവാൻ പരിശുദ്ധാത്മാവ് ഒന്നാം നൂറ്റാണ്ടിലെ അപ്പോസ്തലന്മാരെ നയിച്ചതായി നാം കാണുന്നു (2 കൊരിന്ത്യർ 11: 3)

പുതിയനിയമ ദൈവസഭയുടെ പഴയനിയമ നിഴലുകൾ ആയിരുന്നു, സമാഗമന കൂടാരവും , ദേവാലയവും സമാഗമന കൂടാരത്തിന്റെയും, ദേവാലയത്തിന്റെയും ഓരോ ഭാഗവും മോശക്കും , ദാവീദിനും നൽകിയ മാതൃകയനുസരിച്ച് കൃത്യമായി നിർമ്മിക്കപ്പെടേണം എന്ന്

ദൈവം പ്രത്യേകം കല്പിച്ചിരുന്നു .വിവിധ ഭാഗങ്ങളുടെ വലുപ്പത്തെക്കുറിച്ചും ഓരോന്നിനും ഉപയോഗിക്കേണ്ട വസ്തുക്കളെക്കുറിച്ചും ദൈവം നിർദ്ദിഷ്ട നിർദേശങ്ങൾ നൽകി.

ഇത് കാണിക്കുന്നത്, ദൈവം ദൈവസഭയുടെ പുതിയ നിയമ മാതൃകയെപ്പറ്റിയും എത്ര മാത്രം ശ്രദ്ധാലുവാണ് എന്നതാണ്. കർത്താവിന്റെ വചനത്തിൽ കൽപ്പിച്ചതു പോലെ എല്ലാം ചെയ്യേണ്ടതിന്റെ ആവശ്യകത പലരും മനസ്സിലാക്കുന്നില്ല.

എന്നാൽ മാതൃകയുടെ കൃത്യതയെക്കാൾ പ്രാധാന്യ മുള്ളതായിരുന്നു, ദേവാലയത്തിലെ ദൈവസാന്നിധ്യം, മാതൃക കൃത്യമായിരുന്ന ദേവാലയത്തിൽ നിന്നും ദൈവസാന്നിധ്യം വിട്ടുപോകുന്നത് നമുക്ക് കാണുവാൻ കഴിയും. അത് പോലെ തന്നെ പുതിയ നിയമ ദൈവസഭയുടെ മാതൃകയെക്കാൾ പ്രാധാന്യം ദൈവീക സാന്നിധ്യമാണ്.

അതിനാൽ പുതിയ നിയമ സഭയുടെ മാതൃക പിന്തുടർന്നാൽ മാത്രം അർത്ഥമില്ല. യഥാർത്ഥ സഭയെ തിരിച്ചറിയുന്ന പ്രാഥമിക സവിശേഷത ക്രിസ്തുവിന്റെ ജീവനാണ് അല്ലാതെ അവരുടെ പ്രവർത്തനരീതികൾ അല്ല. അതിനാൽ പുതിയ നിയമ സഭയുടെ രൂപവും സവിശേഷതകളും ഉള്ളതായി തോന്നുന്ന ഒരു സഭയ്ക്ക് എപ്പോഴും ക്രിസ്തുവിന്റെ ജീവൻ ഉണ്ടായിരിക്കണം എന്നില്ല.

ജീവൻ ഇല്ലാത്ത മൃതശരീരത്തിൽ എല്ലാ അവയവങ്ങളും കൃത്യമായി ഉണ്ട് എന്ന് പറയുന്നത് പോലെയാണ്, ക്രിസ്തുവിന്റെ ജീവൻ ഇല്ലാതെ പുതിയ നിയമ സഭയുടെ പ്രവർത്തനരീതികൾ പിന്തുടരുന്നത്.

അതിനാൽ പുതിയ നിയമ സഭയുടെ പ്രവർത്തനരീതി പിന്തുടരുന്നതിനേക്കാൾ ആവശ്യം, അവരെ അങ്ങനെ പ്രവർത്തിപ്പിച്ചു അടിസ്ഥാന തത്വം എന്താണ് എന്ന് മന

സ്സിലാക്കി അത് പിന്തുടരുക എന്നതാണ്. അത് സഭയിലെ ഓരോ അംഗങ്ങളും ക്രിസ്തുവിന്റെ ജീവനിൽ നിറയുക എന്നതാണ്, ആ ജീവന്റെ നിറവിൽ നിന്നും മാത്രമേ നമുക്ക് പുതിയനിയമ രീതിയിലുള്ള സഭ പണിയുവാൻ കഴിയൂ.

നാം നേരത്തെ പറഞ്ഞതുപോലെ, ശരീരം, തലയുമായി ചേർന്ന് വസിക്കുന്നത് പോലെ സഭ എന്ന മണവാട്ടി - അവളുടെ മണവാളനായ ക്രിസ്തുവിനോട് ഐക്യത്തോടെ ചേർന്ന് വസിക്കണം. അങ്ങനെ മാത്രമേ ക്രിസ്തുവിന്റെ ജീവനിൽ നിറയുവാൻ സഭക്ക് കഴിയുകയുള്ളൂ (കൊലോസ്യർ 2:19).

എന്നാൽ തിരുവെഴുത്തുകളിൽ, നാം ക്രിസ്തുവിന്റെ ജീവനിൽ നിറയുന്നത്, നാം കുരിശു ചുമക്കുന്നത് വഴി നമ്മുടെ ദേഹീപരമായ ജീവനെ മരിപ്പിക്കുന്നതുമായി അഭേദ്യമായി ബന്ധിപ്പിച്ചാണ് പറയുന്നത്. (ലൂക്കോസ് 14:27).

നമ്മുടെ സ്വന്തം കുരിശ് ചുമക്കുക എന്നതിന്റെ അർത്ഥമെന്താണ്? ക്രിസ്തുവിന്റെ കുരിശ്, അവിടുത്തെ മരണത്തിന്റെ നടപ്പാക്കലായിരുന്നു, അത് ഇപ്പോൾ നമ്മുടെ സ്വന്തം മരണത്തിന്റെ (നമ്മുടെ സ്വയ ഇച്ഛയുടെ,നമ്മുടെ ദേഹീപരമായ ജീവന്റെ മരണം) ആയിത്തീരണം.

യേശു പറഞ്ഞു, "ഈ ലോകത്തിൽ തന്റെ ജീവനെ സ്നേഹിക്കുന്ന മനുഷ്യന് അത് നഷ്ടപ്പെടും, അതേ സമയം ഈ ലോകത്തിലെ തന്റെ ജീവനെ വെറുക്കുന്ന മനുഷ്യൻ നിത്യജീവൻ കണ്ടെത്തും (യോഹന്നാൻ 12:25 )"

നാം വ്യക്തമായി ഒരു കാര്യം മനസ്സിലാക്കണം : നമ്മുടെ ദേഹിയെ നശിപ്പിക്കാൻ ദൈവം ആഗ്രഹിക്കുന്നില്ല; എന്നാൽ നമുക്ക് നമ്മുടെ ദേഹിയെ ശരിയായി ഉപയോഗിക്കുവാൻ കഴിയില്ല എന്ന് ദൈവത്തിനറിയാം.

നമ്മുടെ ദേഹി, നാം ദൈവത്തിനു സമർപ്പിക്കണമെന്ന് ആഗ്രഹിച്ചാലും അത് ചെയ്യാതെ വണ്ണം ആദമിൽ കൂടി പകരപ്പെട്ട പാപസ്വഭാവത്തിനു അടിമയായിരുന്നു, എന്നാൽ കർത്താവ് ക്രൂശിൽ നമ്മുടെ പാപസ്വഭാവത്തെ നശിപ്പിച്ചു നമ്മെ പാപത്തിൽ നിന്നും സ്വതന്ത്രൻ ആക്കി.

എന്നാൽ പാപത്തിൽ നിന്നും സ്വതന്ത്രൻ ആയി എങ്കിലും നമുക്ക് നമ്മുടെ ദേഹിയെ ശരിയായി ഉപയോഗിക്കുവാൻ കഴിയില്ല. എന്നാൽ ഇപ്പോൾ നമുക്ക് നമ്മുടെ ദേഹിയെ അതിന്റെ ഉടമസ്ഥനായ ദൈവത്തിനു ശരിയായി ഉപയോഗിക്കുവാൻ വിട്ടു കളയുവാൻ കഴിയും.

അതിനാൽ അതിനെ ദൈവകരങ്ങളിൽ വിട്ടുകളയുവാൻ ദൈവം ആവശ്യപ്പെടുന്നു. നാം അതിനെ വിട്ടുകളയാതെ സൂക്ഷിക്കുവാൻ ശ്രമിച്ചാൽ അതിനെ നഷ്ടപ്പെടുത്തുക എന്നതാകും അതിന്റെ ആത്യന്തിക ഫലം. ഇതാണ് യഥാർത്ഥത്തിൽ ക്രൂശു എടുത്തു കർത്താവിനെ അനുഗമിക്കുക എന്നത് കൊണ്ട് താൻ ഉദ്ദേശി ക്കുന്നത്

മത്താ. 10:38 തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കാത്തവൻ എനിക്ക് യോഗ്യനല്ല. തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ കളയും; എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും.

നമ്മുടെ ദേഹിയെ തന്റെ യഥാർത്ഥ ദൈവിക ലക്ഷ്യത്തിലേക്ക് പുനസ്ഥാപിക്കാൻ അവൻ ആഗ്രഹിക്കുന്നു. നമ്മുടെ ദേഹി അവന്റെ ആത്മാവിനാൽ ഭരിക്കണമെന്നും അവന്റെ വചനത്താൽ രൂപാന്തരപ്പെടണമെന്നും ദൈവം ആഗ്രഹിക്കുന്നു, ഓരോ ദിവസവും നമ്മുടെ പുതുക്കപ്പെടാത്ത മനസ്സിൽ നിന്ന് ഉത്ഭവിക്കുന്ന പാപകരമായ ചിന്തകളെ നാം ക്രൂശിൽ മരിപ്പിക്കുകയും പകരം നമ്മിൽ വസിക്കുന്ന യേശു ക്രിസ്തുവിന്റെ മനസ്സ് ഉള്ളവർ ആകുകയും വേണം ( കൊലോസ്യർ 3 :5 , 1

കൊരിന്ത്യർ 2:16) അങ്ങനെ നാം മനസ്സ് പുതുക്കി രൂപാന്തരപ്പെടുകയും,ക്രിസ്തുവിന്റെ ജീവനിൽ നിറയുകയും, ക്രിസ്തുവിന്റെ സ്വരൂപത്തോടു അനുരൂപരാകുകയും ചെയ്യും ( റോമൻ 12 :1 ,2 കൊരിന്ത്യർ 3 :18).

ഇങ്ങനെയുള്ള ജീവന്റെ (Zoe) സമൃദ്ധിയിൽ നിന്നും, ദൈവീക സ്നേഹത്തിൽ (Agape) നിന്നും,ദൈവീക കൂട്ടായ്മയിൽ (Koinonia) നിന്നുമാണ്, ദൈവസഭയിലെ ഓരോ ശുശ്രൂഷയും ഉയരേണ്ടതു.അങ്ങനെയുള്ള സഭയുടെ സവിശേഷതകൾ ആണ് ഈ അധ്യായത്തിൽ വിവരിച്ചത്.

==================================

## അധ്യായം 5

## ദൈവസഭയുടെ പിന്മാറ്റം ചരിത്രത്തിലൂടെ

==================================

കർത്താവിന്റെ അപ്പോസ്തോലന്മാർ ആദിമ സഭയിൽ ക്രൂശിന്റെ സന്ദേശം വ്യക്തമായി പഠിപ്പിക്കുകയും, അവരുടെയും, മറ്റു വിശ്വാസികളുടെയും ജീവിതത്തിൽ പ്രാവർത്തികമാക്കുകയും അങ്ങനെ ദൈവസഭ എന്ന ക്രിസ്തുശരീരം പണിയപ്പെടുകയും ചെയ്തിരുന്നു.

എന്നാൽ അപ്പോസ്തലൻമാരുടെ കാലങ്ങൾ കഴിഞ്ഞപ്പോഴേക്കും, അവർ തന്നെ മുന്നറിയിപ്പ് നൽകിയത് പോലെ ദൈവസഭ ഉപദേശത്തിലും ജീവിതത്തിലും തെറ്റി പ്പോകുന്നതിന്റെ സൂചനകൾ ദൈവവചനത്തിൽ നിന്നും തന്നെ കാണുവാൻ കഴിയും. പുതിയ നിയമത്തിലെ അവസാന കാലഘട്ടങ്ങളിലെ ലേഖനങ്ങളിലേക്കു വരുമ്പോൾ (A.D 61 – 68, 2 പത്രോസ് മുതൽ വെളിപാട് വരെ ) ഇത് കൂടുതൽ വ്യക്തമാകുന്നു.

എഫെസ്യ സഭയിലെ മൂപ്പന്മാരുടെ അവസാനമായി സംസാരിക്കുമ്പോൾ പൗലോസ് ഇക്കാര്യം മുന്നറിയിപ്പായി നൽകുന്നതായി നാം കാണുന്നു.

"ദൈവത്തിന്റെ ആലോചന ഒട്ടും മറെച്ചുവെക്കാതെ ഞാൻ മുഴുവനും അറിയിച്ചു തന്നിരിക്കുന്നുവല്ലോ. ഞാൻ പോയശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നും എഴുന്നേല്ക്കും. " -പ്രവൃത്തികൾ 20:27-31

അതുപോലെതന്നെ പുതിയ നിയമത്തിലെ അവസാനം എഴുതിയ ലേഖനങ്ങളിലേക്കു വരുമ്പോൾ പൗലോസും പത്രോസും യൂദയും ദുരുപദേശകൻമാരെക്കുറിച്ച് മുന്നറിയിപ്പ് നൽകി.

എതിർ ക്രിസ്തുക്കൾ സഭയിൽ നിന്നും എഴുന്നേൽക്കും എന്ന് യോഹന്നാൻ അവസാന ലേഖനങ്ങളിൽ മുന്നറിയിപ്പ് നൽകുന്നു.

അപ്പോസ്തോലിക കാലഘട്ടത്തിന്റെ അവസാന സമയങ്ങളിലുള്ള വെളിപാട് പുസ്തകത്തിലേക്ക് വരുമ്പോൾ സഭയുടെ പിന്മാറ്റത്തിന്റെ വ്യക്തമായ സൂചനകൾ നമുക്ക് കാണുവാൻ കഴിയും.

പൌലോസ് ഏഴ് ദൈവസഭകൾക്ക് ലേഖനങ്ങൾ എഴുതിയതായി നാം കാണുന്നു.

എന്നാൽ അതിൽ രണ്ടു സഭകളെ മാത്രമേ പൌലോസ് ശക്തമായി വിമർശിക്കുകയും മുന്നറിയിപ്പ് നൽകുകയും അവരുടെ പ്രശ്നങ്ങളെ പരാമർശിക്കുകയും ചെയ്യുന്നുള്ളൂ.

അത് കൊരിന്ത്യ സഭയും ഗലാത്യ സഭയുമാണ്. ആ രണ്ട് സഭയിലും ഭൂരിഭാഗവും ജഢീകരായിരുന്നു. ജഢത്തെ അനുസരിച്ചു നടക്കുന്ന ലൌകീകരും , ജഢത്തിന്റെ ശക്തിയാൽ വിശുദ്ധരാകാൻ ശ്രമിച്ച പരീശരും. അതിനാൽ തന്നെ പൗലോസ് രണ്ടു സഭകളെയും ശാസിക്കുകയും, ക്രൂശിന്റെ സന്ദേശം അവരെ ഓർമ്മിപ്പിക്കുകയും ചെയുന്നു.

എന്നാൽ അപ്പോസ്തോലിക കാലഘട്ടത്തിന്റെ അവസാനം വരുമ്പോൾ, വെളിപാട് പുസ്തകത്തിൽ ദൈവാത്മാവ് 7 സഭകൾക്ക് ദൂത് എഴുതുമ്പോൾ അതിൽ രണ്ട് സഭകളെ മാത്രമേ വിമർശിക്കാതെ പ്രശംസിക്കുന്നുള്ളൂ എന്ന് നമുക്ക് കാണുവാൻ കഴിയും.

ദുരുപദേശകൻമാർ നുഴഞ്ഞുകയറി ക്രൂശിനെ വചനത്തെ തന്നെ എടുത്തുമാറ്റുകയും, ഒരു സംഘടനാ രീതി ദൈവസഭയിലേക്ക് കൊണ്ടുവരും എന്ന് അവർ മുന്നറിയിപ്പ് നൽകി. അത് പോലെ തന്നെ സംഭവിച്ചു എന്ന് ചരിത്രത്തിൽ നാം കാണുന്നു.

പൗലോസ് മുന്നറിയിപ്പ് നൽകിയത് പോലെ , എഫെസ്യ സഭ ദൈവീക ജീവനിൽ നിന്നും, ദൈവീക സ്നേഹത്തിൽ നിന്നും വീണു പോയതായി വെളിപ്പാടു പുസ്തകത്തിൽ നാം കാണുന്നു. ദൈവീക ജീവനും, ദൈവീക സ്നേഹവും നഷ്ടപ്പെട്ടു എങ്കിലും അവർ ഉപദേശത്തിലും പ്രവർത്തികളിലും, തീഷ്ണതയുള്ളവർ ആയിരുന്നു. എന്നാൽ നാം കണ്ടത് പോലെ ദൈവീക ജീവൻ നഷ്ടപ്പെട്ട പ്രവർത്തികൾ, ജീവനില്ലാത്ത ശരീരത്തിലെ അവയവങ്ങൾ പോലെയാണ്.

വെളിപ്പാടു പുസ്തകത്തിൽ പെർഗ്ഗമൊസിലെ സഭക്കുള്ള ദൂതു പറയുമ്പോൾ അവർ ഉപദേശത്തിലും തെറ്റിപ്പോയതായി നാം കാണുന്നു ."നിക്കൊലാവ്യരുടെ ഉപദേ ശം കൈക്കൊള്ളൂന്നവർ നിനക്കും ഉണ്ടെ"ന്നു രേഖപ്പെടുത്തിയിരിക്കുന്നു. "നിനക്കും ഉണ്ടു" എന്ന പ്രയോഗം കൊണ്ടു മനസ്സിലാകുന്നതു നിക്കൊലാവ്യരുടെ ഉപദേശം ആദ്യ നൂറ്റാണ്ടിലെ സഭകളിൽ പരക്കെ പ്രചരിക്കപ്പെട്ടിരുന്നു എന്നുള്ളതാണു. അങ്ങനെ പെർഗ്ഗമൊസിലെ സഭയിലും ആ ഉപദേശം കൈകൊള്ളുന്നവർ ഉണ്ടായി. എഫെസ്യസഭക്ക് ദൂത് എഴുതുമ്പോൾ നിക്കൊലാവ്യരുടെ പ്രവൃത്തികളെ പകക്കുന്നതിൽ അവരെ അഭിനന്ദിക്കുന്നു .നിക്കോലാവോസ് എന്ന വാക്കിന്റെ അർത്ഥം"ജനങ്ങളുടെ മേൽ ആധിപത്യം പുലർത്തുന്നവൻ" എന്നാകുന്നു.

അതായതു അപ്പോസ്തോലിക കാലത്തിന്റെ അവസാനത്തോടെ തന്നെ ദൈവസഭ ഒരു ശരീരം എന്ന നിലയിൽ നിന്നും, എല്ലാവരും ശരീരത്തിലെ അവയവങ്ങൾ

എന്ന നിലയിൽ നിന്നും, അധികാര ശ്രേണികൾ ഉള്ള സംവിധാനത്തിലേക്ക് പിന്മാറുന്നതിന്റെ ലക്ഷണങ്ങൾ കാണുവാൻ കഴിയും

ചുരുക്കത്തിൽ അപ്പോസ്തോലിക ഉപദേശത്തിൽ നിന്നും ജീവിതത്തിൽ നിന്നും ഉള്ള ദൈവസഭയുടെ പിന്മാറ്റം അപ്പോസ്തലൻമാരുടെ മരണശേഷത്തോടെ തന്നെ തുടങ്ങി എന്ന് നമുക്ക് മനസിലാക്കാം

തുടർന്ന് നാം സഭാചരിത്രം പഠിക്കുമ്പോൾ സഭ ഒരു ശരീരം എന്ന അവസ്ഥയിൽ നിന്നും ഒരു സംഘടന എന്ന നിലയിലേക്കും മതം എന്ന നിലയിലേക്കും താഴുകയും. പുരോഹിതനും മേൽ പുരോഹിതനും മെത്രാനും പോപ്പും അടങ്ങുന്ന ഒരു അധികാരശ്രേണി ഉണ്ടായി വരികയും ചെയ്തു എന്ന് കാണുവാൻ കഴിയും.

അതോടൊപ്പം അനേകം ദൈവവചന വിരുദ്ധമായ പാരമ്പര്യങ്ങൾ, ആചാരങ്ങൾ, തെറ്റായ ഉപദേശങ്ങൾ എന്നിവ സഭയിലേക്ക് കടന്നു വരുന്നതും നമുക്ക് കാണാൻ കഴിയും

=======================================

## സഭയിൽ കാലാകാലങ്ങളായി കടന്നുകൂടിയ വചന വിരുദ്ധമായ പാരമ്പര്യങ്ങൾ, ആചാരങ്ങൾ

=======================================

ക്രൂശിന്റെ വചനത്തിൽ നിന്നുമുള്ള സഭയുടെ വ്യതിചലനം, ദൈവസഭയെ ക്രിസ്തു എന്ന തലയിൽ നിന്നും നിയന്ത്രിക്കപ്പെടുന്ന ശരീരം എന്ന നിലയിൽ നിന്നും അധികാരശ്രേണികൾ ഉള്ള സംഘടനാ രീതിയിലേക്ക് ക്രമേണയായി മാറ്റി.ഇത് കർത്താവ് കല്പിച്ചതിൽ നിന്നും കടക വിരുദ്ധം ആയിരുന്നു. ( മത്തായി 23 :10 )

ദൈവസഭയുടെ ആദ്യത്തെ 2 നൂറ്റാണ്ടുകൾ പീഡന ത്തിന്റേതായിരുന്നു. ആ നൂറ്റാണ്ടുകളിൽ ക്രൂശിന്റെ ശക്തിയാൽ, അതിശക്തമായ പീഡനങ്ങളുടെ നടുവി ൽ, സ്വയജീവനെ വിട്ടു കളഞ്ഞു കൊണ്ട് കർത്താ വിന്റെ സാക്ഷിയായി നിലനിൽക്കുകയും ദൈവസഭയു ടെ ലാളിത്യവും, തനിമയും ഒട്ടൊക്കെ നഷ്ടപ്പെടാതെ സൂക്ഷിക്കപ്പെടുകയും ചെയ്തു.

എന്നാൽ മൂന്നാം നൂറ്റാണ്ടോടു കൂടി ക്രിസ്തു മാർഗ്ഗം, രാജ കീയ മതമായി മാറ്റപ്പെട്ടു. അതോടു കൂടി കാലക്രമേണ ലളിതമായ അനൗപചാരികമായ ഭവനങ്ങളിലെ കൂടി വരവുകൾ, വലിയ ദേവാലയങ്ങളിലെ ഔപചാരികമാ യ യാന്ത്രികമായ കൂദാശകൾ ആയി മാറി.

ഒരു പ്രാദേശിക സഭക്ക് പല മൂപ്പന്മാർ എന്ന നിലയിൽ നിന്നും, പല മൂപ്പന്മാരുടെ മുകളിൽ ഒരു പ്രധാന മൂപ്പൻ (pastor/ priest) എന്ന നിലയിലേക്കും, പല പ്രാദേശിക സഭ കൾക്ക് ഒരു ബിഷപ്പ് എന്ന നിലയിലേക്കും കാര്യങ്ങൾ മാറ്റപ്പെട്ടു. ( പ്രാദേശിക സഭയിലെ മൂപ്പനെ തന്നെ സൂ ചി പ്പിക്കുന്ന പദങ്ങൾ ആണ് ബിഷപ്പ്, ഇടയൻ എന്നുള്ളത്)

ആദിമസഭയിലെ താഴ്മയുള്ള സഹോദരന്മാരായ മൂപ്പ ന്മാരാൽ നയിക്കപ്പെട്ടിരുന്ന സഭാകൂട്ടായ്മകൾ, ശമ്പള ക്കാരായ പുരോഹിതന്മാരാലും, മേൽപുരോഹിതന്മാ രാലും നയിക്കപ്പെടുന്ന പ്രസ്ഥാനങ്ങൾ ആയി മാറി.

ഇത്തരം ദേവാലയങ്ങൾ, പുരോഹിതന്മാർ, അതുമായി ബന്ധപ്പെട്ട പ്രസ്ഥാനങ്ങൾ ഒക്കെ നിലനിർത്താൻ പണം വലിയ ഒരു ഘടകമായി മാറി. കർത്താവ് തന്നെ പറഞ്ഞത് പോലെ മാമോൻ എന്ന യജമാനൻ സഭാപ്ര സ്ഥാനത്തെ നിയന്ത്രിക്കുവാൻ തുടങ്ങി.

കത്തോലിക്കാ സഭയുടെ ആവിർഭാവത്തോടെ,ബിഷ പ്പുമാരുടെ മുകളിൽ കർദിനാൾമാരും ഏറ്റവും മുകളി ൽ മാർപ്പാപ്പയും എന്ന അധികാരകേന്ദ്രങ്ങൾ കൂടി ഈ പിരമിഡൽ ശ്രേണിയിലേക്ക്, മുകളിലേക്ക് ചേർക്ക

പ്പെട്ടു - അങ്ങനെ കാലാകാലങ്ങളിലൂടെ ദൈവസഭ ദൈവീക ജീവനുള്ള ശരീരം എന്ന നിലയിൽ നിന്നും പുരോഹിതർ മുതൽ പോപ്പ് വരെ എത്തുന്ന ഒരു കേന്ദ്രീകൃത സംഘടനാ രീതിയിലേക്ക് മാറ്റപ്പെട്ടു.

(റോമിൽ നിന്നുള്ള പോപ്പിന്റെ അപ്രമാദിത്വത്തെ അംഗീകരിക്കുവാൻ കഴിയാത്തതിനാലും മറ്റു പല ഉപ ദേശവിഷയങ്ങളുള്ള ഭിന്നതയും കാരണം **'വലിയ മതഭിന്നത' The greatest schism** എന്ന് അറിയപ്പെടുന്ന പിളർപ്പ് 1054 ഉണ്ടാകുകയും കിഴക്കൻ ഓർത്തഡോക്സ് സഭ പടിഞ്ഞാറൻ റോമൻ കത്തോലിക്കാ സഭയുമായി വേർപെടുകയും ചെയ്തു എന്നത് ചരിത്രത്തിലെ മറ്റൊരു പ്രധാന സംഭവമാണ്)

ദൈവസഭ ഒരു ശരീരം എന്ന നിലയിൽ നിന്നും കേന്ദ്രീ കൃത സംഘടന എന്ന നിലയിലേക്ക് മാറ്റപ്പെട്ടപ്പോൾ, സഭക്ക് **ക്രൂശിന്റെ സന്ദേശവും അവർക്കു പ്രസം ഗിക്കുവാനും പ്രവർത്തികമാക്കുവാനും കഴിയാതെയായി**.

നാം കണ്ടത് പോലെ ആദിമ സഭയുടെ പ്രധാന സന്ദേശം ക്രൂശിന്റെ സന്ദേശം ആയിരുന്നു, ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടു, പാപത്തിൽ നിന്നും സ്വതന്ത്രൻ ആയി ത്തീർന്നു എന്നുള്ള വെളിപാടിന്റെ അടിസ്ഥാനത്തിൽ ക്രൂശു എടുത്തു കർത്താവിനെ അനുഗമി ക്കുന്നതിൽ കൂടിയായിരുന്നു സഭ ക്രിസ്തു എന്ന തലയാൽ നിയന്ത്രി ക്കപ്പെട്ട ഒരു ശരീരം ആയി നില നിന്നിരുന്നത്.

എന്നാൽ പാപത്തിൽ നിന്നും സ്വതന്ത്രം ആക്കുന്ന ക്രൂശിന്റെ സന്ദേശം അവർക്കു നഷ്ടപ്പെട്ടപ്പോൾ, ക്രൂശു എടുക്കുയും, സ്വയജീവനെ വിട്ടുകളയുകയും ചെയ്യുക എന്നത് അസാധ്യമായിതീർന്നു. അങ്ങനെ യേശുക്രിസ്തു എന്ന തലയുമായി ബന്ധപ്പെട്ടു അവന്റെ ജീവനിൽ നിയന്ത്രിക്കപ്പെടുന്ന അവയവങ്ങൾ എന്ന നിലയിൽ നിന്നും, സ്വന്ത ശക്തിയിൽ പ്രവർത്തിക്കുന്ന കോർപ്പ റേറ്റ് സ്ഥാപനങ്ങളെ പോലെ സഭ ആയിത്തീർന്നു.

തുടർന്ന് യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിലെ വിശ്വാസത്തിൽ കൂടിയുള്ള പാപത്തിൽ നിന്നുള്ള ക്ഷമ എന്ന പ്രാഥമികമായ സന്ദേശവും അവർക്കു നഷ്ട പ്പെട്ടു, പ്രവർത്തികളിൾ വഴിയുള്ള നീതീകരണവും പാപമോചനച്ചീട്ടുകളിൽ കൂടിയുള്ള പാപമോചനവും എന്ന രീതിയിൽ വരെ സഭാ പ്രസ്ഥാനം എത്തി ച്ചേർന്നു.

ക്രിസ്തുവിന്റെ ശക്തിയിൽ, ദൈവീക ജീവനിൽ വേല ചെയ്യാനുള്ള സഭ അതിന്റെ സംഘടനാ ശക്തിയെയും സ്വാഭാവിക കഴിവുകളെയും ആശ്രയിക്കാൻ തുടങ്ങി. ക്രൂശിലെ ക്രിസ്തുവിന്റെ പൂർത്തീകരിച്ച പ്രവർത്ത നത്തിൽ ആശ്രയിക്കുകയും, ക്രൂശു എടുത്തു കർത്താ വിനെ പിന്തുടരുകയും ചെയ്യേണ്ടതിനു പകരം അവരു ടെ സ്വന്ത കഴിവിൽ ആശ്രയിക്കാൻ തുടങ്ങുമ്പോൾ, അത് ക്രിസ്തീയ മാർഗ്ഗത്തിനു പകരം ക്രിസ്തു മതം എന്ന വ്യാജപതിപ്പ് ഉൽപാദിപ്പിക്കുന്നു.

അത് ബാഹ്യമായി നീതിയായി കാണപ്പെടുന്നുവെങ്കി ലും ആന്തരികമായി അധർമ്മവും കപടവും,വഞ്ചന യും നിറഞ്ഞതായിരിക്കും (മത്തായി 23:28). അങ്ങനെ കാലാകാലങ്ങളിലൂടെ സഭ ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തി (ദൈവീക ജീവൻ,Zoe) നഷ്ടപ്പെടുത്തി യ മാനുഷിക പ്രസ്ഥാനം ആയിത്തീർന്നു.

ക്രൂശിന്റെ സന്ദേശം വെളിപ്പെടുത്തിയിരുന്ന ആത്മീക കർമ്മങ്ങൾ ആയിരുന്ന സ്നാനവും, കർത്തൃമേശയും അർത്ഥമില്ലാത്ത ആചാരങ്ങൾ ആയിത്തീർന്നു. സഭ ഒരു ശരീരമായി ചെയ്തിരുന്ന ശുശ്രൂഷകൾ പുരോ ഹിതർക്കു മാത്രം അനുഷ്ഠിക്കുവാൻ കഴിയുന്ന കൂദാശ കൾ ആക്കിതീർത്തു.

എന്നിരുന്നാലും, വിശ്വാസത്യാഗത്തിന്റെ ഈ നൂറ്റാണ്ടു കളിലുടനീളം, ദൈവം എല്ലായ്പ്പോഴും ചെയ്തിരുന്നത് പോലെ ദൈവത്തെ ആത്മാർഥമായി അന്വേഷിച്ചിരു ന്ന, ക്രൂശു എടുത്തു കർത്താവിനെ അനുഗമിക്കുന്ന ഒരു ശേഷിപ്പിനെ ഈ വ്യവസ്ഥാപിത സഭക്കുള്ളിലും നില

നിർത്തിയിരുന്നു. അവരിൽ ചിലർ വ്യവസ്ഥാപിത മായ സഭക്കുള്ളിൽ നിന്നും മാറ്റങ്ങൾ ഉണ്ടാക്കുവാൻ ശ്രമിച്ചപ്പോൾ, ചിലർ "പാളയത്തിനു വെളിയിൽ ക്രിസ്തു വിനോട് കൂടെ നിന്ദ അനുഭവിക്കുകയും ചെയ്തു", മാത്ര മല്ല, ജഡത്തിൽ നിന്നും ജനിച്ചവർ ആത്മാവിൽ നിന്നും ജനിച്ചരെ പീഡിപ്പിക്കുന്നതിനാൽ ,ഇവരിൽ ചിലർ കഠിനമായ പീഡനങ്ങൾ സഹിക്കുകയും ചെയ്തു. (എബ്രാ യർ 13:12; ഗലാത്യർ 4:29). സഭാ ചരിത്രകാരന്മാർ ഈ യുഗത്തെ സഭയുടെ "ഇരുണ്ട യുഗം" എന്ന് വിളിച്ച തിൽ അതിശയിക്കാനില്ല.

=======================================

## നവീകരണം, ദൈവീക സത്യങ്ങളുടെ ഭാഗിക പുനഃസ്ഥാപനം

=======================================

എന്നാൽ അത്തരത്തിലുള്ള നീണ്ട ഇരുണ്ട കാലഘട്ട ത്തിനു ശേഷം പതിനഞ്ചാം നൂറ്റാണ്ടോടു കൂടി മാർട്ടിൻ ലൂഥർ എന്ന വ്യക്തിയുടെ നേതൃത്വത്തിൽ നവീകര ണം ഉണ്ടാവുകയും വിശ്വാസത്താലുള്ള നീതീകരണം എന്ന ദൈവീക സത്യം ദൈവസഭയിൽ പുനഃസ്ഥാ പിക്കുകയും ചെയ്തു. എന്നാൽ ദൈവീക സത്യങ്ങളുടെ ഭാഗീകമായ പുനഃസ്ഥാപനം മാത്രമാണ് നവീകരണ തിലൂടെ നടന്നത്, അഥവാ നവീകരണം, ആദിമ സഭയി ലെ എല്ലാ സത്യങ്ങളിലെക്കും ഉള്ള പുനഃസ്ഥാപനം ആ യിരുന്നില്ല.

ഏറ്റവും പ്രധാനമായും പാപത്തിൽ നിന്നും സ്വാതന്ത്രം ആക്കുന്ന, സ്വയജീവനെ വിട്ടുകളയുന്ന ക്രൂശിന്റെ യഥാ ർത്ഥ സന്ദേശം, നവീകരണത്തിൽ പുനഃ സ്ഥാപിക്കപ്പെ ട്ടില്ല. വേറൊരു രീതിയിൽ നവീകരണത്തിൽ കൂടി "വിശ്വാസത്താൽ എങ്ങനെ നീതികരിക്കപ്പെടാം" എന്ന സത്യം പുനഃസ്ഥാപിക്കപ്പെട്ടു, എങ്കിലും ക്രൂശിലെ

കർത്താവിന്റെ പ്രവർത്തിയിൽ ആശ്രയിച്ചു "നീതിമാൻ എങ്ങനെ വിശ്വാസത്താൽ ജീവിക്കണം" എന്ന സത്യം പുനഃസ്ഥാപിക്കപ്പെട്ടില്ല.

നവീകരണത്തിന്റെ ഫലമായി അന്നുണ്ടായിരുന്ന കത്തോലിക്ക സഭയിൽ നിന്നും പ്രൊട്ടസ്റ്റൻറ് സമൂഹം രൂപപ്പെടുകയുണ്ടായി. അതിനു ശേഷം അനേക ദൈവ വചന സത്യങ്ങൾ ദൈവസഭയിൽ സ്ഥാപിക്കപ്പെടുകയും പ്രൊട്ടസ്റ്റൻറ് സമൂഹങ്ങളിൽ നിന്ന് ദൈവ വചന സത്യങ്ങൾക്കു വേണ്ടി അനേക സഭാ സമൂഹങ്ങൾ ഉണ്ടാവുകയും ചെയ്തു. ലൂഥറൻ സഭയിൽ നിന്നും, പ്രെസ്പിറ്ററിയാൻ സഭകളും, മെതഡിസ്റ്റ് സഭകളും, അന ബാപ്റ്റിസ്റ്റുകളും, ബ്രതരൻ സഭകളും, പെന്തെകൊസ്തു സഭകളും ഉണ്ടായി.

വിചിത്രം എന്ന് പറയട്ടെ , കത്തോലിക്ക സഭ എങ്ങനെ ലൂഥർ മുതലായ നവീകരണ നേതാക്കളെയും, പ്രസ്ഥാനങ്ങളെയും പീഡിപ്പിച്ചുവോ അതെ രീതിയിലോ അതിൽ കൂടുതലോ ലൂഥറും, തന്റെ സഭയും പിന്നീട് വന്ന നവീകരണ നേതാക്കളെയും, പ്രസ്ഥാനങ്ങളെയും പീഡിപ്പിച്ചു എന്ന് സഭാ ചരിത്രം വെളിപ്പെടുത്തുന്നു.

മാർട്ടിൻ ലൂഥറിനു ശേഷം ഉണ്ടായ അത്തരം നവീകരണ സമൂഹങ്ങളുടെ ഇങ്ങേ അറ്റത്തുള്ള സഭകളിൽ ഒന്നാണ് പെന്തക്കോസ്ത് സമൂഹം. അതിനാൽ തന്നെ മുൻപുള്ള സഭകളിൽ ഉള്ള പല പാരമ്പര്യങ്ങളും, പെന്തെകൊസ്തു സഭകളിൽ ഉണ്ടായിരുന്നില്ല.

കൂടാതെ പരിശുദ്ധാത്മ പകർച്ചയോടു കൂടി ആദിമസഭയിൽ വെളിപ്പെട്ട ആത്മാവിന്റെ കൃപാവരങ്ങൾ പെന്തക്കോസ്ത് മുന്നേറ്റത്തിൽ പുനഃസ്ഥാപിക്കപ്പെടുകയും ചെയ്തു. അതിനാൽ ആ സമൂഹത്തെ പെന്തക്കോസ്തു സമൂഹം എന്ന് വിളിക്കപ്പെടുകയും ചെയ്തു

എന്നാൽ നമ്മൾ ദൈവവചനവും സഭാചരിത്രവും ശ്രദ്ധിച്ചു വായിച്ചാൽ എല്ലാ നവീകരണ സമൂഹങ്ങളും, ആദിമ ദൈവസഭയിലെ സത്യങ്ങൾ പൂർണ്ണമായും പുനഃസ്ഥാപിച്ചില്ല എന്ന് മാത്രമല്ല, കാലക്രമേണ പാരമ്പ ര്യത്തിനും ദൈവവചന വിരുദ്ധമായ ആചാരങ്ങൾക്കും വീണ്ടും അടിമപ്പെട്ടു അവർ ആയിരുന്ന സമൂഹങ്ങളെ പ്പോലെയോ, അതിലും മോശമോ ആയിത്തീരുന്നത് കാണുവാൻ കഴിയും.

(നവീകരണ പ്രസ്ഥാനങ്ങളുടെ തുടക്കക്കാരൻ ആയ മാർട്ടിൻ ലൂഥറുടെ ജീവിതാവസാനം ഒരു പരാജയം ആയിരുന്നു എന്നതും ഇതിനോട് ചേർത്ത് വായിക്കേണ്ട ഒരു കാര്യമാണ്).

നവീകരണ സഭകളിൽ ഇങ്ങേയറ്റത്തുള്ള സഭകളിൽ ഒന്ന് എന്ന നിലയിൽ തുടർന്നുള്ള അധ്യായങ്ങളിൽ, ഇന്നുള്ള പെന്തെകൊസ്തു സഭയും ആദിമ സഭയും തമ്മി ലുള്ള താരതമ്യം നമുക്ക് പരിശോധിക്കാം. ഇതിലൂടെ ഇന്നുള്ള വേർപെട്ട സഭകൾ ആദിമ സഭയിൽ നിന്നും എത്ര മാത്രം വ്യത്യസ്തം ആയിരിക്കുന്നു എന്ന് നമുക്ക് മനസ്സിലാക്കാം

==========================================

## അധ്യായം 6

## ആധുനിക പെന്തെകൊസ്തു സഭകളും , ആദിമ സഭയും : ഒരു താരതമ്യം

==========================================

ചരിത്രത്തിന്റെ തനിയാവർത്തനം പോലെ പെന്ത ക്കോസ്ത് സമൂഹവും അതിന്റെ തുടക്കത്തിൽ നിന്നും വ്യത്യസ്തമായി വിട്ടു പോന്ന പാരമ്പര്യങ്ങൾക്കും, ആചാ രങ്ങൾക്കും ദൈവവചനവിരുദ്ധമായ കാര്യങ്ങൾക്കും അടിമപ്പെട്ടു എന്ന് നിഷ്പക്ഷമായി ചിന്തിച്ചാൽ നമുക്ക് കാണാൻ കഴിയും.

നാം കണ്ടത് പോലെ ആദിമ സഭയുടെ ശക്തിയുടെയും, അവർ ഒരു ശരീരമായി നിലനിന്നിരുന്നതിന്റെയും കാരണം അവർ ഉപദേശിക്കുകയും, പ്രാവർത്തികമാ ക്കുകയും ചെയ്ത ക്രൂശിന്റെ സന്ദേശം എന്ന സുവിശേ ഷം ആയിരുന്നു.

**അത് പോലെ നാം ശ്രദ്ധിച്ചു പഠിക്കുകയാണ് എങ്കിൽ ഇന്നുള്ള സഭകളുടെ ശക്തിഹീനതക്കും പിന്മാറ്റത്തിനും കാരണം, ക്രൂശിന്റെ സന്ദേശം നഷ്ടപ്പെട്ടു പോയതും, അതിനാൽ അവർക്കു സ്വയജീവനെ വിട്ടുകളഞ്ഞു ഒരു ശരീരമായി പ്രവർത്തിക്കുവാൻ കഴിയാതെ വന്നതും ആണെന്ന് മനസ്സിലാക്കുവാൻ സാധിക്കും**.

അതിനാൽ തുടർന്നുള്ള ഭാഗത്തു; ആദിമ സഭയിൽ നിന്നും വ്യത്യസ്തമായി പെന്തക്കോസ്തു സഭകളിൽ ഇന്നു നിലനിൽക്കുന്ന ചില ഉപദേശങ്ങളും രീതികളും അതിനുള്ള അടിസ്ഥാന കാരണവും പഠനവിഷയം ആക്കുന്നു.

ഇതിൽ ചിലതു ആദ്യകാലം മുതൽ ഉള്ളതും ചിലതു കാലക്രമേണ പെന്തക്കോസ്തു പ്രസ്ഥാനത്തിൽ കടന്നു കയറിയതും പ്രമാണങ്ങളായതുമാണ്. എന്നാൽ ഇതെല്ലാം തന്നെ സഭ ക്രിസ്തുവിന്റെ ജീവനാൽ നയിക്കപ്പെടുന്ന ശരീരം എന്ന നിലയിൽ നിന്നും മാനുഷിക ശക്തിയാൽ നയിക്കപ്പെടുന്ന കേന്ദ്രീകൃത സംഘടന എന്ന നിലയിലേക്ക് മാറിപ്പോയ തിന്റെ ഉപോല്പന്നങ്ങൾ ആണ്.

========================================

1 . ഏകാംഗ പാസ്റ്റർ സംവിധാനം

========================================

ആദിമ സഭ ഒരു കുടുംബവും, ഒരു ശരീരവും ആയിരുന്നു. അതിനാൽ തന്നെ ആദിമസഭയിൽ പഴയനിയമ പൗരോഹിത്യം പോലെയോ ഇന്നുള്ളതു പോലെ എപ്പിസ്കോപ്പൽ സഭകളിലെ പുരോഹിതന്മാരെ പോലെയോ, പെന്തക്കോസ്തു സംഘടനകൾ നിയമിക്കുന്ന ഏകാംഗ പാസ്റ്റർ വ്യവസ്ഥിതിയോ ഇല്ലായിരുന്നു.

പുതിയനിയമ ദൈവ സഭയെ മേൽനോട്ടം വഹിച്ചിരുന്നത് പുരോഹിതൻ / പാസ്റ്റർ എന്ന ഒറ്റ വ്യക്തിയായിരുന്നില്ല പകരം ആത്മീയ പകമതയുള്ള പ്രാദേശികമായ സഭയിൽ നിന്നു തന്നെ ഉയർന്നു വന്ന സഹോദരന്മാർ തന്നെയായ മൂപ്പന്മാർ ആയിരുന്നു.

പ്രാദേശികസഭയുടെ നേതൃത്വം മൂപ്പന്മാരിലായിരിക്കണം. ഈ കാര്യം പുതിയനിയമം വ്യക്തമായി പഠിപ്പിക്കുന്നുണ്ട് (തീത്തോ. 1:5; അപ്പൊ. 14:23) . മൂപ്പന്മാർ എന്നു ബഹുവചനം പ്രയോഗിച്ചിരിക്കുന്നതിനാൽ ഓരോ സഭയിലും കുറഞ്ഞപക്ഷം രണ്ടു മൂപ്പന്മാരുണ്ടായിരിക്കണം

ഓരോ സഭയിലും ഉണ്ടായിരുന്ന ഒന്നിലധികം മൂപ്പന്മാരുടെ പക്കൽ സഭാ പരിപാലനം ഏൽപ്പിക്കുകയായി

രുന്നു അപ്പോസ്തോലിക മാതൃക. പ്രാദേശിക സഭയിൽനിന്നും അപ്പോസ്തോലന്മാർ അതിനു പ്രാപ്തി ഉള്ള മൂപ്പന്മാരെ കണ്ടെത്തി, അവരെ സഹായിച്ചു ശുശ്രൂഷയ്ക്കു പ്രാപ്തരാക്കുകയും അങ്ങനെ പ്രാപ്തി നേടിയവർ സഭ യിലെ മറ്റുള്ള സഹോദരന്മാരെ ഭാവി ശുശ്രൂഷയ്ക്ക് ഒരുക്കുകയും ചെയ്തിരുന്നു. (എഫെസ്യർ 4:12, തീത്തോസ്1:5).

അവർ പുറത്തു നിന്ന് നിയമനം വാങ്ങി വരുന്നവരല്ല, എവിടെനിന്നെങ്കിലും സ്ഥലം മാറ്റം കിട്ടി വരുന്നവരല്ല, സംഘടന സെന്ററർ അവരെ നിയോഗിച്ച് അങ്ങോട്ടേക്ക് അയയ്ക്കുന്നതല്ല. അവർ യഥാർത്ഥത്തിൽ പ്രാദേശിക സഭയിലെ സഹോദരന്മാരിലെ ആത്മീയമായ പക്വത പ്രാപിച്ച വ്യക്തികളാണ്.

മൂപ്പനെ തന്നെയാണ് അധ്യക്ഷൻ എന്നും വിളിക്കുന്നത് ഇതേ മൂപ്പന്റെ ശുശ്രൂഷ ആണ് ഇടയ ശുശ്രൂഷ.അല്ലാതെ 'പാസ്റ്റർ' എന്ന ടൈറ്റിൽ ഉപയോഗിക്കുന്ന ഏകാംഗ നേതാവിനെ പുതിയ നിയമ സഭയിൽ കാണുവാൻ കഴിയില്ല. അത്തരം സ്ഥാനപ്പേരുകളെ കർത്താവ് ശക്തമായി എതിർത്തിരുന്നു ( മത്തായി 23 :10 ) അതിനാൽ ഇന്ന് പെന്തെകൊസ്തു സഭകളിൽ കാണുന്ന ഏകാംഗ പാസ്റ്റർ സംവിധാനം വചന വിരുദ്ധമാണ്. അത് പൗരോഹിത്വ സഭകളിൽ നിന്നും കടന്നു കൂടിയ സംവിധാനം ആണ്.

=========================================

## 2 ഏകാംഗ പാസ്റ്റർ കേന്ദ്രീകൃതമായ ശുശ്രൂഷകൾ

=========================================

മുകളിൽ വിവരിച്ചത് പോലെ ആദിമസഭയിൽ ഏറ്റവും ചുരുങ്ങിയത് രണ്ടു പേർ എങ്കിലും സഭാ പരിപാലനത്തിനു മൂപ്പന്മാരായി ഉണ്ടായിരുന്നു.അവർ സഭയുടെ എല്ലാ ഉത്തരവാദിത്വങ്ങളും പങ്കു വച്ചിരുന്നു. അതു

പോലെ പല ശുശ്രൂഷകൻമാരും കൃപാവരപ്രാപ്തരും സഭയിലുണ്ടായിരുന്നു. അതിനാൽ സഭയിലെ എല്ലാ കാര്യങ്ങളും, ആത്മീയവും ,ഭൗതികവുമായ എല്ലാ ശുശ്രൂഷയും ഒറ്റ പാസ്റ്ററുടെ മാത്രം ചുമതലയായിരുന്നില്ല.

എന്നാൽ പൗരോഹിത്യ സഭകളിൽ കൂദാശകൾ നടത്താൻ പുരോഹിതന് മാത്രം അധികാരമുള്ളത് പോലെ, ഇന്നുള്ള പെന്തക്കോസ്തു സഭകളിൽ എല്ലാ ആത്മീയ ശുശ്രൂഷകളും പാസ്റ്റർ എന്ന ഏക വ്യക്തി തന്നെയാണ് ചെയ്യുന്നത്. സഭായോഗം പ്രാർത്ഥിച്ചു തുടങ്ങുന്നത് മുതൽ വചനശുശ്രൂഷ ഉൾപ്പെടെ ആശീർവാദം വരെ എല്ലാ ആത്മീയശുശ്രൂഷകളും പാസ്റ്റർ തന്നെ.

ഇതു മാത്രമല്ല വചനത്തിൽ ഇല്ലാത്ത ഭൗതിക ശുശ്രൂഷകൾ ഉദാഹരണത്തിന് വീടിന് കുറ്റിയടിക്കൽ, കട്ടിള വെപ്പ്, ഉദ്ഘാടനം, ശിശുപ്രതിഷ്ഠ, വാഹന പ്രതിഷ്ഠ, ഭവന പ്രതിഷ്ഠ,വിവാഹം,സംസ്കാരം എന്നുവേണ്ട വിശ്വാസികളുടെ ജീവിതത്തിലെ സമസ്ത മേഖലകളിലും നടക്കുന്ന ചെറുതും വലുതുമായ എല്ലാ ആത്മീയ-ഭൗതിക ശുശ്രൂഷകളും നടത്തുവാൻ അർഹതപ്പെട്ടവർ പെന്തെകൊസ്തിൽ പാസ്റ്റർ മാത്രമാണ്.

എന്നാൽ ആദിമ സഭയിൽ അങ്ങനെ ആയിരുന്നില്ല. സഭ ഒരു ശരീരം പോലെ കൂട്ടായി പ്രവർത്തിക്കുകയും, രാജകീയ പുരോഹിതന്മാരായ എല്ലാവരും ശുശ്രൂഷകൾ പങ്കുവെക്കുകയും ചെയ്തിരുന്നു അതിന്റെ മേൽനോട്ടം ആയിരുന്നു മൂപ്പന്മാരുടെ പ്രധാന ചുമതല.

പുതിയ നിയമ ദൈവ സഭയിലെ ശുശ്രൂഷകൾ ഒന്നും തന്നെ ഒരു പക്ഷത്തുനിന്ന് മാത്രം നിർവഹിക്കപ്പെടുന്ന വൺവേ സമ്പ്രദായം അല്ല മറിച്ച് അന്യോന്യം നിർവഹിക്കപ്പെടു ന്നത് ആണ്.താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ ഇന്നും അത് സുവ്യക്തമാണ്

(സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീക ഗീതങ്ങളാലും "തമ്മിൽ"സംസാരിച്ചും, "തമ്മിൽ" പഠിപ്പിച്ചും, ബുദ്ധിയുപദേശിച്ചും" നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു പാടിയും ഇങ്ങനെ ക്രിസ്തുവിന്റെ വചനം സകലജ്ഞാനത്തോടുകൂടി നിങ്ങളിൽ വസിക്കട്ടെ (കൊലൊസ്യർ 3:16). ഓരോരുത്തനും ലഭിച്ച "വരം" കൊണ്ടു അന്യോന്യം ശുശ്രൂഷിപ്പിൻ 1 പത്രോസ് 4:10ൽ. സഹോദരന്മാരേ, നിങ്ങൾ..... "അന്യോന്യം പ്രബോധിപ്പിപ്പാൻ പ്രാപ്തരും ആകുന്നു." (റോമർ 15:14). "ആകയാൽ നിങ്ങൾ ചെയ്തുവരുന്നതുപോലെ അന്യോന്യം പ്രബോധിപ്പിച്ചും തമ്മിൽ ആത്മിക വർദ്ധനവരുത്തിയും പോരുവിൻ." (1തെസ്സലൊനിക്യർ 5:11). "നാൾതോറും അന്യോന്യം പ്രബോധിപ്പിച്ചു കൊൾവിൻ."( എബ്രായർ 3:13).)

മുകളിൽ പറഞ്ഞിരിക്കുന്ന വാക്യങ്ങളുടെ അടിസ്ഥാനത്തിൽ "പാസ്റ്റർ" എന്ന ഏക വ്യക്തി തന്നെ എഴുന്നേറ്റു നിന്നു ആരാധനയിൽ സർവ്വാധിപത്യം നടത്തുകയെന്നതല്ല അതിന്റെ സാരം. ന്യായപ്രമാണകാലത്തു മഹാപുരോഹിതൻ അങ്ങനെ ചെയ്തിരുന്നു. ഇന്നു കാത്തോലിക്കാ, യാക്കോബായ, മാർത്തോമ്മാ, സിഎസ്ഐ തുടങ്ങിയ സഭകൾ ഇത്തരത്തിൽ അഹരോന്യപൗരോഹിത്യത്തിന്റെ പിന്തുടർച്ച കൃത്യമായി പാലിച്ചു വരുന്നതായി കാണാം. എന്നാൽ പൗരോഹിത്വ സഭകൾ വിട്ടു പോന്ന പെന്തക്കോസ്തു സഭകളും അതേ പിന്തുടർച്ച തന്നെ പാലിക്കുന്നുവെങ്കിൽ പിന്നെ അവർ എന്തിനു പൂർവ്വസഭകളെ വിട്ടുപോന്നു എന്നത് പ്രസക്തമായ ചോദ്യം ആണ്.

( എല്ലാ പെന്തെകൊസ്തു സഭകളിലും ഈ രീതിയിലുള്ള പാസ്റ്റർ ഏകാധിപത്വ ശുശ്രൂഷകൾ ആണ് നടക്കുന്നത് എന്ന് അർത്ഥമില്ല , മറ്റുള്ളവർക്കും ശുശ്രൂഷയിൽ പങ്കാളിത്തം ഉള്ള വ്യത്യസ്തമായ സഭകളും ഉണ്ടാകാം .എന്നാൽ പൊതുവെ ഈ രീതിയിൽ ആണ് കാണാറു

ള്ളത്. മാത്രമല്ല പൂർണ്ണമായും ദൈവവചനമാതൃക യിൽ സഭ ഒരു ശരീരം പോലെ കൂട്ടായി പ്രവർത്തിക്കു കയും, രാജകീയ പുരോഹിതന്മാരായ എല്ലാവരും ശുശ്രൂ ഷകൾ പങ്കുവെക്കുകയും അതിന്റെ മേൽനോട്ടം ഇടയ ന്മാരായ മൂപ്പന്മാർ വഹിക്കുകയും ചെയ്യുക എന്ന സമ്പൂ ർണ്ണ മാതൃക സഭ (Ideal Church ) ഉണ്ടാകുക എളുപ്പം അല്ല അങ്ങനെ ഒന്ന് രൂപപ്പെടുവാൻ വളരെ നാളുകൾ എടുത്തേക്കാം, അതിനാൽ ഒരു പരിധി വരെ ഇത്തരം ശൈശവാവസ്ഥകൾ ഒരു പുതിയ സഭയിൽ അംഗീക രിക്കാവുന്നതാണ്. എന്നാൽ ദൈവം ഉദ്ദേശിക്കുന്നത് ഇത്തരത്തിൽ അല്ല എന്നുള്ള ബോധ്യം നമുക്ക് ഉണ്ടാ യിരിക്കണം എന്നാൽ വർഷങ്ങൾ കഴിഞ്ഞ സഭകളി ലും ഈ സ്ഥിതി തുടരുന്നു എങ്കിൽ അത് ഒട്ടും ആശ്വാ സ്യം അല്ല. അത് ആ സഭയെ നയി ക്കുന്നവരുടെ ദൈവ സഭയെപ്പറ്റിയുള്ള ബോധ്യത്തിന്റെ പ്രശനമാണ്)

=========================================

## 3 പാസ്റ്റർമാരുടെ ശമ്പള വ്യവസ്ഥിതി

=========================================

ആദിമ സഭ ഒരു കുടുംബം ആയിരുന്നു എന്നും നാം കണ്ടിരുന്നുവല്ലോ, കുടുംബത്തിൽ ആരും തന്നെ ഉത്ത രവാദിത്വങ്ങൾ നിർവ്വഹിക്കുന്നത് ശമ്പളത്തിന് വേണ്ടി അല്ല.

ബൈബിളിലെ എല്ലാവർക്കുമുള്ള പൊതുവായ കൽപ്പ ന എല്ലാവരും സ്വന്തം കൈകൊണ്ട് ജോലി ചെയ്യണം എന്നതാണ്. ഇതിൽ സഭയിലെ എല്ലാവരും; ശുശ്രൂഷ കരും മൂപ്പന്മാരും ഉൾപ്പെടും. (എഫെസ്യർ 4: 28, 1 തെസ്സ ലോനിക്യർ 4: 11.12, 2. തെസ്സലോനിക്യർ 3: 8-12)

എന്നാൽ അതിൽ നിന്നും ജോലി ചെയ്യുന്നതിൽ നിന്നും ഒഴിവുള്ളവരായി; കൈകൊണ്ട് വേല ചെയ്യാതിരിക്കു

വാൻ അവകാശമുള്ളത് അപ്പോസ്തോലന്മാർക്ക് ആണ് എന്ന് 1 കൊരിന്ത്യർ 9:14 പറയുന്നു.

അതിന് കാരണം അവർ യാത്ര ചെയ്യുന്നവരും സുവിശേഷം അറിയിക്കുകയും സഭകൾ സ്ഥാപിക്കുകയും ചെയ്യുന്നവരുമാണ് ആയതിനാൽ അവർ സ്ഥിരമായി ജോലി ചെയ്യുന്നത് പ്രായോഗികം ആയിരുന്നില്ല. അതിനാൽ സഭ അവർക്ക് സാമ്പത്തികമായി സ്ഥിരമായി സഹായം ചെയ്തിരുന്നു. ഇതു തന്നെയാണ് കർത്താവും കൽപ്പിച്ചതു (ലൂക്കോസ് 10:7)

അപ്പോസ്തലന്മാർ മാത്രമല്ല; സഭ അയക്കുന്ന; സ്ഥിരമായി യാത്ര ചെയ്യുന്ന സുവിശേഷം അറിയിക്കുന്ന സുവിശേഷകർക്കും,പ്രവാചകന്മാർക്കും ഈ അവകാശമുണ്ട്.

പ്രാദേശിക സഭയിലെ മൂപ്പൻ യാത്രകൾ ചെയ്യുന്ന, സഭകൾ സ്ഥാപിക്കുന്ന ഒരു സുവിശേഷകൻ കൂടിയാണ് എങ്കിൽ അദ്ദേഹത്തിനും ഈ അവകാശം ഉപയോഗിക്കാം.

എന്നാൽ പ്രാദേശിക സഭയിൽ മാത്രം ശുശ്രൂഷിക്കുന്ന മൂപ്പന്മാർ; ശുശ്രൂഷകർ എന്നിവർ സ്വാഭാവികമായി തുടർച്ചയായി യാത്ര ചെയ്യുന്നവർ അല്ല. സ്വാഭാവിമായി അവരുടെ ശുശ്രൂഷ പ്രാദേശികസഭയിൽ മാത്രം ഒതുങ്ങുന്നതാണ്.

മാത്രമല്ല അപ്പോസ്തോലൻ എന്ന നിലയിൽ ജോലി ചെയ്യാതിരിക്കുവാൻ അവകാശമുള്ള പൗലോസ് പോലും; *സഭയിലെ **മൂപ്പന്മാർക്ക് മാതൃകയായി** കൈകൊണ്ട് വേല ചെയ്തു* എന്നാണ് ദൈവവചനം പഠിപ്പിക്കുന്നത്.

(അപ്പൊ.പ്രവൃത്തികൾ 20: 33-35) ആരുടെയും വെള്ളിയോ പൊന്നോ വസ്ത്രമോ ഞാൻ മോഹിച്ചിട്ടില്ല. *എന്റെ മുട്ടിനും എന്നോടുകൂടെയുള്ളവർക്കും വേണ്ടി ഞാൻ

ഈ കൈകളാൽ അധ്വാനിച്ചു എന്ന് നിങ്ങൾ തന്നെ അറിയുന്നുവല്ലോ.*

ഇങ്ങനെ പ്രയത്നം ചെയ്തു പ്രാപ്തിയില്ലാത്തവരെ സഹായിക്കയും, വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നതു ഭാഗ്യം എന്ന് കർത്താവായ യേശു താൻ പറഞ്ഞ വാക്ക് ഓർത്തുകൊൾകയും വേണ്ടത് എന്ന് ഞാൻ എല്ലാം കൊണ്ടും ***നിങ്ങൾക്കു ദൃഷ്ടാന്തം കാണിച്ചിരിക്കുന്നു.***

1 തെസ്സലോനിക്യർ 2:9  സഹോദരന്മാരേ, ഞങ്ങളുടെ കഠിനാദ്ധ്വാനങ്ങൾ നിങ്ങൾ ഓർമ്മിക്കുന്നുണ്ടല്ലോ *നിങ്ങളിൽ ആർക്കും ഭാരമായിത്തീരരുതു എന്നു വെച്ച് ഞങ്ങൾ രാവും പകലും വേല ചെയ്തു നിങ്ങളോടു ദൈവത്തിന്റെ സുവിശേഷം പ്രസംഗിച്ചു.*

*ഈ മാതൃകയിൽ* എല്ലാവരും തങ്ങളെ അനുകരിക്കണം എന്ന് പൌലോസ് സഭയിലെ എല്ലാവരോടും കൽപ്പിക്കുന്നു.

2.തെസ്സലോനിക്യർ 3:8,9 ഞങ്ങൾ നിങ്ങളുടെ ഇടയിൽ അലസമായി നടന്നിട്ടില്ല, ആരുടെയും ആഹാരം വെറുതെ അനുഭവിച്ചിട്ടുമില്ല; നിങ്ങളിൽ ആർക്കും ഭാരമായിത്തീരരുതു എന്നുവച്ച് ഞങ്ങൾ അദ്ധ്വാനത്തോടും പ്രയാസത്തോടും കൂടെ രാപ്പകൽ വേലചെയ്തു പോന്നത്***അധികാരമില്ലാഞ്ഞിട്ടല്ല, അനുകരിക്കുവാൻ നിങ്ങൾക്ക് ഞങ്ങളെ മാതൃകയാക്കിത്തരേണ്ടതിനത്രേ.***

ആദിമ സഭയിലെ മൂപ്പന്മാർ അഥവാ പാസ്റ്റർമാർ നാം ഇന്ന് പെന്തക്കോസ്ത് പ്രസ്ഥാനങ്ങളിൽ കാണുന്നതു പോലെ ഏതെങ്കിലും സംഘടനകൾ നിയമിക്കുകയും സ്ഥലം മാറ്റുകയും ചെയ്യുകയും ചെയ്യുന്നവർ ആയിരുന്നി ല്ല.

അവർ പ്രാദേശിക സഭയിൽ തന്നെയുള്ള ആത്മീയരായ, പക്വതയുള്ള മുതിർന്ന സഹോദരന്മാർ ആയിരുന്നു. അവരെ ഏതെങ്കിലും സംഘടന പുറത്തു നിന്നും നിയമിക്കുക ആയിരുന്നില്ല,പകരം സഭകൾ സ്ഥാപിക്കുന്ന അപ്പോസ്തലന്മാർ സഭയിലെ ആത്മീയ സഹോദരന്മാരെ കണ്ടെത്തി; അവരെ പരിശീലിപ്പിക്കുകയും അവരെ സഭയുടെ പരിപാലനശുശ്രൂഷ ഏൽപ്പിക്കുകയുമായിരുന്നു അതിനാൽ അവർ സംഘടനയുടെയോ സഭയുടെയോ ശമ്പളക്കാർ ആയിരുന്നില്ല. *(അപ്പോസ്തല പ്രവർത്തി 14:23)

സത്യത്തിൽ ഇന്നുള്ള മിക്ക പെന്തെകൊസ്തു സഭകളുടെയും പ്രധാന പ്രശ്നം സഭയെ നയിക്കുവാനുള്ള പിതൃഹൃദയമുള്ള ഇടയന്മാർ അഥവാ മൂപ്പന്മാർ ഇല്ല എന്നുള്ളതാണ്. സംഘടന നിയമിക്കുന്ന, സ്ഥലം മാറ്റുന്ന ശമ്പളക്കാരൻ ആയ 'പാസ്റ്റർ' നേതാക്കൾ ആണ് ഉള്ളത്. അങ്ങനെയുള്ളവർക്ക്  ഒരിക്കലും ഒരു പിതാവിന്റെ സ്ഥാനം ഉണ്ടാകുകയില്ല.

ചുരുക്കത്തിൽ ഇന്ന് കാണുന്ന രീതിയിൽ ഉള്ള പാസ്റ്റർമാരുടെ ശമ്പള വ്യവസ്ഥിതി തികച്ചും ദൈവവചന വിരുദ്ധം ആണ്.

=========================================

## 4 സഭകളിലെ ദശാംശ വ്യവസ്ഥിതി

=========================================

ദശാംശം (എബ്രായ ഭാഷയിൽ "പത്തിലൊന്ന്") പഴയ നിയമത്തിലെ കല്പനയായിരുന്നു, അതായതു പഴയ നിയമ ഇസ്രയേല്യർ തങ്ങളുടെ ലാഭത്തിന്റെ പത്തിലൊന്ന് (വിളകൾ അല്ലെങ്കിൽ മൃഗങ്ങൾ) ലേവ്യ പുരോഹിതന്മാരുടെ ജീവിതച്ചിലവിനും, പൗരോഹിത്യ ശുശ്രൂഷക്കുള്ള പ്രതിഫലമായും നൽകേണം എന്നുള്ളത് നിയമമായിരുന്നു. പഴയ ഉടമ്പടിയിൽ വേറിട്ടതും വ്യതി

രിക്തവുമായ ദേവാലയത്തിന്റെ ചുമതലയുള്ള, ലേവ്യർ എന്ന പുരോഹിതവർഗ്ഗം ഉണ്ടായിരുന്നതിനാലാണത്.

പുതിയ ഉടമ്പടിയോടെ, ദൈവം തന്റെ പൗരോഹിത്യത്തെ അടിസ്ഥാനപരമായി മാറ്റുകയും ഭൗതിക ദേവാലയ ശുശ്രൂഷ അവസാനിപ്പിക്കുകയും ചെയ്തു കാരണം ക്രിസ്തുവിന്റെ ശരീരം, അവന്റെ സഭ, ഇപ്പോൾ ദൈവത്തിന്റെ ആലയമാണ് (എഫെസ്യർ 2: 19-22).

ദൈവത്തെ അറിയുന്നതിനും അവനെ സേവിക്കുന്നതിനും നേരിട്ട് പ്രവേശനമുള്ള എല്ലാ വിശുദ്ധരും ഇപ്പോൾ ദൈവത്തിന്റെ വിശുദ്ധ പൗരോഹിത്യമായിരിക്കുന്നതിനാൽ ദേവാലയ സേവനം നിർവഹിച്ച പ്രത്യേക, മുഴുസമയ പൗരോഹിത്യവും അവസാനിച്ചു (എബ്രായർ 4:16; 8:11; 10:19; 1 പത്രോസ് 2: 5; വെളിപ്പാടു 1: 6, റോമർ 7: 4; എബ്രായർ 7: 5, 12).

പുതിയ ഉടമ്പടിയിൽ ഈ പൌരോഹിത്വം മാറ്റപ്പെട്ടതോട് കൂടി ദശാംശം എന്ന പഴയനിയമ പ്രമാണവും മാറ്റപ്പെട്ടു. പുതിയ നിയമസഭയിൽ എല്ലാവരും അവയവങ്ങളാകയാൽ അവരിൽ നിന്നും ദൈവം എഴുന്നേൽപ്പിക്കുന്ന വിശ്വാസികളാണ് അതിലെ മൂപ്പന്മാർ.

അതുകൊണ്ടുതന്നെ ദശാംശം എന്നൊരു കാര്യം പുതിയനിയമത്തിൽ ഇല്ല. അതിനുപകരം പങ്കിടൽ ആണ് ഉള്ളത്. എല്ലാവരും അന്യോന്യം അവരുടെ ആവശ്യങ്ങൾ കണ്ടിട്ട് പങ്കിടുകയാണ് ആദിമസഭയിൽ ചെയ്തു പോന്നത്.

പഴയനിയമത്തിലെ ന്യായപ്രമാണത്തിനോ നിയമങ്ങൾക്കോ പുതിയനിയമ വിശ്വാസികൾ ബാദ്ധ്യസ്ഥരല്ല. എന്നാൽ പുതിയനിയമ വിശ്വാസികൾ സഭാകാര്യങ്ങൾക്കായി അവരുടെ വരുമാനത്തിൽ നിന്ന് ഒരു പങ്ക് മാറ്റിവയ്ക്കണം എന്ന് അപ്പൊസ്തലനായ പൌലോസ് പറയുന്നുണ്ട് (1കൊരി.16:1-2). ഈ വിഷയത്തെപ്പറ്റി

എല്ലാ വിശ്വാസികളും കൃത്യമായി ഇത്ര ശതമാനം മാറ്റി വയ്ക്കണം എന്നു പറയാതെ അവരവർക്ക് "കഴിവുള്ളത്" ചേർത്തുവയ്ക്കണം എന്നാണ് പുതിയ നിയമത്തിൽ പറഞ്ഞിരിക്കുന്നത് (1കൊരി.16:2).

പഴയ നിയമ പൗരോഹിത്വ വ്യവസ്ഥിതിയുടെ ബാക്കി പത്രമാണ് ഇന്ന് പെന്തെകൊസ്തു സഭകളിലെ ദശാംശ ഉപദേശവും. അന്നത്തെ ദേവാലയത്തിൽ ദൈവീക ശുശ്രൂഷകൾ ചെയ്തിരുന്ന പുരോഹിതൻമാരുടേയും ലേവ്യരുടേയും സന്ധാരണത്തിനായി ഏർപ്പെടുത്തിയ ഒരു വ്യവസ്ഥ കൂടിയായി രുന്നു അത്.

നാം ചിന്തിച്ചത് പോലെ പുതിയ നിയമ ശുശ്രൂഷകർ ദശാംശം കൊണ്ടോ, സഭയുടെയോ, സംഘടനയുടെയോ ശമ്പളത്താൽ ജീവിക്കുന്നവർ അല്ല, പകരം സ്വന്ത കൈ കൊണ്ട് അധ്വാനിച്ചു ജീവിക്കുന്നവർ ആയിരുന്നു. പഴയനിയമ പൗരോഹിത്വം മാറ്റപ്പെട്ടു എന്ന് പറയുകയും, പൗരോഹിത്വ സഭകൾ വിട്ടു പോരുകയും പഴയനിയമ പൗരോഹിത്വത്തിന്റെ ഭാഗമായ 'ദശാംശം' നിലനിർത്തുകയും ചെയ്യുന്നത് തികച്ചും വൈരുധ്യം തന്നെ.

========================================

## 5 ദൈവവചന വിരുദ്ധമായ കേന്ദ്രീകൃത സംഘടന വ്യവസ്ഥിതി

========================================

നാം ആദ്യ അധ്യായങ്ങളിൽ വിശദമായി ചിന്തിച്ചത് പോലെ ദൈവ സഭ ഒരു സംഘടന അല്ല, മറിച്ചു ഒരു ശരീരം ആണ്. യേശുവിന്റെ ജീവൻ ഉള്ളിലുള്ള വിശ്വാസി എന്ന അവയവം, അങ്ങനെയുള്ള വിശ്വാസികൾ കൂടിചേർന്ന പ്രാദേശിക ശരീരമായ ദൈവസഭ, അങ്ങനെയുള്ള പ്രാദേശിക ദൈവ സഭകളുടെ കൂട്ടം ആയ ആഗോള വ്യാപകമായ ( universal )ദൈവസഭ എന്ന മൂന്നു

കാര്യങ്ങൾ മാത്രമേ ദൈവവചനപ്രകാരം ഉള്ളൂ. ഇതിൽ ആഗോള വ്യാപകമായ ദൈവസഭ അദൃശ്യം ആണ് കാരണം അതിൽ ഇന്ന് വരെ ജീവിച്ചിട്ടുള്ള എല്ലാ ദൈവ മക്കളും, ഇനി ജനിക്കാൻ പോകുന്ന എല്ലാ ദൈവമ ക്കളും ഉൾപ്പെടുന്നത് ആണ്.

എന്നാൽ ദൈവമക്കളുടെ കൂട്ടായ്മയായ പ്രാദേശിക ദൈവ സഭ ദൃശ്യം ആണ്. ഒരു വീണ്ടും ജനിച്ച ദൈവ മകൻ തീർച്ചയായും ദൈവവചനപ്രകാരമുള്ള ഒരു പ്രാദേശിക സഭയുമായുള്ള ബന്ധത്തിൽ വരേണം. കാരണം തലയുമായുള്ള അഭേദ്യ ബന്ധത്തിൽ, ഒരു ശരീരത്തിന്റെ ഭാഗമായി മാത്രമേ ഒരു അവയവത്തിനു നിലനിൽപ്പും, വളർച്ചയും ഉള്ളൂ. എഫെസ്യർ 4:16

സഭ ക്രിസ്തുവിന്റെ ശരീരമാണു്. അതിന്റെ തല ക്രിസ്തു. പ്രാദേശിക സഭ ദൈവവചന പ്രകാരം സ്വതന്ത്രമാണ്, അതിനു ഭൂമിയിൽ ഒരു കേന്ദ്രമോ, കേന്ദ്ര നേതാവോ ഇല്ല.അതിന്റെ നേതൃത്വം പ്രാദേശികമായി മൂപ്പന്മാരി ലും, ആത്യന്തികമായി ക്രിസ്തു എന്ന തലയിലും ആണ്.

ചരിത്രത്തിലെ മറ്റേതൊരു ആത്മീയ മുന്നേറ്റങ്ങളെയും പോലെതന്നെ കേരളത്തിലെയും ആത്മീക മുന്നേറ്റ ങ്ങളുടെ തുടക്കത്തിൽ, ദൈവദാസന്മാർ പ്രാദേശിക മായ കൂട്ടായ്മകളായി സഭകൾ സ്ഥാപിക്കുകയുണ്ടായി, ഈ പ്രാദേശിക സഭകൾ തമ്മിൽ ആത്മീയമായ കൂട്ടായ്മകൾ മാത്രവുമാണ് ആദ്യകാലങ്ങളിൽ ഉണ്ടായി രുന്നത്.

എന്നാൽ ഈ പ്രാദേശിക കൂട്ടായ്മകളെ എല്ലാം സംഘട നകളുടെ കീഴിൽ കൊണ്ടുവന്നതാണ് ദൈവീക പദ്ധ തിയിൽ നിന്നുമുള്ള ആദ്യത്തെ വീഴ്ച.ബൈബിളിലും ചരിത്രത്തിലും ഉണ്ടായതു പോലെ, ഇത് ബാബേൽ ഗോപുരം പണിയുവാനായി മനുഷ്യരെ വശീകരിച്ച പഴ യ പാമ്പായ പിശാചിന്റെ തന്ത്രപരമായ ആ പഴയ വഞ്ചന ആയിരുന്നു

ഇന്നുള്ള പെന്തെകൊസ്തു സഭകൾ പേരിൽ മാത്രമേ സ്വതന്ത്രമായിയിരിക്കുന്നുള്ളൂ.പെന്തെക്കോസ്തിലേ പ്രാദേശികസഭയെ നിയന്ത്രിക്കുന്നത് അതിനു മുകളിലേക്കുള്ള കേന്ദ്രമാണ്. അതിനാൽ കേന്ദ്രീകൃത നേതൃത്വമോ, കേന്ദ്രസ്ഥാനമോ, കേന്ദ്രീകൃത നിയന്ത്രണമോ ഉള്ള പെന്തെകൊസ്തുസഭകൾ യഥാർത്ഥത്തിൽ ദൈവവചന വിരുദ്ധമായ ബാബിലോണ്യ രീതിയിൽ ആണ് പണിയപ്പെടുന്നത്. പെന്തെകൊസ്തു സഭകളുടെ മൂല്യച്യുതിക്കുള്ള അടിസ്ഥാന കാരണവും ഇത് തന്നെ

========================================

6 സെൻട്രൽ പാസ്റ്റർ, ഡിസ്ട്രിക്ട്, പാസ്റ്റർ, പ്രസിഡൻറ്, സെക്രട്ടറി തുടങ്ങിയ ദൈവവചന വിരുദ്ധമായ സ്ഥാനമാനങ്ങൾ

========================================

നാം ചിന്തിച്ചത് പോലെ വീണ്ടും ജനിച്ച വിശ്വാസി, ഒരു പ്രദേശത്തെ വിശ്വാസികൾ ചേർന്ന പ്രാദേശിക ദൈവസഭ,ദേശ,കാല,സമയ പരിമിതികൾ ഇല്ലാതെ എല്ലാ വിശ്വാസികളും ചേർന്ന അദൃശ്യമായ സാർവ്വ ലൗകിക സഭ. ഇവ മാത്രമേ ദൈവീക പദ്ധതിപ്രകാരം ഉള്ളൂ.

പെന്തെകൊസ്തു സഭകളുടെ തുടക്കകൊലത്തു ദൈവം തന്റെ ദാസന്മാരായ ദൈവമനുഷ്യരെ കാലാകാലങ്ങളിൽ പ്രാദേശിക ദൈവസഭകൾ സ്ഥാപിക്കുവാനായി ഉപയോഗിക്കുകയും,ആ സഭകളിൽ ശുശ്രൂഷകരെ ദൈവീക അധികാരത്തിൽ നിയമിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇത്തരം പ്രാദേശിക സഭകളെ ഒരു സംഘടനയ്ക്ക് കീഴിൽ കൊണ്ടുവരികയും പ്രാദേശിക സഭയുടെ മുകളിൽ വോട്ടെടുപ്പിലൂടെ സെൻട്രൽ, നേതാക്കൾ , പ്രസിഡന്റ്, സെക്രട്ടറി തുടങ്ങിയവരെ തിരഞ്ഞെടുത്ത് ഈ സംഘടനകളിൽ നിയമിക്കുകയും

ചെയ്യുക എന്നത് തികച്ചും ദൈവ വചന വിരുദ്ധമായ നടപടിയാണ്.

പ്രാദേശിക സഭയിലെ ശുശ്രൂഷകന്മാർ അല്ലാതെ അതിനു മുകളിൽ ഇന്നു നാം കാണുന്ന പെന്തെകൊസ്തു സഭകളിലെ സെൻട്രൽ പാസ്റ്റർ, ഡിസ്ട്രിക്ട്, പാസ്റ്റർ, പ്രസിഡൻറ്, സെക്രട്ടറി തുടങ്ങിയ സ്ഥാനങ്ങൾ ദൈവ വചനത്തിൽ എങ്ങും നമുക്ക് കാണുവാൻ കഴിയില്ല. ഇതും പുരോഹിത്യ സഭകളിലെ തിരുമേനി , മെത്രാൻ, ബിഷപ്പ് തുടങ്ങിയ സ്ഥാനങ്ങളുമായി ഒരു വ്യത്യാസവുമില്ല എന്ന് നിഷ്പക്ഷമായി ചിന്തിക്കുന്ന എല്ലാവർക്കും സമ്മതിക്കേണ്ടി വരും. ഇത് കാലക്രമേണ പെന്തെകൊസ്തു സഭകളിൽ കടന്നുവന്ന മത പൗരോഹിത്വം തന്നെയാണ്.

പെന്തെകൊസ്തിലെ സംഘടനാ വ്യവസ്ഥിതിയും, കത്തോലിക്കയിലെ പൗരോഹിത്വ വ്യവസ്ഥിതിയും തത്വത്തിൽ ഒന്നാണ് എന്ന് ശ്രദ്ധിച്ചു പഠിച്ചാൽ മനസ്സിലാകും. കത്തോലിക്കർ വ്യത്യസ്തത അധികാര ശ്രേണിയിൽ പുരോഹിതരെ നിയമിക്കുന്നത് പോലെ പെന്തെക്കോസ്തിൽ വ്യത്യസ്തത അധികാരശ്രേണിയിൽ പാസ്റ്റർമാരെയും, നേതാക്കളെയും നിയമിക്കുന്നു. അധികാര ശ്രേണിയിൽ മുകളിലുള്ളവർ വോട്ടിട്ട് പരമാധ്യക്ഷനെ ( പോപ്പ്,പ്രസിഡണ്ട്) തിരഞ്ഞെടുക്കുന്നു

അതിനാൽ ഇത്തരം ദൈവവചന വിരുദ്ധമായ കേന്ദ്രീകൃത വ്യവസ്ഥിതിയുമായി ബന്ധപ്പെട്ടതാന് ദൈവ വചന വിരുദ്ധമായ ഇത്തരം സ്ഥാനമാനങ്ങൾ

=======================================

## 7 ദൈവവചന വിരുദ്ധമായ തിരഞ്ഞെടുപ്പ് മത്സരങ്ങൾ, അതുമായി ബന്ധപ്പെട്ട അധാർമ്മികമായ പ്രവർത്തനങ്ങൾ

=======================================

ദൈവസഭ ഒരു ശരീരം എന്ന ദൈവവവചന ഉപദേശം വിട്ടു, ദൈവവചന വിരുദ്ധമായ കേന്ദ്രീകൃത സംഘടനാ വ്യവസ്ഥിതിയിൽ ആയത്തിന്റെ അനിവാര്യമായ ഒരു ഉപോൽപ്പന്നം ആണ് ദൈവവചന വിരുദ്ധമായ തിരഞ്ഞെടുപ്പ് മത്സരങ്ങൾ എന്നത്.

ഇത്തരം മനുഷ്യ നിർമ്മിത കേന്ദ്രീകൃത സംഘടന കളിൽ സ്വാഭാവികമായും പ്രസിഡന്റ്, സെക്രട്ടറി, സെൻട്രൽ,ഡിസ്ട്രിക്ട് നേതാക്കൾ, എന്നിവരെ തിരഞ്ഞെടുക്കുവാൻ ലോകത്തിലെ മറ്റേത് സംഘടനകളിലേതു പോലെതന്നെയും വോട്ടെടുപ്പ് ആവശ്യമാണ്.

അതുകൊണ്ട് തന്നെ രാഷ്ട്രീയവും, കുതന്ത്രങ്ങളും, കൈക്കൂലിയും, സ്ഥാനങ്ങൾക്കുവേണ്ടിയുള്ള മത്സരങ്ങളും, കോടതികളിലെ കേസുകളും മറ്റ് അധാർമ്മിക മാർഗ്ഗങ്ങളും ഏതു ലൗകിക സംഘടനകളിലേതും പോലെ സ്വാഭാവികമായും അവിടെയും ഉണ്ടാവും.

സ്വാഭാവികമായും ലോകത്തിലെ മറ്റേത് സംഘടനകളിലേതു പോലെ തന്നെയും ധനികന്മാരും, സ്വാധീനമുള്ളവരും, ലൗകികന്മാരും അശുദ്ധന്മാരും ആയ അനാത്മീകർ തന്നെ അതിന്റെ നേതൃസ്ഥാനങ്ങളിലേക്ക് വരുന്നു. ഇന്നുള്ള പെന്തെകൊസ്തു സംഘടനകളുടയും തലപ്പത്തു ഈ രീതിയിൽ കടന്നു വന്നവർ ആണ് ഉള്ളത്. ഈ സംഘടനകൾ, നേതാക്കൾ ആണ് പ്രാദേശിക സഭകളുടെ മേൽ അധികാരം ചെലുത്തുന്നത്. ദൈവസഭ എന്ന ആത്മീക ശരീരത്തെ ജഡീകരായ സംഘടനാ നേതാക്കൾ നിയന്ത്രിക്കുക എന്നത് പരിതാപകരമായ കാര്യമാണ്.

എന്നാൽ ഈ സംഘടനകൾക്ക് പുതിയ നിയമ ദൈവസഭയുമായി യാതൊരു ബന്ധവുമില്ലെന്നത് നാം മനസ്സിലാക്കണം. ഇത്തരം സംഘടനകിലെ അനാത്മീക പ്രവർത്തനങ്ങൾ മാത്രമാണ് തെറ്റ് എന്ന് നാം ചിന്തിക്കരുത്., മറിച്ച് ബൈബിളിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെയു

ള്ള സംഘടനാ വ്യവസ്ഥിതി തന്നെ തെറ്റാണു. ഇതിലുള്ള അനാത്മീകതയെ വിമർശിക്കുന്ന അനേകർ ഉണ്ട് എന്നാൽ അതിന്റെ അടിസ്ഥാന കാരണമായ ദൈവ വചന വിരുദ്ധമായ സംഘടനാ വ്യവസ്ഥിതിക്കെതിരെ സംസാരിക്കുന്നവർ വളരെ ചുരുക്കം ആണ്.

ആദ്യ അധ്യായങ്ങളിൽ ചിന്തിച്ചത് പോലെ  പൈശാചികലോകത്തെ 'മത്സരം' എന്ന തന്നെത്താൻ ഉയർത്തുന്ന പ്രമാണത്തിനു വിരുദ്ധമായി താഴ്മ എന്ന തന്നെത്താൻ താഴ്ത്തുന്ന പ്രമാണത്തിൽ ഒരു ശരീരമായി ഭൂമിയിൽ, വാഴ്ചകളുടെയും, അധികാരങ്ങളുടെയും മുൻപിൽ വെളിപ്പെടേണ്ടതാണു ദൈവസഭ.

എന്നാൽ, ആ സഭ എന്ന് അവകാശപ്പെടുന്നവർ തന്നെ പൈശാചിക ലോകത്തിലെ മത്സരം എന്ന തന്നെത്താൻ ഉയർത്തുന്ന പ്രമാണം ഭൂമിയിൽ വെളിപ്പെടുത്തുന്ന ബാബിലോണിയൻ പ്രസ്ഥാനങ്ങളായി മാറ്റപ്പെട്ട ദുരവസ്ഥയാണ്,നാം പെന്തെക്കോസ്തിലെ തിരഞ്ഞെടുപ്പ് മത്സരങ്ങളിൽ കാണുന്നത്.

പൈശാചിക പ്രമാണത്തിൽ നിന്ന് കൊണ്ട് ദൈവസഭയുടെ പണിയിൽ ഭാഗമാകുവാൻ ഒരുവനും കഴിയില്ല. അങ്ങനെ പണിയപ്പെടുന്നത് ദൈവസഭ എന്ന ശരീരം അല്ല, മറിച്ചു തന്നെത്താൻ ഉയർത്തുന്ന എതിരാളി അയ എതിർക്രിസ്തുവിന്റെ ആത്മാവിനാൽ പണിയപ്പെടുന്ന മഹതിയാം ബാബിലോൺ ആണ്.

========================================

## 8 ദൈവവചന വിരുദ്ധമായ പ്രാദേശിക ശുശ്രൂഷകരുടെ സ്ഥലംമാറ്റ രീതികൾ

========================================

ഇതും വചന വിരുദ്ധമായ കേന്ദ്രീകൃത സംഘടനാ വ്യവസ്ഥിതിയുടെ അനിവാര്യമായ മറ്റൊരു ഉപോ

ൽപ്പന്നം ആണ്. ഇത്തരം കേന്ദ്രീകൃത സംഘടന നിയമിക്കുന്ന, സംഘടനയുടെ ശമ്പളക്കാരൻ അയ ഏകാംഗ പാസ്റ്ററെ സാധാരണയായി മൂന്നു വർഷം തികയുമ്പോൾ സംഘടനയുടെ കേന്ദ്ര നേതൃത്വം സ്ഥലം മാറ്റാറുണ്ട്. കേന്ദ്രത്തിൽ 'നല്ല' ബന്ധമുള്ളവർ അവിഹിത രീതിയിൽ 'നല്ല' സഭകൾ കൈവശപ്പെടുത്താറുമുണ്ട്. എന്നാൽ ഇതൊന്നും ഒരു ശരീരമായി, കുടുംബമായി പ്രവർത്തിച്ചിരുന്ന ആദിമ പ്രാദേശി ക സഭകളിൽ കേട്ട്കേൾവി പോലുമില്ലാത്ത സംവിധാനങ്ങൾ ആണ്.ഒരു കുടുംബത്തിലെ പിതാവിനെ ജോലിയുടെ കാലാവധി കഴിയുമ്പോൾ സ്ഥലം മാറ്റുക എന്നത് ചിന്തിക്കാവുന്ന കാര്യമല്ലല്ലോ .

========================================

9. ദൈവവചന വിരുദ്ധമായ ഓർഡിനേഷൻ

========================================

നാം മുകളിൽ ചിന്തിച്ചത് പോലെ ഓരോ സഭയിലും ഉണ്ടായിരുന്ന ഒന്നിലധികം മൂപ്പന്മാരുടെ പക്കൽ സഭാ പരിപാലനം ഏൽപ്പിക്കുകയായിരുന്നു അപ്പോസ്തോലിക മാതൃക. പ്രാദേശിക സഭയിൽനിന്നും അപ്പോസ്തോലന്മാർ അതിനു പ്രാപ്തി ഉള്ള മൂപ്പന്മാരെ കണ്ടെത്തി എന്നാണ് അതിനർത്ഥം. (തീത്തോസ്1:5).

അവരെ സഹായിച്ചു ശുശ്രൂഷയ്ക്കു പ്രാപ്തരാക്കുകയും അങ്ങനെ പ്രാപ്തി നേടിയവർ സഭയിലെ മറ്റുള്ള സഹോദരന്മാരെ ഭാവി ശുശ്രൂഷയ്ക്ക് ഒരുക്കുകയും ചെയ്തിരുന്നു. (എഫെസ്യർ 4:12).

ആദിമ സഭയിൽ വിശ്വാസികൾ പ്രാദേശിക സഭയിൽ തന്നെ മുതിർന്ന ഉപദേഷ്ടക്കന്മാരുടെയും, മൂപ്പന്മാരുടെയും കീഴിൽ വചനം അഭ്യസിക്കുകയായിരുന്നു പതിവ്. സംഘടനയുടെ അംഗത്വമോ, അംഗീകാരമോ, ബൈബിൾ കോളേജിലെ സർട്ടിഫിക്കറ്റോ ആയിരു

ന്നില്ല മൂപ്പനോ, ശുശ്രൂഷകനോ ആകുവാനുള്ള യോഗ്യത. (എബ്രാ യർ 5: 12)

പ്രാദേശികസഭയിൽ നിന്ന് തന്നെ മൂപ്പന്മാരിൽ നിന്നും വചനം പഠിക്കുകയും, ജീവിതത്തിലും ശുശ്രൂഷയിലും ഉള്ള ദൈവീക അംഗീകാരം സഭക്ക് ബോധ്യപ്പെടുക യും, സഭയുടെ അംഗീകാരം ലഭിക്കുകയുമാരുന്നു യോ ഗ്യത. (1. തിമൊഥെയൊസ് 3:1-5) ഇങ്ങനെയുള്ളവരെ പ്രാ ദേശികസഭ കൈ വച്ച് ശുശ്രൂഷക്കു നിയമിക്കുക എന്ന തായിരുന്നു ദൈവവചന പ്രകാരമുള്ള ആദിമസഭയി ലെ ഓർഡിനേഷൻ.

എന്നാൽ ഇന്ന് ഏതെങ്കിലും സംഘടനയുടെ ബൈബി ൾ കോളേജിൽ നിന്നും വേദപഠനം നടത്തി പാസ്റ്റർ സർട്ടിഫിക്കറ്റുമായി പുറത്തുവന്ന സംഘടനയുടെ ശമ്പ ളക്കാരായ ചെറുപ്പക്കാർക്ക് ആ സംഘടന കൊടുക്കുന്ന സർട്ടിഫിക്കറ്റ് ആണ് പെന്തെകൊസ്തു സഭകളിലെ ഓർ ഡിനേഷൻ സംവിധാനം. അത്തരം ഓർഡിനേഷനോ, അത്തരക്കാർക്കു ദൈവസഭ ഭരിക്കാനും ഇടയശുശ്രൂ ഷ നടത്താനുള്ള അധികാരമോ ദൈവവചനത്തിൽ കാ ണുന്നതേയില്ല.

========================================

10 സ്നാനത്തിനും കർത്തൃമേശക്കും ആഭരണവർജ്ജനം നിർബന്ധമാക്കിയ ഉപദേശം.

========================================

നാം തുടക്കത്തിൽ ചിന്തിച്ചത് പോലെ , സ്നാനവും കർ ത്തൃമേശയും ആദിമ സഭക്ക് വെറും അനുഷ്ഠാനങ്ങൾ ആയിരുന്നില്ല. ക്രൂശിന്റെ ദ്വിമുഖമായ സന്ദേശത്തെ; ഞാൻ ക്രൂശിൽ കർത്താവിനോട് കൂടെ മരിച്ചു എന്നും, ക്രൂശു എടുത്തു കർത്താവിനെ പിന്തുടരുന്നു എന്നു മുള്ള **ആന്തരികമായ** ആത്മീയ യാഥാർഥ്യത്തെ വെളിപ്പെടുത്തുന്ന വിശുദ്ധ കർമ്മങ്ങൾ ആയിരുന്നു

അതിനാൽ തന്നെ **ബാഹ്യമായ** എന്തെങ്കിലും കാര്യങ്ങളുടെ വർജ്ജനമോ, ഉപേക്ഷണമോ ഇതിനു രണ്ടിലും ഉള്ള മാനദണ്ഡം ആയി അവർ പഠിപ്പിച്ചിരുന്നില്ല.

ദൈവവചനം സ്ത്രീകൾ ( പുരുഷന്മാരും) യോഗ്യമായ വസ്ത്രം ധരിക്കണം എന്നു ഉപദേശിക്കുന്നു. (1 തിമോത്തിയോസ്2:9,10,1പത്രൊസ്3:1-5).വസ്ത്ര ധാരണത്തിൽ മാത്രമല്ല ദൈവമക്കൾ എല്ലാ കാര്യത്തിലും. സഭയിൽ മാത്രമല്ല ജീവിതത്തിലും ആഡംബരങ്ങളും, മറ്റുള്ളവരെ ആകർഷിക്കുന്ന അലങ്കാരങ്ങളും ഒഴിവാക്കേണം എന്നും ദൈവവചനം പഠിപ്പിക്കുന്നു. ലളിത ജീവിതം നയിക്കാനും ധൂർത്ത് ഉപേക്ഷിക്കാനും ദൈവവചനം ദൈവമക്കളെ ഉപദേശിക്കുന്നു.

എന്നാൽ ഇതിനപ്പുറം,വസ്ത്രധാരണത്തിന്റെയോ, അലങ്കാരത്തിന്റെയോ, ലളിത ജീവിതതിന്റെയോ വിശദമായ വിശദീകരണതിലേക്കോ  കല്പനകളിലേക്കോ, പുതിയ നിയമഉപദേശം പോകുന്നില്ല. അതിനു കാരണം പുതിയ നിയമം ആത്മാവിന്റെ പ്രമാണമാണ്, ന്യായപ്രമാണത്തിലെ പോലെ വിശദമായ കൽപ്പനകൾ നൽകുന്ന അക്ഷരത്തിന്റെ പ്രമാണമല്ല. (2 കൊരിന്ത്യർ 3:5)

എന്നാൽ ഇതിൽ നിന്നും കടന്നു ആഭരണ വർജ്ജനം എന്നത് സ്നാനത്തിനും കർത്തൃമേശക്കും മുന്നുപാധി ആക്കിയത് തികച്ചും വചനവിരുദ്ധമായ പെന്തെകൊസ്തു പാരമ്പര്യം മാത്രമാണ്. യേശുക്രിസ്തുവോ,അപ്പോസ്തോലന്മാരോ അത് പഠിപ്പിച്ചിട്ടില്ല. എന്ന് മാത്രമല്ല അങ്ങനയല്ല ആദിമ സഭയിൽ നടന്നിരുന്നത് എന്നാണ് ദൈവവചനം തരുന്ന സൂചനകൾ. (മൂവായിരം പേര് ഒരുമിച്ചു സ്നാനപ്പെട്ട സംഭവത്തിൽ ,എല്ലവരും ആഭരണങ്ങൾ ഊരിമാറ്റി എങ്കിൽ ദൈവവചനത്തിൽ അത് എഴുതാതെ പോകില്ലല്ലോ )

യഥാർത്ഥത്തിൽ ക്രൂശു എടുത്തു കർത്താവിനെ അനുഗമിക്കുന്നതിൽ കൂടിയുള്ള പരിശുദ്ധാത്മനിയന്ത്രണ

ത്തിൽ ഉള്ള ജീവിതത്തിനും,അതുവഴി ഉളവാകുന്ന അകമേയുള്ള ഹൃദയവിശുദ്ധിക്കും ആണ് പുതിയ നിയമം പ്രാധാന്യം കൊടുക്കുന്നത്. അകത്തു ഉണ്ടാകുന്ന മാറ്റത്തിന്റെ സ്വാഭാവിക വെളിപ്പെടുത്തൽ ആണ് പുറത്തേക്കു വരുന്നത്.

എന്നാൽ പുറമെയുള്ള ആത്മാവിന്റെ കൃപാവരങ്ങളുടെ പ്രദർശനത്തിനും,പുറമെയുള്ള പരീശവിശുദ്ധിക്കും ആണ് പെന്തെകൊസ്തു സമൂഹത്തിൽ കൂടുതൽ പ്രാധാന്യം കൊടുക്കുന്നത്.ഇത് ജനത്തെ ആത്മീകർ ആകേണ്ടതിന്നു പകരം പരീശന്മാർ ആക്കുവാൻ മാത്രമേ ഉപകരിക്കൂ. ഈ കാരണത്താൽ തന്നെ പെന്തെക്കോസ്തിൽ ആത്മീകരേക്കാൾ കൂടുതൽ പരീശന്മാർ ആണ് കൂടുതൽ.

ദൈവവചന വിരുദ്ധമായ പാരമ്പര്യങ്ങൾ ദൈവവചനത്തോട് ചേർക്കുമ്പോൾ നാം കണ്ടത് പോലെ ആത്മീക ശുശ്രൂഷകൾ അർത്ഥമില്ലാത്ത ആചാരങ്ങൾ ആയിത്തീരുന്നു.ആ തരത്തിൽ ക്രൂശിന്റെ സന്ദേശത്തെ വെളിപ്പെടുത്തിയിരുന്ന ആത്മീക കർമ്മങ്ങൾ ആയിരുന്ന സ്നാനവും, കർത്തൃമേശയും അർത്ഥമില്ലാത്ത ആചാരങ്ങൾ ആയിത്തീർന്നു.

പഴയമനുഷ്യൻ ക്രൂശിക്കപ്പെടാത്ത,ആന്തരികമായി വീണ്ടും ജനിക്കാത്ത വ്യക്തികൾ ബാഹ്യമായ ചില പ്രമാണങ്ങൾ അനുഷ്ഠിക്കുകയും ഒരു ചടങ്ങ് പോലെ സ്നാനപ്പെടുകയും, ക്രൂശു എടുത്തു, സ്വയജീവനെ ത്വജിക്കാത്ത വ്യക്തികൾ അർത്ഥമില്ലാത്ത ആചാരം പോലെ കർത്തൃമേശയിൽ പങ്കെടുക്കുകയും അതിന്റെ ആത്മീകാർത്ഥത്തെ തൃജിക്കുകയും ചെയ്യുന്നു.

==========================================

**നഷ്ടപ്പെട്ടു പോയ ക്രൂശിന്റെ യഥാർത്ഥ സന്ദേശം,**

==========================================

ഇന്നത്തെ പെന്തെകൊസ്തു സഭകൾക്ക് നഷ്ടപ്പെട്ടു പോയ സന്ദേശം ആണ് ആദിമ സഭ പ്രസംഗിച്ചതും, പഠിപ്പിച്ചതും, ജീവിതത്തിൽ പ്രാവർത്തികമാക്കിയതുമായ ക്രൂശിന്റെ യഥാർത്ഥ സന്ദേശം.ക്രൂശിന്റെ സന്ദേശം നഷ്ടപ്പെടുമ്പോൾ ഉണ്ടാകുന്ന  അതിന്റെ സ്വാഭാവിക പരിണാമം ആണ് , സഭ; ശരീരം എന്ന അവസ്ഥയിൽ നിന്നും സംഘടന എന്ന രൂപത്തിലേക്കുള്ള പിന്മാറ്റം**. നാം മുകളിൽ കണ്ട എല്ലാ വ്യതിചലനങ്ങൾക്കും കാരണം ക്രൂശിന്റെ അടിസ്ഥാന സന്ദേശത്തിൽ നിന്നുമുള്ള വ്യതിചലനമാണ്.**

നാം ചിന്തിച്ചത് പോലെ ക്രൂശിൽ നമ്മുടെ പഴയ മനുഷ്യൻ മരിച്ചു എന്നും, നാം പാപത്തിൽ നിന്നും പൂർണ്ണമായും സ്വതന്ത്രർ ആയി എന്നും. അനുദിനം ക്രൂശെടുത്ത് കർത്താവിനെ അനുഗമിക്കണമെന്നും, ജഡത്തെ ക്രൂശിക്കേണമെന്നും ആദിമസഭ പഠി പ്പിച്ചിരുന്നു.

അങ്ങനെയാണ് അവർ ഒരു ശരീരമായി, ഒരു അപ്പമായി, ജീവനുള്ള കല്ലുകൾ ചേർന്ന വിശുദ്ധ മന്ദിരമായി പണിയപ്പെട്ടിരുന്നത്.

ക്രൂശിന്റെ സന്ദേശം നഷ്ടപ്പെടുമ്പോൾ ഒന്നുകിൽ ജഡത്തെ അനുസരിച്ചു ജീവിക്കുന്ന ലൗകികർ ആയോ, അല്ലെങ്കിൽ ന്യായപ്രമാണത്തെ അനുസരിച്ചു ജീവിക്കുന്ന പരീശർ ആയോ വിശ്വാസികൾ മാറിപ്പോകും. അങ്ങനെ ഒന്നാം നൂറ്റാണ്ടിൽ തന്നെ, ക്രൂശിന്റെ സന്ദേശത്തെ തള്ളിക്കളഞ്ഞ രണ്ടു ജഡീകസഭകൾ ആയിരുന്നു കൊരിന്ത്യ സഭയും, ഗലാത്യ സഭയും.അതിനാൽ തന്നെ പൗലോസ് രണ്ടു സഭകളെയും ശാസിക്കുകയും,

ക്രൂശിന്റെ സന്ദേശം അവരെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. (1 കൊരിന്ത്യർ 2:2, ഗലാത്യർ 3:1)

ഇന്നും നമുക്ക് പെന്തെകൊസ്തു സഭകളെ പരിശോധിച്ചാൽ മഹാഭൂരിപക്ഷം ഇതിൽ ഏതെങ്കിലും ദിശയിൽ ആണ് എന്ന് കാണുവാൻ കഴിയും, ഒന്നുകിൽ ലോകമയത്വത്തിലും,ദുർന്നടപ്പിലും വീണു പോയ സഭകൾ അല്ലെങ്കിൽ പുറമെയുള്ള പരീശ വിശുദ്ധിയും ന്യായ പ്രമാണ നിയമങ്ങളും പഠിപ്പിക്കുന്ന സഭകൾ. യഥാർത്ഥ ക്രൂശിന്റെ സന്ദേശം പ്രസംഗിക്കുന്നവർ വളരെ വിരളം.

യേശുക്രിസ്തു നമ്മുടെ പാപങ്ങൾക്ക് പകരമായി മരിച്ചു, അതിനാൽ വിശ്വാസത്താൽ പാപമോചനം പ്രാപിക്കാം എന്നുള്ള സുവിശേഷം പലരും പ്രസംഗിക്കാറുണ്ട്.

അത് പോലെ വിശുദ്ധ ജീവിതത്തിനുള്ള മാർഗ്ഗങ്ങൾ പലരും പഠിപ്പിക്കാറുണ്ട് ഉപവാസം , പ്രാർത്ഥന, പാപ സാഹചര്യങ്ങളെ ഒഴിഞ്ഞിരിക്കുക, കൂട്ടായ്മ ആചരിക്കുക,പാപങ്ങളെമനുഷ്യരോട് ഏറ്റു പറയുക, ശാരീരികമായ അച്ചടക്കം പാലിക്കുക തുടങ്ങി അനേക കാര്യങ്ങൾ.*

എന്നാൽ,നാം വിശ്വസിക്കുമ്പോൾ നമ്മുടെ പഴയ മനുഷ്യൻ അവനോടു കൂടെ മരിക്കുന്നു എന്നും, നീക്കപ്പെടുന്നു എന്നും അതിനാൽ വിശ്വാസത്താൽ നമുക്ക് പാപത്തിന്റെ അടിമത്വത്വതിൽ നിന്നും എന്നെന്നേക്കും സ്വതന്ത്രർ ആകാം എന്നുമുള്ള സുവിശേഷം പ്രസംഗിക്കുന്നില്ല, അതിനാൽ അത് വിശ്വാസമാകുന്നില്ല അതിനാൽ തന്നെ പലരും സ്വതന്ത്രർ ആകുന്നുമില്ല. അതിനാൽ തന്നെ വിശുദ്ധ ജീവിതത്തിനുള്ള മാർഗ്ഗങ്ങൾ പലതും, പുറമെയുള്ള വിശുദ്ധി ഉളവാക്കുന്ന മാനുഷിക പ്രയത്നങ്ങൾ മാത്രം ആയിത്തീരുന്നു.

മാത്രമല്ല, അങ്ങനെ പാപത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചവർ ക്രൂശെടുത്തു അനുദിനം കർത്താവിനെ

അനുഗമിക്കണം എന്നും, ഒരു ശരീരമായി പണിയപ്പെടണം എന്നുമുള്ള സന്ദേശവും കേൾക്കാറില്ല.

ക്രൂശു എടുത്തു കർത്താവിനെ പിൻഗമിക്കണം എന്ന് പ്രസംഗിക്കുന്ന ചിലർ എങ്കിലും ഇന്നും പെന്തെകൊസ്തു പ്രസംഗികരിൽ ഉണ്ട്. എന്നാൽ ക്രൂശിൽ നമ്മുടെ പാപ സ്വഭാവം അഥവാ പഴയമനുഷ്യൻ ക്രൂശിക്കപ്പെട്ടു, അടക്കപ്പെട്ടു,നീക്കപ്പെട്ടു,അതിനാൽ ഞാൻ പാപത്തിൽ നിന്നും പൂർണ്ണമായും സ്വാതന്ത്ര്യം പ്രാപിച്ചു എന്ന് തിരിച്ചറിയാത്ത ഒരുവന് ഒരിക്കലും ക്രൂശു എടുത്തു കർത്താവിനെ പിന്തുടരുവാൻ, യഥാർത്ഥ വിശുദ്ധ ജീവിതം നയിക്കുവാൻ കഴിയില്ല. അല്ലാതെയുള്ള എല്ലാ വിശുദ്ധ ജീവിതത്തിനുള്ള, ക്രൂശു എടുക്കുവാനുള്ള ശ്രമങ്ങളും മാനുഷിക പ്രയത്നങ്ങൾ ആയിത്തീരും.

*ഇത് വായിക്കുന്ന നിങ്ങൾ സ്വയം ചോദിച്ചു നോക്കൂ, നിങ്ങൾ എപ്പോഴെങ്കിലും ഈ സത്യം കേൾക്കുകയോ വിശ്വസിക്കുകയോ ചെയ്തിട്ടുണ്ടോ? ഈ സത്യം യഥാർത്ഥമായി പ്രസംഗിക്കുന്ന എത്ര സന്ദേശങ്ങൾ നിങ്ങൾ കേട്ടിട്ടുണ്ട്?എത്ര പ്രാസംഗികർ ഇത് വ്യക്തമായി പ്രസംഗിക്കുന്നു?*

===========================================================

നവീകരണ സഭകളിൽ ഇങ്ങേയറ്റത്തുള്ള സഭകളിൽ ഒന്ന് എന്ന നിലയിൽ പെന്തെകൊസ്തു സഭയും ആദിമ സഭയും തമ്മിലുള്ള താരതമ്യ പഠനം ആയിരുന്നു നാം ചെയ്തത്. ഇതിലൂടെ ഇന്നുള്ള വേർപെട്ട സഭകൾ ആദിമ സഭയിൽ നിന്നും ഉപദേശത്തിലും,ജീവിതത്തിലും,പ്രവർത്തനരീതിയിലും എത്രമാത്രം വേർപെട്ടിരിക്കുന്നു എന്ന് നമുക്ക് മനസ്സിലാക്കാം.

മുകളിൽ എണ്ണമിട്ടു പറഞ്ഞ കാര്യങ്ങൾ കൂടാതെ ഇനിയും അനേക കാര്യങ്ങൾ ആദിമ സഭയുടെ ഉപദേശത്തിൽ നിന്നും, പ്രവർത്തനരീതികളിൽ നിന്നും വ്യ

ത്യസ്തമായി പെന്തെകൊസ്തു സഭകളിൽ കാണുവാൻ കഴിയും (ആദിമസഭ പഠിപ്പിക്കാത്ത, പീഡനത്തിന് മുൻ പേയുള്ള കർത്താവിന്റെ രഹസ്യവരവ് ഉപദേശം, കൃപാ വരങ്ങളുടെ, പ്രത്യേകിച്ച് അന്യഭാഷയുടെ വചന മാതൃ യിൽ അല്ലാത്ത ദുരുപയോഗം തുടങ്ങിയവ )

മുകളിൽ പറഞ്ഞ കാര്യങ്ങൾ ഒന്നും തന്നെ നമ്മുടെ രക്ഷയെ ബാധിക്കുന്ന ഗുരുതരമായ ഉപദേശ വ്യതി യാനം അല്ലാത്തതിനാൽ ദുരുപദേശങ്ങളല്ല. എന്നാൽ തീർച്ചയായും ദൈവവചന വിരുദ്ധമായ ഉപദേശങ്ങൾ, രീതികൾ തന്നെയാണ് ഇവയെല്ലാം.

ചുരുക്കത്തിൽ എല്ലാ നവീകരണ പ്രസ്ഥാനങ്ങളെയും പോലെ, കാലക്രമേണ പെന്തെകൊസ്തു സഭയും മാനു ഷിക നേതാക്കളാൽ ഭരിക്കപ്പെടുന്ന, മാനുഷിക പാര മ്പര്യങ്ങൾ കൂട്ടുചേർക്കപ്പെട്ട, കേന്ദ്രീകൃത പ്രസ്ഥാനം ആയിത്തീർന്നു എന്ന് നിക്ഷപക്ഷമായി ചിന്തിക്കുന്ന എല്ലാവര്ക്കും തിരിച്ചറിയാൻ കഴിയും.

========================================

## അധ്യായം 7

## പ്രായോഗിക ചോദ്യങ്ങൾ , ഉത്തരങ്ങൾ, പരിഹാര മാർഗ്ഗങ്ങൾ

========================================

പെന്തെകൊസ്തു സഭയും ആദിമ സഭയും തമ്മിലുള്ള താരതമ്യ പഠനം ആയിരുന്നു മുൻപിലത്തെ അധ്യായത്തിൽ നാം കണ്ടത്. യഥാർത്ഥ ദൈവസഭയെ കുറിച്ചുള്ള കാഴ്ചപ്പാടും , ഭാരവും ഉള്ള ഏതൊരു വ്യക്തിക്കും ഇത് തമ്മിലുള്ള വ്യത്യാസം കാണുമ്പൊൾ, ഇതിൽ ഒരു മാറ്റം ഉണ്ടാകാനുള്ള ആഗ്രഹവും, ദൈവവചന പ്രകാരം ഉള്ള ഒരു സഭയുടെ ഭാഗമാകുവാൻ ഉള്ള ആഗ്രഹവും സ്വാഭാവികമായും ഉണ്ടാകും. എന്നാൽ അത്തരത്തുള്ള കാഴ്ചപ്പാടോ, ഭാരമോ ഇല്ലാത്ത വ്യക്തികൾ ഇത്തരം പ്രസ്ഥാനങ്ങളിൽ സംതൃപ്തരായി, അതിലെ തെറ്റുകൾ ന്യായീകരിച്ചു, ഒത്തുതീർപ്പുകാരായി മുൻപോട്ടു പോകും

ഈ ഭാഗത്തു ദൈവവചനത്തോട് ചേർന്ന് നിൽക്കുന്ന ദൈവസഭകളുടെ ഭാഗമാകുവാൻ ആഗ്രഹിക്കുന്നവ വ്യക്തികൾ ഇന്നത്തെ ആത്മീക സാഹചര്യങ്ങളിൽ ദൈവവചന അടിസ്ഥാനത്തിലും പ്രായോഗികമായും എന്ത് ചെയ്യേണം എന്ന വിഷയം പരിശോധിക്കുന്നു.

========================================

**എന്താണ് ഇതിന് പരിഹാരം, പെന്തക്കോസ്ത് സഭകളിൽ ഒരു നവീകരണം അഥവാ ആദിമസഭയു ടെ മാതൃകയിലേക്ക് ഒരു യഥാസ്ഥാപനം സാധ്യമോ?**

========================================

നാം തുടക്കത്തിൽ ചിന്തിച്ചത് പോലെ നവീകരണ മുന്നേറ്റത്തിലെ ഇങ്ങേയറ്റത്തുള്ള ഒരു സഭാസമൂഹം

എന്ന നിലയിൽ പെന്തെകൊസ്തിൽ ആദിമ സഭയുടെ ജീവിതത്തിലേക്കും, മാതൃകയിലേക്കും ഒരു യഥാസ്ഥാപനം ഉണ്ടായാൽ അത് വളരെ നല്ല ഒരു കാര്യമാണ്. എന്നാൽ നാം സഭാചരിത്രവും ദൈവവചനവും പഠിച്ചാൽ നമുക്ക് മനസ്സിലാകുന്നത് ദൈവാത്മാവിനാൽ തന്നെ സ്ഥാപിതമായ ഏതൊരു സഭാസമൂഹവും, ക്രൂശിന്റെ സന്ദേശത്തിൽ നിന്നും, ക്രൂശെടുത്തു കൊണ്ടുള്ള ജീവിതത്തിൽ നിന്നും, ക്രിസ്തു എന്ന തലയുടെ കീഴിൽ ഒരു ശരീരമായി പ്രവർത്തിക്കുന്നതിൽ നിന്നും പിന്മാറി, മാനുഷിക പാരമ്പര്യങ്ങലേക്കും വ്യവസ്ഥാപിത സംഘടനാ രീതിയിലേക്കും മാറ്റപ്പെട്ടു കഴിഞ്ഞാൽ പിന്നീട് അവിടെ ഒരു നവീകരണം സാധ്യമല്ല എന്നതാണ്.

അങ്ങനെ സാധ്യമായിരുന്നു എങ്കിൽ ലോകത്തിൽ ഇന്നും കത്തോലിക്കാസഭ മാത്രമേ ഉണ്ടാകുമായിരുന്നുള്ളൂ. എന്നാൽ ഓരോ കാലഘട്ടത്തിലും, ഒരു സമൂഹം ദൈവവചന വ്യവസ്ഥയിൽ നിന്നും മാറിപ്പോയാൽ ദൈവം തന്റെ വചനപ്രകാരം ജീവിക്കുവാൻ ആഗ്രഹിക്കുന്ന തന്റെ ജനത്തെ ആ സമൂഹത്തിൽ നിന്നും വിളിച്ചു വേർതിരിക്കുകയും, ആ വേർപെട്ട സമൂഹത്തെ ദൈവത്തിന്റെ ശരീരമായ സഭയായി പണിയുകയുമാണ് ചെയ്യുന്നത്.

അതിനാൽ ആണ് കർത്താവ് ഇപ്രകാരം പറഞ്ഞത്. മത്തായി 9:16,17 പുതിയ വസ്ത്രം ആരും പഴയ വസ്ത്രത്തിൽ ചേർത്തു തുന്നുമാറില്ല, തുന്നിച്ചേർത്താൽ അതു കൊണ്ടു വസ്ത്രം കീറും. ചീന്തൽ ഏറ്റവും വല്ലാതെയായി തീരും. പുതിയ വീഞ്ഞു പഴയ തുരുത്തിയിൽ പകരുമാറുമില്ല. പകർന്നാൽ തുരുത്തി പൊളിഞ്ഞു വീഞ്ഞു ഒഴുകിപ്പോകും, തുരുത്തിയും നശിച്ചു പോകും

ഒരാൾ പലയിടത്തായി കീറിയ പഴയ വസ്ത്രം ധരിക്കുകയും, ആ കീറലിനെ മറക്കുവാൻ പുതിയ തുണി

അവിടെയൊക്കെ കൂട്ടി തുന്നുകയും ചെയ്താൽ, പുതിയ തുണി കൂട്ടിതുന്നിയത് കാരണം കീറൽ ഏറ്റവും വലുതായിത്തീരുകയും, ആ വസ്ത്രം ധരിക്കുന്നതിലൂടെ അയാൾ പരിഹാസ്യൻ ആയിത്തീരുകയും ചെയ്യും.

അത് പോലെ തന്നെ പഴയ തുരുത്തിയിൽ പഴയ വീഞ്ഞ് ശേഖരിച്ചു വയ്ക്കുന്നത് സ്വാഭാവികമാണ് , കാരണം പഴയ തുരുത്തിക്ക് പഴയ വീഞ്ഞിനെ മാത്രമേ വഹിക്കുവാൻ കഴിയുള്ളൂ.എന്നാൽ പഴയ തുരുത്തിയിലേക്ക് പുതിയ വീഞ്ഞ് പകരാൻ ശ്രമിച്ചാൽ, കർത്താവ് പറഞ്ഞത് പോലെ തുരുത്തി പൊളിയുകയും വീഞ്ഞ് ഒഴുകിപ്പോകുകയും ചെയ്യും.

**കർത്താവ് പുതിയ വസ്ത്രം , പുതിയ വീഞ്ഞ് എന്നൊക്കെയുള്ള സദൃശ്യങ്ങളിൽ കൂടി പറയുന്നത് തന്റെ രക്തത്താൽ താൻ സ്ഥാപിച്ച പുതിയ ഉടമ്പടിയുടെ, ക്രൂശിന്റെ സന്ദേശമാണ്.**

ആ സന്ദേശം യേശുക്രിസ്തു, എന്റെ പാപങ്ങൾക്ക് വേണ്ടി മരിച്ചു എന്നത് മാത്രമല്ല, മറിച്ചു, എന്റെ പഴയ മനുഷ്യൻ യേശുക്രിസ്തുവിനോട് കൂടി ക്രൂശിക്കപ്പെട്ടു എന്നും, അതിനാൽ ഞാൻ പാപത്തിൽ നിന്ന് സ്വതന്ത്രൻ ആയി എന്നും, ഇനി ഞാനല്ല യേശുക്രിസ്തു എന്നിൽ ആത്മാവിനാൽ ജീവിക്കുന്നു എന്നുമുള്ള സന്ദേശമാണ്

കൂടാതെ ഞാൻ എന്റെ ജഡത്തെ പരിശുധാത്മശക്തിയാൽ ക്രൂശിക്കുകയും, ഓരോ ദിവസവും ക്രൂശെടുത്തു കർത്താവിനെ അനുഗമിക്കുകയും വഴി ക്രിസ്തുവിന്റെ ജീവനെ ദിനവും വെളിപ്പെടുതുന്ന ജീവിതം ഈ ഭൂമിയിൽ സാധ്യമാണ് എന്നുമുള്ള സന്ദേശമാണ്.

ഈ ജീവന്റെ പുതുവഴിയാണ് യേശുക്രിസ്തു തന്റെ രക്തത്താൽ, പുതിയ ഉടമ്പടിയിൽ കൂടി സാധ്യമാക്കിയത്. എന്നാൽ ഈ പുതിയ ഉടമ്പടിയുടെ സന്ദേശം, ക്രൂശിന്റെ

സന്ദേശമായ പുതിയ വീഞ്ഞ് വഹിക്കുവാൻ, പുതിയ തുരുത്തിയാകുന്ന പുതിയ നിയമ സഭക്കേ കഴിയുകയുള്ളൂ.

യേശുക്രിസ്തുവിന്റെ ജീവൻ ഉള്ളിൽ വഹിക്കുന്ന, യേശുക്രിസ്തു എന്ന തലയാൽ നിയന്ത്രിക്കപ്പെടുന്ന, യേശുക്രിസ്തുവിന്റെ ശരീരമാകുന്ന സഭയാണ് പുതിയതുരുത്തി .അവരാണ് തങ്ങളുടെ ജീവിതത്തിലൂടെയും,പ്രവർത്തിയിലൂടെയും ഈ സന്ദേശം വഹിക്കുകയും കൈമാറുകയും ചെയ്യുന്നത്.

അതിനാലാണ് ദൈവസഭയെ സത്യത്തിന്റെ തൂണും അടിസ്ഥാനവും എന്ന് വിളിക്കുന്നത്, ആ സത്യം പുതിയ ഉടമ്പടിയുടെ സന്ദേശമാണ് അത്.ദൈവം ജഡത്തിൽ വെളിപ്പെടുന്ന, യേശുക്രിസ്തു നമ്മിൽ വെളിപ്പെ ടുന്ന ദൈവഭക്തിയുടെ മർമ്മമാണ്.(1 തിമോത്തിയോസ് 3:16)

യഥാർത്ഥത്തിലുള്ള പുതിയ ഉടമ്പടിയുടെ സന്ദേശം വഹിക്കുവാനുള്ള പുതിയ തുരുത്തികൾ ആണ് ഈ തലമുറയുടെ ഏറ്റവും വലിയ ആവശ്യകത, ഏറ്റവും ദുർലഭമായികൊണ്ടിരിക്കുന്നതും, പുതിയ തുരുത്തിയാകുന്ന, ക്രിസ്തുവിന്റെ ശരീരമായ ദൈവസഭയെപറ്റിയുള്ള വെളിപാടാണ്, ഉപദേശമാണ്.

അതിനു പകരം പലരും പുതിയ വീഞ്ഞിനെ പഴയ തുരുത്തിയിൽ പകരാനുള്ള,പുതിയ തുണിയെ പഴയ വസ്ത്രത്തിൽ ചേർത്ത് തുന്നാനുള്ള പാഴ്ശ്രമത്തിലാണ്. ഫലം; വീഞ്ഞു നിലത്തു ഒഴുകിപ്പോകുന്നു, കീറൽ ഏറ്റവും വലുതാകുന്നു,അതിനു ശ്രമിക്കുന്ന വ്യക്തികൾ അപഹാസ്യർ ആയിത്തീരുന്നു.

പെന്തെകൊസ്തു എന്ന പ്രസ്ഥാനം ദൈവാത്മ ശക്തിയാൽ തുടങ്ങിയ ഒരു പുതിയ ആത്മീയ മുന്നേറ്റം ആയിരുന്നു എങ്കിലും കാലക്രമേണ, പാരമ്പര്യങ്ങൾക്കും, തെറ്റായ ദൈവവചന രീതികൾക്കും അധീനരായി, ദൈവവ

ചനത്തിന്റെ പുതിയ ഉടമ്പടിയുടെ സന്ദേശം സ്വീകരി ക്കാൻ കഴിയാത്ത ഒരു പഴയ തുരുത്തി ആയി കഴിഞ്ഞു. അതിൽ പുതിയ വീഞ്ഞ് ഒഴിക്കുക അസാധ്യം ആണ്.

ഈ പുതിയ ഉടമ്പടിയുടെ സന്ദേശം, ഇന്നത്തെ പെന്തെ കൊസ്തു വ്യവസ്ഥിതിയിൽ പകരാൻ ശ്രമിച്ചാൽ, കർത്താവ് മുന്നറിയിപ്പ് തന്നത് പോലെ പോലെ തുരുത്തി പൊളിയും, വീഞ്ഞ് ഒഴുകിപ്പോകും, വസ്ത്രം കീറും, ചീന്തൽ ഏറ്റവും വലിയതാ കും.

പഴയ തുരുത്തിയിൽ പുതിയ വീഞ്ഞു ഒഴിച്ചു വയ്ക്കാൻ ശ്രമിച്ചാൽ, തുരുത്തി പൊളിയും എന്ന് അറിയാവുന്നതിനാൽ പഴയ തുരുത്തി എന്ന സംഘടന യുടെ ശമ്പളത്തിലും; സുരക്ഷിതത്വത്തിലും കഴിയുന്ന; വിശ്വാസികളെ ചൂഷണം ചെയ്തു ജീവിക്കുന്ന അഭിനവ പുരോഹിതന്മാരും, പരീശന്മാരും, ഈ സന്ദേശത്തെ എതിർക്കുകയും ഇത് പറയുന്നവരെ ക്രൂശിക്കാൻ ശ്രമി ക്കുകയും ചെ യ്യും. (മത്തായി 7:6)

ഈ കാരണം കൊണ്ട് തന്നെ ഈ ദൈവവചന വിരുദ്ധ സമ്പ്രദായത്തോടു എതിർത്ത് നിൽക്കുന്നവർ വളരെ വളരെ ചുരുക്കമാണ്. കാരണം അങ്ങനെ ചെയ്താൽ എല്ലാ സത്യ പ്രവാചകന്മാരെയും പോലെ അവരും ഉപ ദ്രവിക്കപ്പെടും.അതിനാൽ പലരും പഴയ തുരുത്തിയെ നന്നാക്കുവാൻ വൃഥാ പ്രയത്നം ചെയ്യുകയാണ്.

കർത്താവ് ഇത്തരം സമ്പ്രദായത്തെ നന്നാക്കുവാൻ നമ്മോട് ആവശ്യപ്പെടുന്നില്ല; മറിച്ച് ഇപ്പോഴും ഇങ്ങനെ യുള്ള സംഘടനകളിൽ ആയിരിക്കുന്ന ദൈവത്തിന്റെ ജനത്തോട് അത് വിട്ട് പോരുവാനും വേർപെട്ടിരിക്കു വാനും അരുളിച്ചെയ്യുന്നു. (വെളിപ്പാട് 7:9)

ഇന്നും പെന്തെകൊസ്തു സമൂഹത്തിൽ അനേകം യഥാ ർത്ഥ ഭക്തരായ ദൈവമക്കളും, യഥാർത്ഥ ഭക്തരായ അനേകം ദൈവദാസന്മാരും ഉണ്ട്. അവർ ഈ പ്രസ്ഥാ

നത്തിന്റെ ഇപ്പോഴുള്ള അവസ്ഥയിൽ ദുഖിതരും മനം മടുത്തവരും ആണ്.പലരും വേറെ നിവർത്തി ഇല്ല എന്ന തിനാൽ പലതിനും നേരെ കണ്ണടച്ച് കൊണ്ട് ജീവിക്കുന്ന വർ ആണ്.

========================================

**ഇന്നത്തെ വ്യവസ്ഥിതിയിൽ ഒരു നവീകരണം സാധ്യമല്ലെങ്കിൽ, ഇത്തരം വ്യവസ്ഥിതി കണ്ടു മന സ്സ് മടുത്തവർ, ഹൃദയത്തിൽ കർത്താവിനും അപ്പോസ്തോലന്മാർക്കും ദൈവത്തിന്റെ അലയ ത്തെപറ്റി ഉണ്ടായിരുന്ന എരിവുള്ളവർ, വചന ത്തോട് അനുസൃതമായ പുതിയനിയമ സഭയുടെ ഭാഗമാകുവാൻ ആഗ്രഹിക്കുന്നവർ ചെയ്യേണ്ടതെ ന്താണ്?**

========================================

യഥാർത്ഥ ദൈവവചന പ്രകാരമുള്ള സഭയെ പറ്റി ഭാരമുള്ളവർ ഇത്തരം സംഘടനകളിൽ നിന്നും പുറ ത്തുവരികയും, ദൈവവചനത്തോട് ഏറ്റവും ചേർന്നിരി ക്കുന്നതും, ക്രൂശിന്റെ സന്ദേശം യഥാർത്ഥമായി പ്രസം ഗിക്കുന്നതും, ക്രൂശു എടുത്തു കർത്താവിനെ അനുഗ മിക്കുന്നതും, ക്രൂശിന്റെ സന്ദേശം ജീവിതത്തിൽ പ്രവ ർത്തികമാക്കുന്നതും, ക്രിസ്തീയ സാക്ഷ്യം ഉയർത്തിപ്പി ടിക്കുന്നതുമായ ഒരു പ്രാദേശികസഭയുടെ,പുതിയ തുരു ത്തിയുടെ **(അങ്ങനെയൊന്നു നിങ്ങളുടെ ദേശത്തു ഉണ്ടെങ്കിൽ മാത്രം)** ഭാഗമാവുകയും ചെയ്യുകയാണ് വേണ്ടത്.

തീർച്ചയായും ഈ ഭൂമിയിൽ നമുക്ക് ഒരിക്കലും പൂർണ്ണ തയുള്ള ഉപദേശമോ ആത്മീയർ മാത്രമുള്ളതോ ആയ ഒരു സഭ കണ്ടെത്തുവാനോ പണിയുവാനോ കഴിയുക യില്ല. എങ്കിലും ദൈവവചനത്തോട് ഏറ്റവും കൂടുതൽ അടുത്ത നിൽക്കുന്നതും, ശരിയായ ദിശയിൽ പോകു ന്നതും, ശരിയായ ആത്മീക നേതൃത്വം ഉള്ളതുമായ

സഭകളെ നിങ്ങൾക്ക് കാണുവാൻ കഴിഞ്ഞേക്കാം. യേശു പണിത ആദ്യ സഭയിൽ പോലും – അവിടുത്തെ 12 ശിഷ്യന്മാരിൽ - ഒരു ചതിയൻ ഉണ്ടായിരുന്നു. അതു കൊണ്ട് അതിനെക്കാൾ മെച്ചമായത് ഒന്നും നമുക്ക് ഈ ഭൂമിയിൽ പ്രതീക്ഷിക്കുവാൻ കഴിയുകയില്ല.

എന്നാൽ ഇന്ന് യേശു അവിടുത്തെ സഭ പണിയുന്നിടത്ത് അതിന്റെ അന്തർഭാഗത്തിൽ അവിടുത്തെ മഹത്വം ദർശിച്ചവരും, ക്രൂശിന്റെ സന്ദേശത്തെപറ്റി യഥാർത്ഥമായ വെളിപാട് ലഭിച്ചവരും, ക്രൂശു എടുത്തു കർത്താവിനെ പിന്തുടരുന്നവരും,ദൈവീക ജീവനിൽ നിറയുന്നവരുമായ ആളുകൾ ഉണ്ടായിരിക്കും.

പിശാചിന് കെടുത്തിക്കളയുവാൻ കഴിയാത്ത അഗ്നിയാൽ അവരുടെ ഹൃദയം ജ്വലിക്കുന്നുണ്ടായിരിക്കും. അവർക്ക് ദൈവസഭയെപ്പറ്റി കർത്താവിനും അപ്പോസ്തോലന്മാർക്കും ഉണ്ടായിരുന്ന എരിവ് ഹൃദയത്തിലുണ്ടായിരിക്കും. . കർത്താവ് അവരി ലൂടെ ദൈവത്തിന്റെ മഹത്വത്തിനായി ഒരു പുതിയ ഉടമ്പടി സഭ പണിയും.

അങ്ങനെയുള്ള സഭകളിൽ യഥാർത്ഥ ആത്മീകരായ, ദൈവസഭയെ യഥാർത്ഥ ദിശയിൽ നയിക്കുന്ന താഴ്മയുള്ള ആത്മീക നേതൃത്വം ഉണ്ടായിരിക്കും.

*പൂർണ്ണതയുള്ള ഉപദേശമോ ആത്മീയർ മാത്രമുള്ളതോ ആയ ഒരു സഭ കണ്ടെത്തുവാൻ കഴിയില്ല എങ്കിലും യഥാർത്ഥ ആത്മീക നേതൃത്വം ഉള്ളതും, ദൈവീക സാക്ഷ്യം ഉള്ളതുമായ സഭ നിങ്ങളുടെ ദേശത്തു ഉണ്ടോ എന്നത് വളരെ പ്രാധാന്യമുള്ളതു ആണ്.*

അങ്ങനെയൊന്നു ഉണ്ടോ എന്ന് അന്വേഷിക്കുകയും, ഉണ്ട് എങ്കിൽ എന്ത് വില കൊടുത്തും അതിന്റെ ഭാഗമാവുകയും ആണ് നിങ്ങൾ ചെയ്യേണ്ടത്.

========================================

**നിങ്ങൾക്കു യഥാർത്ഥമായ വിജയകരമായ ഒരു ക്രിസ്തീയ ജീവിതത്തെയും, യഥാർത്ഥമായ ഒരു ദൈവ സഭയെപറ്റിയും ഹൃദയഭാരം ഉണ്ടാകുകയും, അങ്ങനെ ഉള്ള ഒരു സഭ നിങ്ങൾക്ക് നിങ്ങളുടെ ദേശത്തു കാണുവാൻ കഴിയുന്നുമില്ല എങ്കിൽ എന്താണ് ചെയ്യേണ്ടത്?***

========================================

അങ്ങനെ ഒരു സഭ നിങ്ങളുടെ ദേശത്തു ഇല്ല എങ്കിൽ , ദൈവം നിങ്ങളെ അങ്ങനെയൊരു സഭയുടെ പണിക്കായി വിളിച്ചിട്ടുണ്ടോ എന്ന് നിങ്ങൾ യഥാർത്ഥമായി ദൈവമുഖം അന്വേഷിക്കുക. ഇത് വളരെ പ്രാധാന്യമുള്ള കാര്യമാണ്.

കാരണം ദൈവം നിങ്ങളെ അങ്ങനെ ഒരു കാര്യത്തിന് വിളിച്ചിട്ടുണ്ട് എങ്കിൽ ,നിങ്ങൾക്കു ആ വിളിയെ പറ്റി വ്യക്തമായ ബോധ്യം ഉണ്ടായിരിക്കണം. പാപത്തിൽ നിന്നും സ്വതന്ത്രമാക്കുന്ന ക്രൂശിന്റെ സന്ദേശത്തെക്കുറിച്ചും, അതിന്റെ അടിസ്ഥാനത്തിൽ പണിയപ്പെടുന്ന ശരീരമായ പുതിയ നിയമ ദൈവസഭയെക്കുറിച്ചും സുവ്യക്തമായ വെളിപാട് നിങ്ങൾക്കുണ്ടായിരിക്കണം. വചനവിരുദ്ധ പാരമ്പര്യങ്ങളോട് എതിർത്ത് നിൽക്കാനുള്ള മനസ്സൊരുക്കമുണ്ടായിരിക്കണം. നിങ്ങളുടെ ജീവിതത്തിലും,കുടുംബത്തിലും നിങ്ങൾക്കു യഥാർത്ഥമായ സാക്ഷ്യവും, ആത്മീക അധികാരവും ഉണ്ടായിരിക്കണം.ദൈവസഭയെ നയിക്കുന്നവർക്ക് ഉണ്ടാകേണം എന്ന് ദൈവവചനത്തിൽ വ്യക്തമായി പറഞ്ഞിരിക്കുന്ന എല്ലാ യോഗ്യതകളും ജീവിതത്തിലും കുടുംബത്തിലും നിങ്ങൾക്കുണ്ടായിരിക്കണം (തീത്തോസ് 1 :6 -9 , 1 തിമോത്തിയോസ് 3 :1 -7).

ഇതിനെല്ലാം ഉപരി ഏതെങ്കിലും ശരിയായ ആത്മീക നേതൃത്വത്തിന് കീഴിൽ താഴ്മയോടെ യഥാർത്ഥമായ

ശിക്ഷണവും ഉപദേശവും ലഭിച്ച വ്യക്തിയും ആയിരിക്കേണം. (1 തിമോത്തിയോസ് 5:22, 3:6)

ദൈവീക ശിക്ഷണം അഭ്യസിക്കാത്ത ജഡീകർക്ക് ഒരിക്കലും ദൈവത്തിന്റെ അംഗീകാരമോ അധികാരമോ പിന്തുണയോ ഉണ്ടാകുകയില്ല. ദൈവത്തിന്റെ അധികാരം ദൈവത്തിനും, ദൈവം നിയമിച്ച അധികാരങ്ങൾക്കും വളരെക്കാലം കീഴടങ്ങി ജീവിക്കുന്നതിൽ കൂടി ആണ് ലഭ്യമാകുന്നത്. അതിനാലാണു ശുശ്രൂഷകൻ പുതിയ ശിഷ്യൻ ആകരുത് എന്ന് പൗലോസ് പഠിപ്പിക്കുന്നത്. കാരണം പിശാചിന് ഉണ്ടായ നിഗളം പുതിയ ശിഷ്യർക്ക് ഉണ്ടാകാനും അത് വഴി  പിശാചിന് വന്ന ശിക്ഷയിൽ അകപ്പെടാനും സാധ്യതയുണ്ട്

ഈ യോഗ്യതകൾ ഇല്ല എങ്കിൽ നിങ്ങൾ കർത്താവിന്റെ സഭയുടെ പണി ഏറ്റെടുക്കാൻ ശ്രമിച്ചാൽ നിങ്ങൾ നിമിത്തം നിങ്ങളുടെ ദേശത്തു കൂടുതൽ ദൈവനാമം ദുഷിക്കപ്പെടുവാൻ അത് കാരണമാകും.

എന്നാൽ നിങ്ങൾക്കു യഥാർത്ഥമായി ദൈവത്തിൽ നിന്നും ആ ഉറപ്പുണ്ടെങ്കിൽ, മുകളിൽ പറഞ്ഞ യോഗ്യതകളുണ്ടെങ്കിൽ, ദൈവം നിങ്ങളെ അതിനു വിളിച്ചു എങ്കിൽ, നിങ്ങളെപ്പോലെ ദൈവസഭയെപ്പറ്റി അതേ ഭാരമുള്ള, ക്രൂശിന്റെ ദർശനം ഉള്ള, ജീവിത സാക്ഷ്യമുള്ള മറ്റുള്ള സഹോദരന്മാർ ഉണ്ടോയെന്ന് നോക്കുക. നിങ്ങളെ ദൈവം അങ്ങനെയൊരു കാര്യം ഏൽപ്പിച്ചിട്ടുണ്ട് എങ്കിൽ സമാന ഹൃദയഭാരം ഉള്ള വ്യക്തികളുമായി തീർച്ചയായും ദൈവം നിങ്ങളെ കൂട്ട് ചേർക്കും.

ദൈവസഭയുടെ പരിപാലനം ഇപ്പോഴും ഒന്നിലധികം മൂപ്പന്മാരുടെ മേൽനോട്ടത്തിൽ ആയിരിക്കണം എന്നത് മാറ്റമില്ലാത്ത അപ്പോസ്തോലിക മാതൃകയാണ്. അതിനാൽ മുകളിൽ പറഞ്ഞ യോഗ്യതകൾ ഉള്ള, ഹൃദയഭാരം ഉള്ള അത്മീകരായ വ്യക്തികളുമായി ദൈവം നിങ്ങളെ യോജിപ്പിക്കുക എന്നത് വളരെ പ്രാധാന്യ

മുള്ള കാര്യമാണ്. അത്തരത്തിലുള്ള പരസ്പരം കീഴടങ്ങുന്ന, പരസ്പരം തിരുത്താനും, തിരുത്തപ്പെടാനും തയ്യാറുള്ള ആത്മീക നേതൃത്തിനു മാത്രമേ ദൈവീക അധികാരം ഉണ്ടാകുകയുള്ളൂ.ഇല്ല എങ്കിൽ നിങ്ങൾ ഒരു ഒറ്റയാൻ നേതാവും,നിങ്ങൾ നിങ്ങൾ പണിയുന്ന സഭ, നിങ്ങളുടെ ഏകാധിപതിത്വ സാമ്രാജ്യമായ ഒരു ഒറ്റയാൻ സഭയും ആയിത്തീരും.കാലക്രമേണ അത് ഒരു (cult) ആയിത്തീ രും.

എന്റെ വ്യക്തിപരമായ ഒരു അനുഭവം കൂടി എഴുതുന്നു. കേരളത്തിലും വിദേശത്തും ചില സഭകൾ സ്ഥാപിക്കുകയും നയിക്കുകയും ചെയ്യുന്ന ഒരു വ്യക്തി 'യേശുക്രിസ്തു ദൈവമല്ല' എന്ന ദുരുപദേശം പഠിപ്പിക്കുവാൻ തുടങ്ങി. അദ്ധേഹത്തെ ഈ കാര്യത്തിൽ തിരുത്തുവാൻ ചിലർ ആവശ്യപ്പെട്ടത് അനുസരിച്ച് ഞങ്ങൾ ചിലർ ആ വ്യക്തിയുമായി സംസാരിച്ചു. എന്നാൽ അനേക മണിക്കൂർ സംസാരിച്ചിട്ടും അദ്ദേഹം തിരുത്തപ്പെടാൻ തയ്യാർ ആയില്ല, അതിനു കാരണമായി അദ്ദേഹം പറയുന്നത് ഇത് ദൈവം തനിക്കു നേരിട്ട് കൊടുത്ത വെളിപാട് ആണ്, ആരു പറഞ്ഞാലും അത് തിരുത്തില്ലെന്നാണ്. അദ്ദേഹം തിരുത്തപ്പെടാൻ തയ്യാർ ആകാതെ ഇരുന്നതിനു പ്രധാന കാരണം തിരുത്താൻ കഴിയുന്ന ഒരു ആത്മീക നേതൃത്വത്തിനും കീഴിൽ അല്ല, താൻ പകരം ആ സഭകളുടെ ഏക നേതാവ് ആണ് എന്നുള്ളതാണ്.

ഇന്ന് അനേക സ്ഥലങ്ങളിൽ ദൈവനാമം ദുഷിക്കപ്പെടുവാൻ കാരണം, പാരമ്പര്യ സഭകൾ അല്ല. ഇത്തരത്തിലുള്ള സാക്ഷ്യമില്ലാത്ത, ദൈവം വിളിക്കാതെ സ്വയം പ്രഖ്യാപിത നേതാക്കളായ , ആർക്കും കീഴടങ്ങിയിട്ടില്ലാത്ത, കീഴടങ്ങാത്ത, തിരുത്തപ്പെടാൻ കഴിയാത്ത ഒറ്റയാന്മാരുടെ സഭകൾ ആണ്.

കാലക്രമേണ അത്തരം 'സഭകൾ' ദുരുപദേശ കൂട്ടങ്ങൾ (cult) ആകാൻ സാധ്യതയുണ്ട്. അതിനാൽ വളരെ സൂക്ഷിക്കേണ്ട കാര്യമാണ് ഇത്. ഇത്തരത്തിലുള്ള ഒറ്റയാൻ സഭകളെയും, ഒറ്റയാൻ നേതാക്കളെയും ഒഴിഞ്ഞിരിക്കുക നിങ്ങൾ ഒരു പാരമ്പര്യ സഭയുടെ ഭാഗമായിരിക്കുന്നത് പോലും, ഇത്തരം സഭകളിൽ പോകുന്നതിനെക്കാൾ ഭേദമാണ്.

ശ്രദ്ധിക്കുക, ആത്മീക അധികാരത്തിനു കീഴ്പ്പെടാത്ത ഒരു വ്യക്തിയെയും ദൈവം ആത്മീക അധികാരം എല്പ്പിക്കുകയില്ല. അവർക്കുള്ളത് ജഡികമായ, ദേഹീപരമായ (soulish) അധികാരം മാത്രമായിരിക്കും. എല്ലാ ദുരുപദേശ നേതാക്കളും ഇത്തരത്തിലെ ദേഹീപരമായ അധികാരത്തിൽ ആണ് തങ്ങളുടെ അംഗങ്ങളെ നിയന്ത്രിക്കുന്നത്.എന്നാൽ മിക്ക വിശ്വാസികൾക്കും യഥാർത്ഥ ക്രൂശിന്റെ സന്ദേശത്തെ കുറിച്ച് വെളിപാട് ഇല്ലാത്തതിനാൽ ദേഹീപരമായ അധികാരവും (soulish authority), ആത്മീക അധികാരവും (Spiritual authority) തമ്മിലുള്ള വ്യത്യസം അറിയില്ല.അതിനാൽ അവർ ഇത്തരം cult നേതാക്കളുടെ അടിമകളായി ജീവിക്കുന്നു.

ദേഹീപരമായ ജീവനെ (soulish life) കളയുന്നവർക്ക്, ക്രൂശിൽ മരിപ്പിക്കുന്നവർക്ക് മാത്രമേ ദൈവീക ജീവൻ അനുഭവിക്കാൻ കഴിയൂ.അവർക്ക് മാത്രമേ ദൈവീക അധികാരം ഉണ്ടാകുകയുള്ളൂ. അവർക്ക് മാത്രമേ ദൈവസഭയെ നയിക്കുവാൻ കഴിയൂ. അങ്ങനെയുള്ളവർ തീർച്ചയായും ആത്മീയ അധികാരങ്ങൾക്കു കീഴടങ്ങുവാനും തിരുത്തപ്പെടുവാനും തയ്യാറുള്ളവർ ആയിരിക്കും.

എന്നാൽ ദൈവം വിളിച്ച വ്യക്തികൾക്ക്, ക്രൂശിനെ പറ്റിയുള്ള യഥാർത്ഥ വെളിപാടും, ആത്മീക അധികാരവും ഉണ്ടായിരിക്കും. ഒരുമിച്ചുള്ള ദൈവസഭയുടെ പണിയിൽ കർത്താവു അവരെ സഹായിക്കും. അങ്ങ

നെയുള്ളവർ എവിടെ കൂടിയാലും അവരുടെ മധ്യ ത്തിൽ കർത്താവു വാഗ്ദത്തം ചെയ്ത ദൈവസാന്നിധ്യം ഉണ്ടാകും. ഓർക്കുക; സമാഗമനകൂടാരത്തിൽ അതി വിശുദ്ധസ്ഥലത്തു ദൈവമഹത്വം ഉണ്ടായിരുന്നത് പോലെ, കർത്താവിന്റെ സാന്നിധ്യം ഉള്ളത് മാത്രമാണ് യഥാർത്ഥ ദൈവസഭയുടെ ലക്ഷണം.

തീർച്ചയായും നിങ്ങൾക്കു ഒറ്റപ്പെടുത്തലുകളും, നിന്ദയും, പരിഹാസവും സഹിക്കേണ്ടി വന്നേക്കാം. ഒരു വ്യവസ്ഥാപിത സംഘടനയുടെയും, സഭയുടെയും കീഴി ലുള്ള സാമൂഹിക സുരക്ഷിതത്വം ഇല്ലാതെ വന്നേക്കാം. എന്നാൽ ഓർക്കുക, പാളയത്തിനകത്തെ സുരക്ഷി തത്വം അല്ല , ക്രൂശു എടുത്തു കൊണ്ടുള്ള പാളയത്തിനു പുറത്തെ കർത്താവിനോടു കൂടെയുള്ള നിന്ദ ചുമക്കു വാൻ ആണ് കർത്താവു നമ്മെ വിളിച്ചിരിക്കുന്നത്. ഒത്തുതീർപ്പുകാരായ ആൾക്കൂട്ടത്തേയോ, സംഘടനാ ബലമോ ഉള്ള വലിയ സമൂഹത്തേയോ അല്ല ദൈവ മുഖം അന്വേഷിക്കുന്ന, കർത്താവിന്റെ സാന്നിധ്യം ഉള്ള ചെറിയ കൂട്ടത്തെ ആണ് ദൈവം അന്വേഷിക്കുന്നത്.

അത്തരം ചെറിയ പണികളെ, അല്പ കാര്യങ്ങളുടെ ദിവ സത്തെ മനുഷ്യർ നിസ്സാരമാക്കിയേക്കാം എന്നാൽ ദൈ വസഭക്കു അടിസ്ഥാനമായിട്ട കർത്താവ് തന്നെ അതി ന്റെ ആണിക്കല്ല് കയറ്റുവോളം നമ്മെ അതിനു സഹാ യിക്കും. അതിനു എതിരെ വരുന്ന എല്ലാ മഹാ പർവ്വത ത്തെയും ദൈവം സമഭൂമിയാക്കി തീർക്കും. " 'സൈന്യ ത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ' എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു (സെഖ. 4:8)

ഓർക്കുക ദൈവസഭയുടെ പണി എന്നത് ഒരു ചെറിയ കാര്യമല്ല, നിങ്ങളുടെ പൂർണ്ണമായ സമർപ്പണം ആവശ്യ മായി വരുന്ന ഒരു കാര്യമാണ്. ദൈവം നിങ്ങളെ വിളി ക്കാതെ, എല്പ്പികാതെ, ദൈവത്തിന്റെ ശക്തിയിൽ

അല്ലാതെ നിങ്ങൾക്കു അത് ചെയ്യുവാൻ കഴിയില്ല (ഹെബ്രായർ 5 :4)

=====================================

**നിങ്ങളുടെ ദേശത്തു ദൈവ വചനപ്രകാരവും, കർത്താവിന്റെ നാമത്തെ ഉയർത്തുന്നതുമായ ദൈവസഭ ഇല്ലാതിരിക്കുകയും, അങ്ങനെ ഒരു സഭയുടെ പണിക്കായി നിങ്ങളെ ദൈവം വിളിച്ചിട്ടും ഇല്ല എങ്കിൽ; യഥാർത്ഥമായ ദൈവസഭയെക്കുറിച്ചു ഭാരമുള്ള നിങ്ങൾ എന്താണ് ചെയ്യേണ്ടത്?**

=====================================

ഇത് വളരെ ബുദ്ധിമുട്ടുള്ള ഒരു സാഹചര്യം ആണ്. ഒരു സാക്ഷ്യമുള്ള ദൈവസഭ നിങ്ങളുടെ ദേശത്തു ഇല്ല എങ്കിലും ദൈവവചന സത്യങ്ങൾക്കു വേണ്ടി നിങ്ങൾ ആയിരിക്കുന്ന സഭകൾ വിട്ടു പോരുക എന്ന് നിങ്ങളോടു പലരും ഉപദേശിച്ചേക്കാം, ഒരു കൂട്ടായ്മയും ഇല്ലാതെ ഒറ്റയ്ക്ക് നില്ക്കാൻ പലരും പറഞ്ഞേക്കാം.

***എന്നാൽ ഇത്തരം സാഹചര്യത്തിൽ എന്റെ അഭിപ്രായം*;** നിങ്ങൾ എടുത്തു ചട്ടം നടത്താതെ; നിങ്ങൾ ആയിരിക്കുന്ന സഭയിൽ (അത് കത്തോലിക്കാ സഭയോ, പെന്തെകൊസ്തു സഭയോ ഏതും ആകട്ടെ) അവിടെ തന്നെ തുടർന്ന് ദൈവനാമ മഹത്വത്തിന് വേണ്ടി ജീവിക്കുക, നിങ്ങളെ പറ്റിയുള്ള ദൈവ ഉദ്ദേശത്തിനായി ദൈവമുഖം തുടർന്നും അന്വേഷിക്കുക, ഈ വിഷയത്തിനേക്കുറിച്ചു ഹൃദയഭാരത്തോടെ പ്രാർത്ഥിക്കുക എന്നതാണ്.

നിങ്ങൾ ആയിരിക്കുന്ന സഭാ സമൂഹത്തെക്കാൾ ഉപദേശപരമായി ദൈവവചനത്തോട് കൂടുതൽ അടുത്ത് നിൽക്കുന്ന സഭ നിങ്ങൾക്കു ചിലപ്പോൾ കാണുവാൻ കഴിഞ്ഞേക്കാം.

*എന്നാൽ അത് ശരിയായ ആത്മീക നേതൃത്വമോ, വിശുദ്ധ ജീവിതമോ, ജീവിത സാക്ഷ്യമോ ഇല്ലാത്ത, ദേശത്തു ദുർസാക്ഷ്യം ഉള്ള ഒരു സഭയാണ് എങ്കിൽ; നിങ്ങൾ ആയിരിക്കുന്ന സഭ വിട്ടു ഒരിക്കലും അവിടേക്കു പോകരുത്.*

ഇത് ചിലപ്പോൾ ആത്മീകമായ ഒരു ഉപദേശം ആയി നിങ്ങൾക്ക് തോന്നുകയില്ലായിരിക്കാം. എന്നാൽ പലരും 'ഇല്ലത്തു നിന്ന് ഇറങ്ങുകയും ചെയ്തു അമ്മാത്തോട്ടു എത്തിയതുമില്ല' എന്ന പഴഞ്ചൊല്ല് പോലെ; തങ്ങൾ ആയിരുന്ന പാരമ്പര്യ സഭകൾ വിട്ടു ഇറങ്ങുകയും ,ശരിയായ ആത്മീക നേതൃത്വമോ, സാക്ഷ്യമോ ഇല്ലാത്ത , ദുർസാക്ഷ്യം ഉള്ള സഭകൾ കാരണം നിരാശരായി എങ്ങും എത്താതെ പലയിടത്തും കറങ്ങുകയും; ഒടുവിൽ ചില കൾട്ട് ഗ്രൂപ്പുകളിൽ ചെന്ന് ചേർന്ന് ജീവിതം നശിപ്പിക്കുകയും ചെയ്തിട്ടുള്ളത് കണ്ടിട്ടുണ്ട്. (കത്തോലിക്കാ സഭയിൽ നിന്നും ഇറങ്ങി എമ്പറർ ഇമ്മാനുവേൽ പോലുള്ള കൊടിയ ദുരുപദേശ കൂട്ടങ്ങളിൽ ചെന്ന് പെടുന്നത് ഒരു ഉദാഹരണം)

എന്റെ തന്നെ അനുഭവത്തിൽ; ഞങ്ങളുടെ നാട്ടിൽ താരതമ്യേന കുഴപ്പമില്ലാത്ത ഒരു മാർത്തോമാ സഭയിൽ നിന്നും, ഉപദേശസത്യങ്ങൾക്കു വേണ്ടി സഭ വിട്ടിറങ്ങി അടുത്തുള്ള പെന്തെകൊസ്തു സഭയിൽ പോയ പലരെയും എനിക്കറിയാം.

പിന്നീടു ആ സഭയിലെ ഹാളിൽ 'വിശ്വാസികൾ' തമ്മിൽ നടന്ന പൊരിഞ്ഞ തല്ലു കാരണം പിന്നീട് പോലീസ് ആ സഭ പൂട്ടുയുകയും; ഒടുവിൽ ഇത്തരം പ്രവർത്തികൾ കണ്ടു മനം മടുത്തു ചിലർ വിശ്വാസം തന്നെ വിട്ടു കളയുകയും ചെയ്തു.

ദൗർഭാഗ്യവശാൽ ആ സഭയിൽ ഞാനും കുറച്ചു നാൾ ആയിരിക്കേണ്ടി വന്നതിനാൽ നേരിട്ട് അറിയുകയും കണ്ടു മനസിസിലാക്കുകയും ചെയ്ത കാര്യങ്ങൾ ആണ്

ഇത്. ഇത് ഒരു ഒറ്റപ്പെട്ട സംഭവം അല്ല, സമാന അനുഭവം പലരും എന്നോട് പങ്ക് വച്ചിട്ടുണ്ട്.

(പെന്തെകൊസ്തു സഭകളിൽ എല്ലാം ഇങ്ങനെയാണ് എന്നല്ല ഈ പറഞ്ഞതിന് അർഥം, വ്യത്യസ്തമായ സഭ കളും ഉണ്ട്. എന്നാൽ പൗരോഹിത്വ സഭകളെക്കാൾ ഉപദേശപരമായി ദൈവവചനത്തോട് കൂടുതൽ ചേർന്ന താണ് എന്ന ഒറ്റ കാരണത്താൽ, ശരിയായ ആത്മീക നേതൃത്വമോ, വിശുദ്ധജീവിതമോ, ജീവിത സാക്ഷ്യമോ ഇല്ലാത്ത സഭകളിൽ പോയാൽ ഉണ്ടാകാൻ സാധ്യത യുള്ള അപകടത്തെ കുറിച്ചാണ് സൂചിപ്പിച്ചതു )

*അതിനാൽ ദൈവ വചനത്തിന്റെയും ജീവിത അനുഭ വങ്ങളുടെയും അടിസ്ഥാനത്തിൽ ആത്മീകവും വളരെ പ്രായോഗികമായ ഒരു കാര്യം ആണ് മുകളിൽ പറ ഞ്ഞത്.*

========================================

## അധ്യായം 8

## യഥാർത്ഥ ദൈവസഭയുടെ ഭാഗമാകുവാൻ ആഗ്രഹിക്കുന്നവർക്കുള്ള ചില നിർദ്ദേശങ്ങൾ

========================================

========================================

**ദൈവവചനത്തിനു വേണ്ടി, കർത്താവിനോടു ചേർന്ന ഒരു ജീവിതത്തിനു വേണ്ടി, ഒരു യഥാർത്ഥ ദൈവസഭയുടെ ഭാഗമാകുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ ചില കാര്യങ്ങൾ കൂടി നിങ്ങ ളെ ഓർമ്മിപ്പിക്കുന്നു.**

========================================

നിങ്ങൾ ഒരു വീണ്ടും ജനിച്ച വ്യക്തി ആയിരിക്കുകയും, അതെ സമയം മുകളിൽ പറഞ്ഞ ഏതെങ്കിലും കാരണങ്ങളാൽ, നിങ്ങൾ ആയിരിക്കുന്ന സഭയിൽ തന്നെ തുടരുകയും ആണ് എങ്കിൽ ഒരു കാര്യം ശ്രദ്ധിക്കുക.

നിങ്ങൾ ആയിരിക്കുന്ന സഭയോ സംഘടനയോ എത്ര തന്നെ ഒട്ടും തന്നെ നിങ്ങൾക്ക് യോജിക്കാൻ കഴിയാത്തതു ആണ് എങ്കിലും *അവിടെ തന്നെ നിന്നു കൊണ്ട് ആ നേതൃതത്തിനെതിരെ മത്സരിക്കുവാനും , അവരെ അപവാദം പറയുവാനും അവിടെ കലക്കവും, കുഴപ്പവും, വിഭാഗീയതയും ഉണ്ടാക്കുവാനും നിങ്ങൾ ശ്രമിക്കരുത്*.അങ്ങനെ ശ്രമിക്കുന്ന അപവാദികളമായി നിങ്ങൾ കൈകോർക്കരുത്.

അത് ഒരിക്കലും ദൈവം ആഗ്രഹിക്കുന്ന കാര്യമല്ല. അത് പൈശാചികം ആയ ദൈവം ഏറ്റവും വെറുക്കുന്ന പാപ സ്വഭാവമാണ്. നിങ്ങൾക്ക് നിങ്ങൾ ആയിരിക്കുന്ന സഭയോട്, പ്രസ്ഥാനത്തോട് ദൈവവചന പ്രകാരം

യോജിക്കാൻ കഴിയുന്നില്ല എങ്കിൽ ഒന്നുകിൽ സ്നേഹ ത്തിൽ, സമാധാനമായി അവരുമായി പിരിഞ്ഞു പുറത്തു പോവുക.

അതിനു പറ്റില്ല എങ്കിൽ, നിങ്ങൾ അതിനു തയ്യാർ അല്ല എങ്കിൽ, എത്ര അപൂർണ്ണമായ, നേതൃതപം ആണ് എങ്കി ലും അതിനു കീഴടങ്ങി അവിടെ തന്നെ നിൽക്കുക. മറിച്ച് അവിടെ നിന്ന് കൊണ്ട് ഒരു മത്സരം ദൈവം ഒരി ക്കലും ആഗ്രഹിക്കുന്നില്ല. മത്സരികൾ എവിടെയാ യാലും, ഏതു സഭയിൽ ആയാലും വരണ്ട ദേശത്തായി രിക്കും അവരുടെ വാസം.

========================================

**നിങ്ങൾ ദൈവഹിതപ്രകാരം, ദൈവനാമ മഹത്വ ത്തിന് വേണ്ടി മാത്രം ആയിരിക്കുന്ന സഭകളിൽ നിന്ന് പുറത്തു വരികയും കൂടുതൽ ദൈവവച നത്തോട് ചേർന്നു നിൽക്കുന്ന ഒരു സഭയുടെ ഭാഗമാവുകയോ, ഒരു പുതിയ പ്രവർത്തി ദൈവം നിങ്ങളിൽ കൂടി ആരംഭിക്കുകയോ ചെയ്തു എങ്കി ൽ നിങ്ങൾ വളരെയധികം സൂക്ഷിക്കേണ്ട ചില കാര്യങ്ങൾ കൂടി ഓർമിപ്പി ക്കു ന്നു.**

========================================

*നിങ്ങൾ ആയിരുന്നതു ഏതു സഭ സമൂഹം ആയിരു ന്നു എങ്കിലും; അതിനോടുള്ള വിരോധമോ വെറുപ്പോ മനസ്സിൽ കൊണ്ടു നടക്കാതിരിക്കുക*. നിങ്ങൾ ആയി രുന്ന, നിങ്ങളെ ഇത്രയും കാലം വഹിച്ച, പല കാര്യ ങ്ങളും പഠിപ്പിച്ച, ആത്മീകമായി പലരീതിയിലും സഹാ യിച്ച സമൂഹത്തോടും, വ്യക്തികളോടും ഉള്ള നന്ദിയും കടപ്പാടും എല്ലായ്പ്പോഴും ഉള്ളവരായിരിക്കുക .അതി ല്ലാത്തവരോട് കൂടെ ദൈവകൃപ ഒരിക്കലൂം ഉണ്ടാകു കയില്ല.

സാർവലൗകിക ദൈവസഭ ( Universal Church of God) ഒരു തരത്തിൽ ഒന്നാം ക്ലാസ് മുതൽ ബിരുദാനന്തര ബിരുദ ക്ലാസുകൾ വരെയുള്ള ഒരു വലിയ സർവ്വകലാശാല പോലെയാണ്, പല സഭാ സമൂഹങ്ങൾ അതിലെ വിവിധ ക്ലാസുകൾ പോലെയുമാണ് . **( സഭയെ സംബന്ധിച്ചു ഇത് ഒരു പൂർണ്ണ ഉദാഹരണമല്ല,വിഷയം മനസ്സിലാക്കുവാൻ പറയുന്നു എന്ന് മാത്രം, മാത്രമല്ല; ഇതിൽ ദുരുപദേശ സംഘങ്ങളെ കൂട്ടുവാൻ കഴിയില്ല).**

സർവ്വലൗകികമായ ദൈവസഭ ( Universal Church of God) എന്ന ക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങൾ ഈ പറയുന്ന എല്ലാ സഭകളിലും ( എല്ലാ ക്ലാസ്സുകളിലും ) ഉണ്ട്. ഞങ്ങളുടെ കൂട്ടത്തിൽ ഉള്ളവർ എല്ലാം ദൈവമക്കൾ ആണെന്നോ, യഥാർത്ഥ ദൈവമക്കൾ ഞങ്ങളുടെ കൂട്ടത്തിൽ മാത്രമേ ഉള്ളൂ എന്നോ, ഞങ്ങൾ മാത്രമാണ് കർത്താവിന്റെ യഥാർത്ഥ സഭ എന്നോ അവകാശപ്പെടുന്നവർ പൊതുവെ CULT കൾ ആകുവാൻ ആണ് സാധ്യത.

നാം നമുക്ക് ലഭിച്ച ദൈവവചന ബോധ്യങ്ങൾക്കു അനുസരിച്ചു ചില കൂട്ടായ്മകൾ വിടുകയും , കൂടുതൽ സത്യം മനസ്സിലായപ്പോൾ അതിനേക്കാൾ ആത്മീകവും, വചനതോട് ചേർന്ന് നില്ല്കുന്നു എന്ന് നമുക്ക് ബോധ്യമുള്ള ഒരു കൂട്ടായ്മയിലേക്കു ചേരുവാൻ തീരുമാനിക്കുകയും ചെയ്യുന്നു.

ഇത് ഒരു തരത്തിൽ താഴ്ന്ന ഒരു ക്ലാസ്സിൽ നിന്നും ഉയർന്ന ക്ലാസ്സിലേക്ക് കയറുന്നതു പോലെയാണ്. നിങ്ങൾ ഒന്നാം ക്ലാസ്സിൽ നിന്നും രണ്ടിലേക്കോ, മൂന്നിലേക്കോ പോയാൽ ഒന്നാം ക്ലാസ്സിനെ ഇപ്പോഴും കുറ്റം പറഞ്ഞു കൊണ്ട് ഇരിക്കാറില്ലല്ലോ.

നിങ്ങൾ ഏതു സഭയിൽ ആയിരുന്നു എങ്കിലും, ആ സഭ നിങ്ങളെ ഏതെങ്കിലും രീതിയിൽ ആത്മീകമായി സഹായിച്ചിട്ടുണ്ടാകും; ചില ദൈവീക സത്യങ്ങൾ

എങ്കിലും പഠിപ്പിച്ചിട്ടുണ്ടാകും എന്നത് തീർച്ചയാണ്. ആ കാര്യത്തിൽ നന്ദിയും കടപ്പാടും ഉണ്ടായിരിക്കുക

ഒരിക്കലും ഏതെങ്കിലും ക്രിസ്തീയ സഭാ വിഭാഗങ്ങളോടുള്ള വിരോധത്തിൽ പണിയപ്പെടുന്നതു ഒന്നും , യഥാർത്ഥ അടിസ്ഥാനത്തിന്മേൽ ഉള്ള പണിയാവുകയില്ല . അങ്ങനെ നിങ്ങൾ ചെയ്യുന്നു എങ്കിൽ നിങ്ങൾ അപവാദിയും മത്സരിയുമായ പിശാചിനോട് കൈകോർക്കുകയാണ് ചെയ്യുന്നത്. നിങ്ങൾ മത്സരിയായ പിശാചിന്റെ കെണിയിൽ കുടുങ്ങുക ആണ് ചെയ്യുന്നത്. പൈശാചിക പ്രമാണത്തിൽ ഒരു വ്യക്തിക്കും ദൈവസഭയുടെ പണിയിൽ ഭാഗമാകുവാൻ കഴിയില്ല.

പലരും പല സഭകളും വിട്ടു പോകുന്നത് ദൈവവചനത്തോടോ, കർത്താവിനോടോ ഉള്ള സ്നേഹം കൊണ്ടല്ല. യഥാർത്ഥമായ ദൈവസഭയെക്കുറിച്ചുള്ള ഭാരത്താലുമല്ല. പകരം അവർക്കുണ്ടായ തിക്താനുഭവങ്ങൾ കൊണ്ടും, തിരുത്തലുകൾ, ശിക്ഷണങ്ങൾ എന്നിവ ഏറ്റെടുക്കാൻ കഴിയാത്തതു കൊണ്ടുള്ള മത്സരത്താലും വ്യക്തിവിരോധങ്ങൾ കൊണ്ടുമാണ്. അങ്ങനെയുള്ളവർ പിന്നീട് അവരുടെ ജീവിതത്തിൽ കർത്താവിനെ ഉയർത്തുന്നതിന് പകരം, തങ്ങൾ വിട്ടു പോന്ന സമൂഹത്തെ ഇകഴ്ത്തുവാൻ ആയിരിക്കും ശ്രമിക്കുന്നത്. കുറച്ചു നാൾ കഴിയുമ്പോൾ അവർക്കു ഇപ്പുറത്തുണ്ടാകുന്ന തിക്താനുഭവങ്ങൾ കൊണ്ടു മറുകണ്ടം ചാടുകയും, അതെ കാര്യം ആവർത്തിക്കുകയും ചെയ്യും. അങ്ങനെയുള്ളവർക്ക് ജീവിതത്തിൽ ഒരിക്കലും ദൈവീക അനുഗ്രഹം ഉണ്ടാകുകയില്ല.

എന്തിനോടെങ്കിലും, ആരോടെങ്കിലു ഉള്ള വിരോധവും വൈരാഗ്യവും എതിർപ്പും കൊണ്ട് നിങ്ങൾക്ക് ഒരിക്കലും യഥാർത്ഥ ദൈവസഭയുടെ പണിയുടെ ഭാഗമാകാൻ കഴിയുകയില്ല. നിങ്ങൾ പൈശാചിക പ്രവർത്തിക്ക് കൈകോർക്കുന്നവരും ജഡരക്തങ്ങളോട്

പോരാടുന്നവരും ആയിരിക്കും. ജഡരക്തങ്ങളോട് പോരാടിക്കൊണ്ടു നിങ്ങൾക്ക് ഒരിക്കലും പിശാചിന് എതിരെ പോരാടാൻ കഴിയില്ല. നിങ്ങൾ പിശാചിന്റെ ഭാഗമായി നിന്നു കൊണ്ട് പിശാചിന്റെ പണിയുടെ ഭാഗമായി തീരും.

അങ്ങനെ നിങ്ങൾ ചെയ്യുന്ന ഏതു പണിയും കല്ലിന്മേൽ മേൽ കല്ല് ശേഷിക്കാതെ വിധം നശിച്ചുപോകും, നിങ്ങളും ആത്മീകമായി നശിച്ചു പോകും. അതിലും എത്രയോ ഭേദം ആയിരിക്കും അപൂർണം എങ്കിലും നിങ്ങൾ ആയിരിക്കുന്ന പഴയ സഭകളിൽ തന്നെ, അപൂർണ്ണമായ നേതൃത്വത്തിനു കീഴിൽ തന്നെ തുടരുന്നത്.

പലപ്പോഴും അപൂർണ്ണമായ നേതൃത്വങ്ങൾക്ക് കീഴടങ്ങി ഇരിക്കുന്നതിൽ കൂടി ദൈവം നിങ്ങളെ നുറുക്കത്തിലൂടെ കടത്തിവിടുകായും യഥാർത്ഥ താഴ്മയും, കീഴടങ്ങലും പഠിപ്പിക്കുകയും നിങ്ങളുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുകയും ചെയ്യും. *യഥാർത്ഥ താഴ്മയും, കീഴടങ്ങലും ജീവിതത്തിൽ പഠിക്കാത്ത ഒരുവനെയും ദൈവം തന്റെ സഭയുടെ പണിക്കായി ഉപയോഗി ക്കുകയില്ല. അങ്ങനെയുള്ളവർ എത്ര നല്ല സഭകളിലായാലും ദൈവീക അനുഗ്രഹം പ്രാപിക്കുകയില്ല.*

=========================================

## സഭകൾ വിട്ടു പോകുന്നവരോട് ചില ഓർമ്മപ്പെടുത്തലുകൾ

=========================================

നിങ്ങൾ ഏതെങ്കിലും ഒരു സഭാ സമൂഹം ദൈവവചനം പ്രകാരം വിട്ടു പോവുകയാണെങ്കിൽ അതിനേക്കാൾ മെച്ചമായ, അതിനേക്കാൾ ദൈവവചനത്തിൽ ചേർന്നു നിൽക്കുന്ന, അതിനേക്കാൾ നിങ്ങളെ ആത്മീയമായി വളർത്തുന്ന ഒരു സഭയുടെ ഭാഗമാകുവാൻ ആണ് നിങ്ങൾ ശ്രമിക്കേണ്ടത്*.

അതല്ലാതെ നിങ്ങൾ വിട്ടുപോന്ന സഭകളെക്കാൾ മോശമായ സഭയുടെ ഭാഗമോ, ദൈവവചനവിരുദ്ധമായ ഏതെങ്കിലും കൾട്ട്കളുടെയോ ഭാഗമായിത്തീരാതെ ഇരിക്കുവാൻ സൂക്ഷിക്കുക. വറചട്ടിയിൽ നിന്നും എരിതീയിൽ വീഴുന്ന അനുഭവം ആകും അത് വഴി നിങ്ങൾക്കു ഉണ്ടാകുക.അങ്ങനെ ഒന്ന് നിങ്ങൾക്കു കണ്ടെത്താൻ കഴിയുന്നില്ല എങ്കിൽ നിങ്ങൾ ആയിരിക്കുന്ന ഇടതു തന്നെ തുടരുകയും ദൈവഹിതം അന്വേഷിക്കുകയും ചെയ്യുക

നിങ്ങൾ ദൈവഹിതപ്രകാരം ഒരു സഭ വിട്ടുപോകുകയാണ് എങ്കിൽ, അത് ലഘുവായ കാര്യമായി കാണരുത്. സഭ എന്നത് ഒരു കുടുംബം ആണ് ക്ലബ്ബോ, സോഷ്യൽ മീഡിയ ഗ്രൂപ്പോ അല്ല എന്നതു മനസിലാക്കുക.

*അതിനാൽ അതിനെ ഗൗരവമായി കാണുകയും നിങ്ങൾ സഭ വിട്ടു പോകുന്നതിന്റെ കാരണം സഭയിൽ പൊതുവായും, പ്രത്യേകിച്ച് ആ സഭയുടെ നേതൃത്വത്തിലുള്ളവരോടും വ്യക്തമായി പറയുകയും , നിരപ്പ് പ്രാപിക്കേണ്ടവരോട് നിരപ്പ് പ്രാപിക്കുകയും ചെയ്തതിനു ശേഷം മാത്രം സഭ വിട്ടു പോകുക*. അല്ലാത്ത വ്യക്തികൾ ദൈവസഭയെ തുച്ഛീകരിക്കുന്നവർ ആണ്.

നിങ്ങൾ അനുഗ്രഹം പ്രാപിക്കേണ്ടവർ ഒരു ആകയാൽ അനുഗ്രഹിക്കുവാൻ ദൈവം കൽപ്പിക്കുന്നു. അതിനാൽ ഏതു കാരണം കൊണ്ടും നിങ്ങൾ ആയിരുന്ന സഭ നിങ്ങൾ വിട്ടു പോവുകയാണെങ്കിൽ; ആ സഭയിൽ ഉള്ളവരെ അനുഗ്രഹിക്കുക. കഴിയുമെങ്കിൽ അവരുടെ അനുഗ്രഹം പ്രാപിക്കുക. സമാധാനത്തോടെ, സന്തോഷത്തോടെ ദൈവ സ്നേഹത്തിൽ പിരിയുക.

വ്യത്യസ്തമായ ഒരു പ്രവർത്തനം ദൈവം നിങ്ങളിൽ കൂടി തുടങ്ങിയാലും, നിങ്ങൾ കൂടുതൽ ദൈവവചനത്തോടു ചേർന്ന് നിൽക്കുന്ന ഒരു സഭയിൽ ചേർന്നാലും; അവരോടു സ്നേഹത്തിലും സമാധാനത്തിലും തുടരു

കയും ചെയ്യുക.എങ്കിൽ മാത്രമേ നിങ്ങളിൽ ദൈവീക അനുഗ്രഹം ഉണ്ടാകുകയുള്ളൂ.

====================================

## പരസ്പരം സഹകരിക്കാവുന്ന മേഖലകൾ, പൊതു വിഷയങ്ങൾ

====================================

നാം ചിന്തിച്ചത് പോലെ ഇന്നുള്ള പാമ്പര്യ ക്രിസ്തീയ സഭകളും, വേർപെട്ട നവീകരണ സഭകളും ആദിമ ക്രിസ്തീയ സഭയുടെ രീതികളോടും, ഉപദേശത്തോടും പല തലങ്ങളിൽ അകന്നതാണ്. ഇതിൽ ചിലതു തമ്മിലുള്ള താരതമ്യത്തിൽ കൂടുതൽ ദൈവവചനത്തോടു ചേർന്ന് നിൽക്കുന്നു എന്ന് മാത്രം.

എന്നാൽ ഉപദേശപരമായി ഈ വ്യത്യാസങ്ങൾ നില നിൽക്കുമ്പോഴും അടിസ്ഥാനപരമായി യോജിക്കാവുന്ന വിശ്വാസപ്രമാണങ്ങളും യോജിച്ചു പോകുവാൻ കഴിയുന്ന കാര്യങ്ങളും, പരസ്പരം സഹകരിച്ചു, ഒരുമിച്ചു നേരിടേണ്ട പൊതുവിഷയങ്ങളും വ്യത്യസ്ത സഭാ സമൂഹങ്ങൾ തമ്മിൽ ഉണ്ട്. അത് ചില സാഹചര്യങ്ങളിൽ വളരെ ആവശ്യവും ആണ്.

ഉപദേശപരമായ കാര്യങ്ങളിൽ നാം ഒത്തുതീർപ്പുകാർ ആകുവാൻ പാടില്ല. എന്നാൽ ക്രിസ്തീയതയെ ബാധിക്കുന്ന പൊതുവിഷയങ്ങളിൽ ഐക്യതയോടെ നിൽക്കുന്നതിനു ഉപദേശപരമായ ഐക്യത നിർബന്ധമില്ല.

അതിനാൽ നിങ്ങൾ ഏതു ക്രിസ്തീയ സഭാ സമൂഹത്തിന്റെ ഭാഗം ആണ് എങ്കിലും, ഏതു സഭാ സമൂഹത്തിൽ നിന്നും വേർപെട്ടു പുറത്തു വന്നവർ ആണ് എങ്കിലും, ദൈവ വചനത്തോടു ഒത്തുതീർപ്പു ഇല്ലാതെ സഹകരിക്കാവുന്ന മേഖലകളിൽ; ക്രൈസ്തവ സമൂഹത്തെ ആകമാനം ബാധിക്കുന്ന വിഷയങ്ങളിൽ,

ഒരുമിച്ചു നിൽക്കേണ്ട മേഖലകളിൽ , പിന്നീടും മറ്റുള്ള ഏതു സഭാ സ മൂഹത്തോടും സഹകരിക്കുക.

വ്യത്യസ്തമായ വീക്ഷണങ്ങളും, ഉപദേശങ്ങളും ഉള്ളപ്പോൾ തന്നെ ക്രൈസ്തവ സഭകൾ ഒരുമിച്ചു നിൽക്കേണ്ട അനേക വിഷയങ്ങൾ ഇന്ത്യയിൽ ഇന്നത്തെ സാഹചര്യത്തിൽ ഉണ്ട്. ക്രൈസ്തവ സഭകൾ തമ്മിൽ , മറ്റു മത സമൂഹങ്ങളുടെ മുൻപിൽ ചെളി വാരിയെറിഞ്ഞു കൊണ്ടിരിക്കുമ്പോൾ, പോരടിച്ചു കൊണ്ടിരിക്കുമ്പോൾ വിശ്വാസം നഷ്ടപ്പെട്ട ചെറുപ്പക്കാർ മറ്റു ചതിക്കുഴികളിൽ വീണു ക്രിസ്തീയ വിശ്വാസം തന്നെ ഉപേക്ഷിച്ചു മതം മാറി പോകുന്ന അവസ്ഥകൾ, കൾട്ട് ഗ്രൂപ്പുകളിൽ ചെന്ന്പെടുന്ന അവസ്ഥകൾ എന്നിവ നമ്മൾ കാണാതെ ഇരിക്കരുത്.

ദൈവവചന ബോധ്യങ്ങളിലെ വ്യത്യസ്തതകൾ കാരണം ഒരുമിച്ചു പ്രവർത്തിക്കുവാൻ കഴിയാത്ത അനേക കാര്യങ്ങൾ ക്രൈസ്തവ സഭകൾ തമ്മിൽ ഉള്ളപ്പോൾ തന്നെ, ശക്തമായ ഒരു പീഡനം ഉണ്ടായാൽ ഇല്ലാതാകുന്നതേയുള്ള ഇന്ന് ക്രൈസ്തവ സഭകൾ തമ്മിൽ വച്ചു പുലർത്തുന്ന പല അനൈക്യങ്ങളും എന്നതും ഓർക്കേണ്ട കാര്യമാണ്.

മതപീഡനം ശക്തമായ രാജ്യങ്ങളിലെല്ലാം ക്രൈസ്തവർ ഒറ്റക്കെട്ടാണ് എന്ന യാഥാർത്ഥ്യം നാം തിരിച്ചറിയേണ്ട യാഥാർത്ഥ്യമാണ്. അതിനാൽ നാം വിട്ടു പോന്ന സഭാ വിഭാഗങ്ങളെ വിമര്ശിക്കുന്നതിനേക്കാൾ, ക്രൂശിന്റെ സന്ദേശവും ദൈവമഹത്വവും നമ്മുടെ ജീവിതത്തിൽ കൂടിയും, നാം ആയിരിക്കുന്ന സഭയിൽ കൂടിയും ഉയർത്തുക എന്നതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം.

=========================================

# ഉപസംഹാരം

=========================================

ഒരു പുഴ അതിന്റെ ഉത്ഭവ സ്ഥാനത്തു നിന്നും ഒഴുകി തുടങ്ങി അനേക ദൂരം പിന്നിടുമ്പോഴേക്കും അതിന്റെ നൈർമ്മല്യത നഷ്ടപ്പെടുകയും,പല തരത്തിലുള്ള മാലിന്യങ്ങൾ അടിഞ്ഞ് ചേരുകയും ചെയ്യുന്നു.

അത് പോലെ രണ്ടായിരം വർഷങ്ങൾ പിന്നിടുമ്പോൾ ക്രൈസ്തവസഭയും, അതിന്റെ ആദിമ തനിമയിൽ നിന്നും നൈർമ്മല്യത്തിൽ നിന്നും ഒരുപാട് മാറിപ്പോയിരിക്കുന്നു. അനേക ദൈവവചന വിരുദ്ധ പാരമ്പര്യങ്ങളും, ഉപദേശങ്ങളും കൂടിക്കലർന്നിരിക്കുന്നു.

കഴിഞ്ഞ നൂറ്റാണ്ടുകളിൽ നടന്ന നവീകരണങ്ങൾ, ഭാഗികവും അപൂർണ്ണവും ആയിരുന്നു എന്ന് മാത്രമല്ല, അത്തരം നവീകരണ പ്രസ്ഥാനങ്ങളും കാലക്രമേണ അവർ വിട്ടു പോന്ന സഭകളെപ്പോലെയോ, അതിലധികമോ പാരമ്പര്യങ്ങൾക്കു അടിമപ്പെട്ടിരിക്കുന്നു.

പാരമ്പര്യ സഭകളോ, വേർപെട്ട സഭകളോ എന്ന വ്യത്യാസം ഇല്ലാതെ ക്രൂശിന്റെ ശക്തി നഷ്ടപ്പെട്ട, ഭക്തിയുടെ വേഷം മാത്രമുള്ള പ്രസ്ഥാനങ്ങളായി, പഴയ തുരുത്തികളായി ഇന്നുള്ള മിക്ക സഭാസമൂഹങ്ങളും മാറ്റപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

അതിനാൽ ഇന്ന് ക്രൈസ്തവസഭക്ക് ആവശ്യം വീണ്ടും ഒരു നവീകരണമല്ല, പകരം നഷ്ടപ്പെട്ടു പോയ പുതിയ വീഞ്ഞായ, പുതിയ ഉടമ്പടിയുടെ ക്രൂശിന്റെ സന്ദേശത്തിന്റെ പുനഃസ്ഥാപനമാണ്. (Not Just reformtion but a total restoration ).

എന്നാൽ ആ പുതിയ വീഞ്ഞിനെ, കർത്താവിന്റെ ജീവനെ വഹിക്കുവാൻ, അടുത്ത തലമുറയിലേക്കു കൈമാറുവാൻ പുതിയ തുരുത്തിയും ആവശ്യമാണ്.

അതിനാൽ പുതിയ ഉടമ്പടിയുടെ സന്ദേശത്തെ വഹിക്കുവാൻ കഴിയുന്ന,ക്രൂശു വഹിച്ചു,സ്വയജീവനെ വിട്ടുകളയുന്ന; ദൈവീക ജീവനിലും (Zoe) , ദൈവീക സ്നേഹത്തിലും(Agape),ദൈവീക കൂട്ടായ്മയിലും (Koinonia) പ്രവർത്തിച്ചിരുന്ന ആദിമസഭയുടെ മാതൃകയിലേക്കു, ഒരു പൂർവീകരണവും സഭക്ക് ആവശ്യമാണ്.

എന്നാൽ അത് ഇന്നുള്ള വ്യവസ്ഥാപിത പൗരോഹിത്വ, പെന്തെകൊസ്തു സംഘടനകളിൽ സാധ്യമാണോ? അല്ലെങ്കിൽ എന്താണ് മാർഗ്ഗം? അതിനുള്ള ഉത്തരമാണ് ഈ പുസ്തകത്തിൽ കൂടി പറയാൻ ശ്രമിച്ചിരിക്കുന്നത്.

ഈ പുസ്തകത്തിൽ, ആദ്യ അധ്യായത്തിൽ, ദൈവസഭയെക്കുറിച്ചുള്ള ദൈവീകപദ്ധതിയെക്കുറിച്ചും, ആദിമ ദൈവസഭയുടെ ഉത്ഭവത്തേക്കുറിച്ചും,ആദിമ സഭയുടെ സന്ദേശമായ ക്രൂശിന്റെ സന്ദേശത്തെക്കുറിച്ചും ഒരു കുടുംബമായി,ശരീരമായി,വിശുദ്ധമന്ദിരമായി,അപ്പമായി ചേർന്ന് പ്രവർത്തിച്ചിരുന്ന രീതിയെക്കുറിച്ചും വിവരിക്കുന്നു.

തുടർന്ന് ആദിമ സഭയുടെ കൂട്ടായ്മയെയും, ശുശ്രൂഷകളെയും, നേതൃത്വത്തെയും, ശിക്ഷണങ്ങളെയും അനുഷ്ഠാനങ്ങളെയും, സന്ദേശത്തെയും കുറിച്ചാണ് വിവരിക്കുന്നത്.

സഭക്ക് നഷ്ടപ്പെട്ടു പോയ ക്രൂശിന്റെ സന്ദേശത്തെ കുറിച്ചും,തൽഫലമായി നൂറ്റാണ്ടുകളിലൂടെ ഉണ്ടായ പിന്മാറ്റത്തെയും അനന്തര ഫലമായി സഭ, ശരീരം എന്ന നില യിൽ നിന്നും കേന്ദ്രീകൃതസംഘടന എന്ന നിലയിലേക്ക് വീണു പോയതിനെയും കുറിച്ചും പിന്നീട് വിശദീകരിക്കുന്നു.

തുടർന്ന് നവീകരണ പ്രസ്ഥാനങ്ങൾ മൂലമുണ്ടായ, ദൈവീക സത്യങ്ങളുടെ ഭാഗിക പുനഃസ്ഥാപനത്തെക്കുറിച്ചും, അതിന്റെ ഇങ്ങേതലക്കൽ നിൽക്കുന്ന സഭകളിൽ പ്രധാനമായ പെന്തെകൊസ്തു സഭകളുടെ ഇന്നത്തെ അവസ്ഥയെകുറിച്ചും താരതമ്യ പഠനം നടത്തുകയുണ്ടായി.

തുടർന്ന് യഥാർത്ഥ ദൈവസഭയെക്കുറിച്ചു ഭാരമുള്ളവർ, ക്രൂശിന്റെ ദർശനം ഉള്ളവർ  ദൈവവചനത്തോട് അനുസൃതമായ ഒരു പുതിയനിയമ സഭയുടെ ഭാഗമാകുവാൻ ആഗ്രഹിക്കുന്നവർ ഇന്നത്തെ സാഹചര്യങ്ങളിൽ എന്ത് ചെയ്യണം എന്നും പരിശോധിച്ചു.

അവസാനമായി  ദൈവവചനത്തോട് അനുസൃതമായ ഒരു പുതിയ നിയമസഭയുടെ ഭാഗമാകുവാൻ തങ്ങൾ ആയിരുന്ന സഭകൾ വിട്ടു പോകുന്നവർക്കു , പൂർവ്വ സഭകളോട് ഉണ്ടാകേണ്ട മനോഭാവവും,വ്യത്യസ്തമായ വീക്ഷണങ്ങളും, ഉപദേശങ്ങളും, ദൈവവചന ബോധ്യങ്ങളും ഉള്ള ക്രിസ്തീയ  സഭകൾ തമ്മിൽ ഉണ്ടാകേണ്ട ശരിയായ മനോഭാവം എന്താണ് എന്നും പരിശോധിച്ചു.

ദൈവത്തിന്റെ ഹൃദയത്തിലെ ആത്യന്തികലക്ഷ്യം എന്നത് ദൈവസഭ ആണ്. ആയതിനാൽ എല്ലാ പ്രദേശങ്ങളിലും കർത്താവിന്റെ ശരീരത്തിന്റെ ദ്രിശ്യ വെളിപാടായ, ക്രൂശിന്റെ സന്ദേശത്തെ ജീവിതത്തിലും , കൂടിവരവുകളിലും  ഉയർത്തുന്ന ദൈവവചന പ്രകാരമുള്ള പ്രാദേശിക സഭകൾ ഉണ്ടാകേണം എന്നത് ദൈവത്തിന്റെ അനാദിനിർണ്ണയം ആണ് എന്ന് ദൈവവചനം പറയുന്നു.

അങ്ങനെയുള്ള സഭ മുഖാന്തരം സ്വർഗ്ഗത്തിൽ വാഴ്ചകൾക്കും അധികാരങ്ങൾക്കും മുൻപിൽ ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം, വെളിപ്പെട്ടുവരും. ആ ദൈവസഭക്കു വാഴ്ചകൾക്കും അധികാരങ്ങൾക്കും എതിരെ പോരാടുവാനും അവരെ ജയിക്കുവാനും കഴിയും, കർ

ത്മാവ് പണിയുന്ന ആ സഭയെ ജയിക്കുവാൻ പാതാള ഗോപുരങ്ങൾക്കോ, എതിർക്രിസ്തുവിനോ കഴിയില്ല.

അതിനാൽ അത്തരം സഭകൾ ഉണ്ടാകുവാൻ, അത്തരം സഭകളുടെ പണിക്കായി ക്രൂശിന്റെ ദർശനമുള്ളവരെ, ദൈവീകഭാരമുള്ളവരെ, ക്രൂശിന്റെ സന്ദേശം ഉയർത്തുന്നവരെ, ദൈവശക്തിയിൽ ജീവിക്കുന്നവരെ, പാപത്തിനും, പരീശത്വത്തിനും, ദൈവവചനവിരുദ്ധ പാരമ്പര്യങ്ങൾക്കും എതിരെ നിൽക്കുന്നവരെ ദൈവം എഴുന്നേൽപ്പിക്കട്ടെ എന്ന് ആഗ്രഹിക്കുന്നു പ്രാർത്ഥിക്കുന്നു.

**ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് കേൾക്കുവാൻ ചെവിയുള്ളവൻ കേൾക്കട്ടെ!!!!! വെളിപ്പാട് 3 :22**

P.S ഈ വിഷയങ്ങളെ കുറിച്ചുള്ള കൂടുതൽ പഠനങ്ങൾ ലിങ്കിൽ ലഭ്യമാണ്

http://www.cakchurch.com/bible-study.php